# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃക്കാക്കര മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**എറണാകുളം-682030**

**ഇ-മെയിൽ: doekm.ksad@kerala.gov.in**

**ഫോൺ : 0484-2422271**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(എം.1)78/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 20/03/2024
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
തൃക്കാക്കര മുനിസിപ്പാലിറ്റി

സർ,

**വിഷയം : തൃക്കാക്കര മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കാക്കര മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി,തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, എറണാകുളം
കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(എം.1)78/2024 തീയ്യതി: 20/03/2024

## എറണാകുളം ജില്ലയിലെ തൃക്കാക്കര മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ തൃക്കാക്കര മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 60 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-01-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാംകുട്ടി ടി.എൽ. | ജോയിന്റ് ഡയറക്ടർ | 08-01-2024 | 20-01-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-01-2024 | 20-01-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.അജിമോൻ പി.പി. ഓഡിറ്റ് ഓഫീസർ

ശ്രീമതി. ശ്രീജ ഉണ്ണിക്കൃഷ്ണൻ. ഓഡിറ്റ് ഓഫീസർ

ശ്രീ.എസ്.എച്ച്.ഷർഫുദ്ദീൻ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.സന്തോഷ് കുമാർ എം. സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.നിജ്ജ സി.എസ്. സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.അലി എ. ഓഡിറ്റർ

ശ്രീ.ടിനു കെ.ജെ.ഓഡിറ്റർ

ശ്രീ.നബീൽ മുഹമ്മദ് അബ്ബാസ്. ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.അജിത തങ്കപ്പൻ | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |
| ശ്രീ.അനിൽകുമാർ ബി. | സെക്രട്ടറി | 01-04-2022 | 24-02-2023 |
| ശ്രീമതി.ശാലിനി സാം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-02-2023 | 07-03-2023 |
| ശ്രീ.ഹരിദാസൻ ടി.കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-03-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഹരിദാസൻ ടി.കെ. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സൌമ്യ വി.എസ്. | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.രേഖ എ.ഡി. | എസ്.സി.ഡി.ഒ. | 01-04-2022 | 23-08-2022 |
| ശ്രീമതി.സോളി വർക്കി | എസ്.സി.ഡി.ഒ. | 24-08-2022 | 31-03-2023 |
| ശ്രീമതി.പ്രീയ സി.ആർ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ദീപ കെ.കെ. | ഇന്റസ്ട്രിയൽ എക്സ്റ്റൻഷൻ ഒഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ഹരീഷ് ബാബു | മെഡിക്കൽ ഓഫീസർ -ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി.ലൂബിന പി.എ. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ധന്യ കെ.വി. | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.ആശമോൾ ടി.സി. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീമതി.വിനോദിനി കെ. | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ശ്യാമ ജെ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.രശ്മി പി. | വെറ്റിനറി സർജൻ | 01-04-2022 | 06-01-2023 |
| ഡോ.മീരബെൻ വക്കച്ചൻ | വെറ്റിനറി സർജൻ | 07-01-2023 | 31-03-2023 |
| ശ്രീ.സജികുമാർ എ.എം. | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.സിജു കെ. | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന മുൻകൂറുകൾ. | 1-1-1 |
| 3 | ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന നിക്ഷേപ പ്രവൃത്തികൾ | 1-1-2 |
| 4 | സ്ഥിര നിക്ഷേപങ്ങൾ | 1-1-3 |
| 5 | നിക്ഷേപങ്ങൾ | 1-1-4 |
| 6 | ബാങ്ക് അക്കൌണ്ടുകളുടെ റിക്കൺസിലിയേഷൻ | 1-1-5 |
| 7 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക മുൻകൂറായി അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയില്ല. | 1-1-6 |
| 8 | സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാനുള്ള തുക പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | പി.എം.എ.വൈ. ഗ്രാന്റ് തുക നീക്കിയിരുപ്പ് ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | ബാങ്ക് അക്കൗണ്ടുകൾ എ.എഫ്.എസിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-9 |
| 11 | വസ്തുനികുതി കണക്കുകൾ. | 1-1-10 |
| 12 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-11 |
| 13 | ധനകാര്യക്കമ്മീഷൻ ഗ്രാന്റ്- തെറ്റായ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി. | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | തനത് ഫണ്ട് സമാഹരണം - അവലോകനം | 1-11 |
| 24 | ഇലക്ഷൻ ഡെപ്പോസിറ്റ് - മുതൽക്കൂട്ടിയിട്ടില്ല. | 1-12 |
| 25 | IFTE&OS ലൈസൻസ് ഫീസ് - അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് | 1-13 |
| 26 | IFTE&OS ലൈസൻസ് - ഫയൽ സൂക്ഷിപ്പിലെ അപാകതകൾ | 1-13-1 |
| 27 | ലൈസൻസ് ഫീസ് – ഡിമാന്റ് നിശ്ചയിക്കുന്നതിന്റെ  അടിസ്ഥാനം വ്യക്തമല്ല. | 1-13-2 |
| 28 | വാർഷിക ധനകാര്യ പത്രികയിലെ ലൈസൻസ് ഫീസ് വിവരങ്ങൾ കൃത്യമല്ല. | 1-13-3 |
| 29 | രേഖകൾ ഹാജരാക്കിയില്ല. | 1-13-4 |
| 30 | നഗരസഭ പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ  പ്രവർത്തിക്കുന്നു. | 1-13-5 |
| 31 | ഐ.സി.ഡി.എസ്. സെൻട്രൽ ഫണ്ട് - നീക്കിയിരിപ്പ് വ്യക്തമല്ല. | 1-14 |
| 32 | ഇടപാടുകൾ ഇല്ലാത്ത ബാങ്ക് അക്കൌണ്ടുകൾ | 1-15 |
| 33 | നിലം ഭൂമി ഉൾപ്പെട്ട പ്ലോട്ടിൽ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു. | 1-16 |
| 34 | കെട്ടിട നിർമ്മാണ പെർമ്മിറ്റ് ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. | 1-17 |
| 35 | ഡാറ്റാ ബാങ്കിൽ നിലം ആയ ഭൂമിയിൽ റെസിഡെൻഷ്യൽ ഫ്ലാറ്റിന് കെട്ടിട നിർമ്മാണ പെർമിറ്റ് നൽകി. | 1-18 |
| 36 | കടമുറികളുടെ വാടക - അപാകതകൾ | 1-19 |
| 37 | തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് -അപാകതകൾ | 1-20 |
| 38 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ | 1-21 |
| 39 | ഡേബുക്ക് വരവ് – തുക ബാങ്കിൽ അടവാക്കിയതിൽ കുറവ് | 1-22 |
| 40 | തനത് ഫണ്ട്- അക്കൗണ്ടുകളുടെ പരിപാലനത്തിലെ അപാകതകൾ | 1-23 |
| 41 | ബാങ്ക് അക്കൗണ്ടുകളിലെ തുക ഫ്ലക്സി ഡെപ്പോസിറ്റായി മാറുന്നതിലെ അപാകതകൾ | 1-23-1 |
| 42 | കാർഡ് പേയ്മെന്റ് വിവരങ്ങൾ - വ്യക്തതയില്ലാതെ തുടരുന്നു. | 1-23-2 |
| 43 | സെൻട്രൽ പെൻഷൻ ഫണ്ട് - അലോട്ട്മെന്റ് ലഭിക്കുന്നില്ല. | 1-24 |

| | | |
|---|---|---|
| 44 | നഗരസഭാ ജീവനക്കാരുടെ സെൻട്രൽ പ്രൊവിഡന്റ് ഫണ്ട്- സൂക്ഷിക്കുന്നതിലെ അപാകത. | 1-25 |
| 45 | ഒറിജിനൽ രസീതുകൾ തിരികെ ലഭ്യമാക്കാതെ റവന്യൂ റീഫണ്ട് നൽകി | 1-26 |
| 46 | ദുരിതാശ്വാസ നിധി | 1-27 |
| 47 | സ്കൂൾ വാർഷികാഘോഷത്തിന് തനതുഫണ്ടിൽ നിന്നും ഹെഡ്മിസ്ട്രസിന് തുക അനുവദിച്ചത്-ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 1-28 |
| 48 | സെക്രട്ടറിയുടെ ക്വാട്ടേഴ്സ് -റെന്റ് റിക്കവറി തുക സെക്രട്ടറി തനത് ഫണ്ടിലേക്ക് അടവാക്കിയതിന്റെ വിവരം ലഭ്യമായില്ല | 1-29 |
| 49 | ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല- ചെലവ് തുക തടസപ്പെടുത്തുന്നു | 1-30 |
| 50 | ഇംപ്രസ്റ്റ് ഇനത്തിൽ തുക തനത് ഫണ്ടിൽ നിന്നും പിൻവലിച്ചു-ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 1-31 |
| 51 | ആവശ്യമായ എണ്ണം ജീവനക്കാരുടെ അഭാവത്തിൽ തൃക്കാക്കര നഗരസഭയിൽ നടത്തിയ താല്ക്കാലിക നിയമനങ്ങൾ | 1-32 |
| 52 | വയോമിത്രം വാർഷികാഘോഷവും ബോധവൽക്കരണ ക്ളാസും സംഘടിപ്പിച്ചത് | 1-33 |
| 53 | മൊബൈൽ സെയിൽസ് ആന്റ് സർവീസ് യൂണിറ്റ്– അധിക തുക നൽകി | 1-34 |
| 54 | ഫുഡ് പ്രോസസിങ്ങ് യൂണിറ്റ്–അനുവദനീയമായതിലും അധികം സബ്സിഡി നൽകി. | 1-35 |
| 55 | വനിത സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭം–അപാകതകൾ | 1-36 |
| 56 | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകൾ–അപാകതകൾ | 1-37 |
| 57 | ഐ.കെ.എം പ്രവർത്തനഫണ്ട് - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണം | 1-38 |
| 58 | ഡെപ്പോസിറ്റ് വർക്കുകൾ–വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-39 |
| 59 | നഗരസഭ ഓഫീസിലേക്ക് ലാപ്ടോപ്പ് വാങ്ങൽ–അപാകതകൾ | 1-40 |
| 60 | നൈപുണ്യ നഗരം-വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലനം-അപാകത | 1-41 |
| 61 | സ്വയം തൊഴിൽ വനിത സംരംഭങ്ങൾക്ക് ധനസഹായം - അപാകതകൾ. | 1-42 |
| 62 | ഭവനപുനരുദ്ധാരണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-43 |
| 63 | ബാലസഭയ്ക്ക് പ്രവർത്തനം മെച്ചപ്പെടുത്തൽ-അപാകതകൾ | 1-44 |
| 64 | ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം നൽകൽ–അപാകതകൾ | 1-45 |
| 65 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകിയതിലെ അപാകത | 1-46 |
| 66 | രേഖകളുടെ അഭാവത്തിൽ വിവാഹ ധനസഹായം നൽകി | 1-47 |
| 67 | അങ്കണവാടികൾക്ക് വാടക-അധിക തുക നൽകി | 1-48 |
| 68 | മാലിന്യനീക്കം- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 1-49 |
| 69 | പോർട്ടബിൾ സിസിടിവി ക്യാമറകൾ പ്രവർത്തനക്ഷമമക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-50 |
| 70 | ശുചീകരണപ്രവർത്തനങ്ങൾക്കുള്ള സാധനസമഗ്രികൾ ,ഉപകരണങ്ങൾ എന്നിവ വാങ്ങിയതിലെ അപാകതകൾ | 1-51 |
| 71 | വീട് വാസയോഗ്യമാക്കൽ(പട്ടിക ജാതി) പ്രൊജക്റ്റ്- ഗുണഭോക്താക്കൾ നാളിതുവരെയും പണി പൂർത്തീകരിച്ചിട്ടില്ല | 1-52 |
| 72 | പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പൊതുവായ വിലയിരുത്തൽ | 1-53 |
| 73 | മരാമത്ത് പ്രവൃത്തികൾ–എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല | 1-54 |
| 74 | മരാമത്ത് പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിച്ച് നൽകിയതിന് പിഴ ഈടാക്കിയില്ല | 1-55 |
| 75 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല | 1-56 |
| 76 | ഇ-ടെണ്ടർ ഫീസിനത്തിലെ തുക നഗരസഭയ്ക്ക് കൈമാറുന്നില്ല | 1-57 |
| 77 | മരാമത്ത് പ്രവൃത്തികളിൽ റോഡ് നിർമ്മാണത്തിന് ഇന്റർലോക്ക് കട്ടവിരിക്കുമ്പോൾ കട്ടയുടെ (Precast Concrete Paver Blocks) ഗുണമേന്മ ഉറപ്പ് വരുത്തേണ്ടതാണ് | 1-58 |
| 78 | മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-59 |
| 79 | മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും GSTഉൾപ്പടെയുള്ള കാലിബാരലുകളുടെ തുക കുറവ് ചെയ്തത് GST വകുപ്പിലേക്ക് ഒടുക്കിയിട്ടില്ല | 1-60 |
| 80 | 2.23 കോടി രൂപയുടെ നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. | 1-61 |
| 81 | മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ തുടരുന്നു. | 1-62 |
| | **ഭാഗം 2** | |
| 1 | തുക ബാങ്കിൽ അടവാക്കിയതിൽ കുറവ് - വരവ് നഷ്ടം | 2-1 |

| | | |
|---|---|---|
| ഭാഗം **3** | | |
| 1 | മൊബൈൽ സെയിൽസ് ആന്റ് സർവീസ് യൂണിറ്റ്– അധിക തുക നൽകി | 3-1 |
| 2 | ഫുഡ് പ്രോസസിങ്ങ് യൂണിറ്റ്–അനുവദനീയമായതിലും അധികം സബ്സിഡി നൽകി. | 3-2 |
| 3 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില മുഴുവനും കുറവു ചെയ്തില്ല- നഷ്ടം ₹13769 | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാടക അടവ് വിവരങ്ങൾ ലഭ്യമാകാത്ത കെട്ടിടങ്ങളുടെ വിവരങ്ങൾ | |
| 4 | തൊഴിൽ നികുതി ഒടുക്കിയതിൽ കുറവു വന്നതിന്റെ വിശദവിവരം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. **തൃക്കാക്കര** മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31 – ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാദ്ധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ **24.07.2023** ലെ **1-ാം** നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് **26.07.2023** തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൌണ്ട്സ്) ചട്ടങ്ങൾ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.
2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.
3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **തൃക്കാക്കര** മുനിസിപ്പാലിറ്റിയുടെ **2022-23** വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം

തീയതി:20/03/2024

**ജോയിന്റ് ഡയറക്ടർ**

### 1-1-1 ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന മുൻകൂറുകൾ.

| കോഡ് | ശീർഷകം | ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|
| 460100500 | StandingAdvance | ₹1,10,000 |
| 460100700 | MiscellaneousAdvance | ₹1,11,58,142 |
| 460400201 | Advance To Contractors | ₹13,50,000 |

ബി.18 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പ് തുകകൾ സംബന്ധിച്ച ശീർഷകം തിരിച്ചുള്ള വിശദവിവരം ലഭ്യമല്ല.

### 1-1-2 ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന നിക്ഷേപ പ്രവൃത്തികൾ

| കോഡ് | ശീർഷകം | ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|
| 460600100 | ElectricityDeposits | ₹22,49,737 |
| 460600300 | Water Deposits | ₹2,20,86,862 |

ബി.18 ഷെഡ്യൂൾ പ്രകാരം ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ്, വാട്ടർ ഡെപ്പോസിറ്റ് എന്നീയിനങ്ങളിൽ ക്രമീകരിക്കുവാൻ ബാക്കിനിൽക്കുന്ന തുകയുടെ വിശദവിവരം ലഭ്യമല്ല.

### 1-1-3 സ്ഥിര നിക്ഷേപങ്ങൾ

ബി.12 ഷെഡ്യൂൾ പ്രകാരം സ്ഥിരനിക്ഷേപം ഇനത്തിലുള്ള നീക്കിയിപ്പം (₹9,19,26,181) ലഭ്യമാക്കിയ സ്ഥിനിക്ഷേപ സർട്ടിഫിക്കറ്റുകളുടെ ആകെ നീക്കിയിരിപ്പും (₹9,19,00,005 ) തമ്മിൽ ₹26,176 ന്റെ വ്യത്യാസം ഉണ്ട്.വ്യത്യാസം വന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

**1-1-4 നിക്ഷേപങ്ങൾ**

| കോഡ് | ശീർഷകം | തുക |
|---|---|---|
| 340100105 | Supplier's EMD | ₹14,807 |
| 340100201 | Contractor's SD | ₹40,000 |
| 340100205 | Supplier's SD | ₹7,855 |
| 340100301 | Contractor's Retension | ₹80,28,411.79 |
| 340100302 | Contractor's Retension | ₹61,975 |
| 340100305 | Supplier's Retension | ₹1,43,529 |
| 340109900 | Other Deposits | ₹1,89,656 |
| 340200100 | Rent Deposit | ₹42,41,799 |
| 340200200 | Auction Deposit | ₹1,55,82,333 |
| 340200600 | Election Deposit | ₹1,78,000 |
| 340800100 | Deposit From Others | ₹56,26,219 |
| **ആകെ** | | **₹,341,14,564.79** |

ബി.7 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ നഗരസഭയ്ക്ക് ബാദ്ധ്യതയുള്ള ഇനങ്ങളുടെ വിശദ വിവരം ലഭ്യമല്ല.

**1-1-5 ബാങ്ക് അക്കൌണ്ടുകളുടെ റിക്കൺസിലിയേഷൻ**

നഗരസഭയുടെ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ ക്രമപ്രകാരം നടത്തിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| അക്കൗണ്ട് | നീക്കിയിരുപ്പ് | | പരാമർശം |
|---|---|---|---|
| | എ.എഫ്.എസ് | ബാങ്ക് സ്റ്റേറ്റ്മെന്റ് | |
| UBI 385402010001061 Flexi Plus Saving | ₹82,18,523.06 | ₹10,60,885.39 | ബാങ്ക് ബുക്ക് നീക്കിയിരിപ്പിനോട് ₹ 101386544.68 (പണമാക്കാത്ത ചെക്കുകൾ ₹4798575 + ബാങ്ക് നേരിട്ട് ക്രെഡിറ്റ് ചെയ്തത് ₹ 96587969.68) കൂട്ടിയും ₹109371993.70 ( കളക്ഷൻ വരാത്ത ചെക്ക് തുക ₹4117596 + ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്തത് ₹105254397.70) കുറച്ചും റിക്കൺസിലിയേഷൻ നടത്തിയിട്ടുണ്ടെങ്കിലും പാസ്ബുക്ക് നീക്കിയിരുപ്പുമായി പൊരുത്തപ്പെട്ടിട്ടില്ല. |
| SIB 7511 (Profession Tax E Payment) | ₹20,19,81,926 | ₹22,89,42,165.28 | ബാങ്ക് ബുക്ക് നീക്കിയിരിപ്പിനോട് ₹ 9174717.78 (പണമാക്കാത്ത ചെക്കുകൾ ₹5120139 + ബാങ്ക് നേരിട്ട് ക്രെഡിറ്റ് ചെയ്തത് ₹ 4054578.78) കൂട്ടിയും ₹10997837.5 ( കളക്ഷൻ വരാത്ത ചെക്ക് തുക ₹9921263 + ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്തത് ₹1076574.5) കുറച്ചും റിക്കൺസിലിയേഷൻ നടത്തിയിട്ടുണ്ടെങ്കിലും പാസ്ബുക്ക് നീക്കിയിരുപ്പുമായി പൊരുത്തപ്പെട്ടിട്ടില്ല. |
| HDFC Card Payment 50100312229542 | ₹2,83,85,449 | ₹2,75,96,623.35 | ബാങ്ക് ബുക്ക് നീക്കിയിരിപ്പിനോട് ₹2210.35 (ബാങ്ക് നേരിട്ട് ക്രെഡിറ്റ് ചെയ്തത് ) കൂട്ടിയും ₹851965 ( കളക്ഷൻ വരാത്ത ചെക്ക് തുക ) കുറച്ചും റിക്കൺസിലിയേഷൻ നടത്തിയിട്ടുണ്ടെങ്കിലും പാസ്ബുക്ക് നീക്കിയിരുപ്പുമായി പൊരുത്തപ്പെട്ടിട്ടില്ല. |
| HDFC CFC Grant 50100271472943 | ₹54,44,686 | ₹90,95,631 | ബാങ്ക് ബുക്ക് നീക്കിയിരിപ്പിനോട് ₹3756813 (പണമാക്കാത്ത ചെക്കുകൾ ) കൂട്ടി റിക്കൺസിലിയേഷൻ നടത്തിയിട്ടുണ്ടെങ്കിലും പാസ്ബുക്ക് നീക്കിയിരുപ്പുമായി പൊരുത്തപ്പെട്ടിട്ടില്ല. |
| LGTSB Own Fund 79901300000127 | ₹5,42,50,172 | 0.00 | 31.3.2023 ൽ ഈ അക്കൗണ്ടിൽ നിന്നും ₹5,44,63,114 റിസംപ്ഷൻ നടത്തിയതിനാൽ അക്കൌണ്ടിൽ നീക്കിയിരിപ്പൊന്നും തന്നെ ഇല്ല. എന്നാൽ എ.എഫ്.എസിൽ നീക്കിയിരിപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്. |
| PF Allotment A/c | ₹6,284 | ബാങ്ക് പാസ്ബുക്ക് ലഭ്യമല്ല | റിക്കൺസിലിയേഷൻ സ്റ്റേറ്റ് ലഭ്യമാക്കിയിട്ടില്ല |
| Union Bank A/c No. 60184 (Onam) | ₹11,119 | ബാങ്ക് പാസ്ബുക്ക് ലഭ്യമല്ല | റിക്കൺസിലിയേഷൻ സ്റ്റേറ്റ് ലഭ്യമാക്കിയിട്ടില്ല |
| Union Bank A/c No. 385402010050907 Chairmen Distress | ₹1,78,369 | ബാങ്ക് പാസ്ബുക്ക് ലഭ്യമല്ല | റിക്കൺസിലിയേഷൻ സ്റ്റേറ്റ് ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| SIB A/c No.7379 Property Tax | ₹8,06,75,531 | ബാങ്ക് പാസ്ബുക്ക് ലഭ്യമല്ല | റിക്കൺസിലിയേഷൻ സ്റ്റേറ്റ് ലഭ്യമാക്കിയിട്ടില്ല |
| UBI 128621010000029 (Onan New 2022) | ₹5 | ബാങ്ക് പാസ്ബുക്ക് ലഭ്യമല്ല | റിക്കൺസിലിയേഷൻ സ്റ്റേറ്റ് ലഭ്യമാക്കിയിട്ടില്ല |
| HDFC A/c 50200022497540 Pensioin | ₹17,88,802 | ബാങ്ക് പാസ്ബുക്ക് ലഭ്യമല്ല | റിക്കൺസിലിയേഷൻ സ്റ്റേറ്റ് ലഭ്യമാക്കിയിട്ടില്ല |
| Tresury Covid A/c 799011400006361 | ₹2,170 | ബാങ്ക് പാസ്ബുക്ക് ലഭ്യമല്ല | റിക്കൺസിലിയേഷൻ സ്റ്റേറ്റ് ലഭ്യമാക്കിയിട്ടില്ല |
| UBI 385402010056462 PMAY | ₹70,07,332 | ബാങ്ക് പാസ്ബുക്ക് ലഭ്യമല്ല | റിക്കൺസിലിയേഷൻ സ്റ്റേറ്റ് ലഭ്യമാക്കിയിട്ടില്ല |
| UBI 385402010055709 Suchitwa Mission | ₹11,50,906 | ബാങ്ക് പാസ്ബുക്ക് ലഭ്യമല്ല | റിക്കൺസിലിയേഷൻ സ്റ്റേറ്റ് ലഭ്യമാക്കിയിട്ടില്ല |
| UBI 3854020100551 NULM | ₹9,320 | ബാങ്ക് പാസ്ബുക്ക് ലഭ്യമല്ല | റിക്കൺസിലിയേഷൻ സ്റ്റേറ്റ് ലഭ്യമാക്കിയിട്ടില്ല |
| HDFC A/c 50200029263250 | ₹98,260 | ബാങ്ക് പാസ്ബുക്ക് ലഭ്യമല്ല | റിക്കൺസിലിയേഷൻ സ്റ്റേറ്റ് ലഭ്യമാക്കിയിട്ടില്ല |

**1-1-6 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക മുൻകൂറായി അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയില്ല.**

ഓഡിറ്റ് വർഷം കെ.എസ്.ഇ.ബി.യിലും ജല അതോറിറ്റിയിലും നിക്ഷേപിച്ച യഥാക്രമം ₹27,84,455, ₹50,00,000 ചെലവുതുകകൾ RP.41 ഷെഡ്യൂളിൽ മുൻകൂറായി ഉൾപ്പെടുത്തിയിട്ടില്ല.

**1-1-7 സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാനുള്ള തുക പൊരുത്തപ്പെടുന്നില്ല.**

ഓഡിറ്റ് വർഷം തനത് ഫണ്ടിൽ പെൻഷനും മറ്റ് ആനുകൂല്യങ്ങളും ഇനത്തിൽ ആകെ ₹1,00,85,675 ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തൻവർഷം സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കേണ്ട തുകയായി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള തുക ₹1,31,37,242 (ബി.15 ഷെഡ്യൂൾ, കോഡ് 431409901) ആണ്. ₹30,51,567 ന്റെ വ്യത്യാസം ഉണ്ട്.

**1-1-8 പി.എം.എ.വൈ. ഗ്രാന്റ് തുക നീക്കിയിരുപ്പ് ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല.**

ബി.4 ഷെഡ്യൂൾ പ്രകാരം പി.എം.എ.വൈ. ഗ്രാന്റ് ഇനത്തിൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന തുക ₹69,98,143 ആണ്. എന്നാൽ ബി.17 ഷെഡ്യൂൾ പ്രകാരം പി.എം.എ.വൈ. ബാങ്ക് അക്കൗണ്ടിലെ (യൂണിയൻ ബാങ്ക് 385402010056462) നീക്കിയിരുപ്പ് തുക ₹70,07,332 ആണ്.

**1-1-9 ബാങ്ക് അക്കൗണ്ടുകൾ എ.എഫ്.എസിൽ ഉൾപ്പെടുത്തിയിട്ടില്ല.**

ഐ.സി.ഡി.എസ്. ന്റെ ഭാഗമായി നഗരസഭയ്ക്കുള്ള സെൻട്രൽ ഫണ്ട് ചൈൽഡ് ഡെവലപ്മെന്റ് പ്രോഗ്രാം ഓഫീസർ നഗരസഭയുടെ രണ്ട് അക്കൗണ്ടുകളിലേക്ക് ട്രാൻഫർ ചെയ്തു നൽകുന്നുണ്ട്. എന്നാൽ ഈ അക്കൗണ്ടുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു.

| ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | അധിക വിവരം |
|---|---|---|
| യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | 385402010001061 | നിലവിൽ ഉണ്ടായിരുന്ന അക്കൗണ്ട്. |
| കാനറ ബാങ്ക്, കാക്കനാട് | 110104504523 | 22.02.2023 ൽ സെക്രട്ടറിയുടെ പേരിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ട് ആണിത്. 21.3.2023 ൽ പി.എഫ്.എം.എസ്. വഴി ₹1748119 |

**1-1-10 വസ്തുനികുതി കണക്കുകൾ.**

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതിനാൽ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിക്കുന്നില്ല.

**1-1-11 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.**

കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007, ചട്ടം 58(ഇ), 58(എഫ്) എന്നിവ പ്രകാരമുള്ള കുറിപ്പുകളും അടിസ്ഥാന അനുപാതങ്ങളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-12 ധനകാര്യക്കമ്മീഷൻ ഗ്രാന്റ്- തെറ്റായ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി.**

നഗരസഭയ്ക്ക് ഓഡിറ്റ് വർഷത്തിൽ താഴെ ചേർക്കും പ്രകാരം കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭിച്ചിട്ടുണ്ട്.

| ഇനം | ഉത്തരവ് നമ്പർ | തുക |
|---|---|---|
| ബേസിക് ഗ്രാന്റ് - അൺടൈഡ് | GO(Rt)765/2023/Fin/1.2.23 | ₹81,83,000 |
| ടൈഡ് ഗ്രാന്റ് | GO(Rt)938/2023/Fin/8.2.23 | ₹1,22,74,500 |

വാർഷിക ധനകാര്യ പത്രികയിൽ ഈ തുകകൾ തെറ്റായ ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ഈ ഗ്രാന്റ് സംബന്ധിച്ച ആകെ കണക്കുകളിൽ തെറ്റ് സംഭവിച്ചിട്ടുണ്ട്.

| ഷെഡ്യൂൾ | കോഡ് | ശീർഷകം | അക്കൗണ്ട് ചെയ്ത തുക | അക്കൗണ്ട് ചെയ്യേണ്ടിയിരുന്ന തുക |
|---|---|---|---|---|
| RP 24 | 320200111 | Development Fund CFC - Tied | ₹81,83,000 | ₹1,22,74,500 |
| | 32020012 | Development Fund CFC - Untied | ₹1,22,74,500 | ₹81,83,000 |

**1-2 ബജറ്റ്**

നഗരസഭയുടെ 2022-23 വർഷത്തേക്കുള്ള കരട് ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 19.03.2022 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് കൗൺസിലിന് സമർപ്പിച്ചിട്ടുണ്ട്. ആയത് 25.03.2022 ലെ 1-ാം നമ്പർ തീരുമാനപ്രകാരം നഗരസഭ അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്.

| | |
|---|---|
| മുന്നിരുപ്പ് | ₹17,18,67,669 |
| വരവ് | ₹126,99,04,000 |
| ആകെ | ₹144,17,71,669 |
| ചെലവ് | ₹134,03,44,000 |
| നീക്കിയിരുപ്പ് | ₹10,14,27,669 |

കേരള മുനിസിപ്പാലിറ്റി ആക്ട് 1994, സെക്ഷൻ 293 പ്രകാരം മുനിസിപ്പാലിറ്റികളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ഫോറത്തിലും രീതിയിലും തയ്യാറാക്കുന്നതിനും ആയതിന് മാറ്റങ്ങളില്ലാതെയോ മാറ്റങ്ങളോടുകൂടിയോ കൗൺസിൽ അംഗീകാരം നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മുനിസിപ്പാലിറ്റികൾക്ക് വേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

**1-3 സാമ്പത്തിക വിശകലനം**

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹33,50,83,966.81 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹56,92,51,882.00 |
| ആകെ | : | ₹90,43,35,848.81 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹51,48,92,409.00 |
| നീക്കിയിരുപ്പ് | : | ₹38,94,43,439.81 |

ഓഡിറ്റ് വർഷത്തെ ആകെ വരവുചെലവുകൾ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവു ചെലവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | നീക്കിയിരുപ്പ് തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | ₹6,15,23,805 | ₹6,15,23,805 | ₹4,32,79,540 | ₹1,82,44,265 | - |
| വികസന ഫണ്ട് (എസ്.സി.പി) | - | ₹2,93,79,195 | ₹2,93,79,195 | ₹2,37,06,143 | ₹56,73,052 | - |
| വികസന ഫണ്ട് (ടി.എസ്.പി) | - | ₹1,27,000 | ₹1,27,000 | ₹2,000 | ₹1,25,000 | - |
| സംരക്ഷണഗ്രാന്റ് (റോഡ്) | - | ₹3,06,87,000 | ₹3,06,87,000 | ₹2,22,85,252 | ₹84,01,748 | - |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | - | ₹2,35,85,000 | ₹2,35,85,000 | ₹1,88,13,897 | ₹47,71,103 | - |

| | | | | | | |
|---|---|---|---|---|---|---|
| ശുചിത്വ മിഷൻ ഫണ്ട് 320802000 | ₹10,89,435 | ₹61,471 | ₹11,50,906 | 0 | - | ₹11,50,906 |
| പി.എം. എ.വൈ. 320100100 | ₹16,07,856 | ₹55,98,723 | ₹72,06,579 | ₹2,08,436 | - | ₹69,98,143 |

*കുറിപ്പ്:* വികസന ഫണ്ട് ജനറൽ വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹25,84,200ഉൾപ്പെടുന്നുണ്ട്.

ധനകാര്യക്കമ്മീഷൻ ഗ്രാന്റ്:

2022-2023 വർഷത്തിൽ ഈയിനത്തിൽ നഗരസഭയ്ക്ക് ലഭ്യമായിട്ടുള്ള ഗ്രാന്റുകൾ തെറ്റായിട്ടാണ് അക്കൗണ്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ബേസിക്ഗ്രാന്റ്- (അൺടൈഡ്) ഇനത്തിൽ ലഭിച്ച ₹81,83,000 (GO(Rt)765/2023 /Fin/1.2.23) ടൈഡ് ഗ്രാന്റ് ആയും (കോഡ് 320200111) ടൈഡ് ഗ്രാന്റിനത്തിൽ ലഭിച്ച ₹1,22,74,500 (GO(Rt)938/2023/Fin/8.2.23) അൺടൈഡ് ഗ്രാന്റായും (കോഡ് 32020012) ആണ് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ബാങ്ക് അക്കൗണ്ടിലെ മുന്നിരുപ്പ് തുകയിലും വ്യത്യാസം ഉണ്ട്. ആയതിനാൽ എ.എഫ്.എസ്. കണക്കുകളും സുലേഖ സ്റ്റേറ്റ്മെന്റ് / എ.സി.ആർ. കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. യഥാർത്ഥ ഗ്രാന്റ് വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. വാർഷിക കണക്കുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | നീക്കിയിരുപ്പ് തുക |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് (Basic Grant) Bank | ₹43,16,851 | ₹81,83,000 + Int.4,52,166 ₹86,35,166 | ₹1,29,52,017 | ₹1,24,74,818 | - | ₹4,77,199 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Basic Grant) Treasury | - | ₹33,00,153 | ₹33,00,153 | 0 | ₹33,00,153 | - |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) Bank | ₹76,77,140 | ₹1,22,74,500 | ₹1,99,51,640 | ₹1,48,18,999 | - | ₹51,32,641 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) Treasury | - | ₹2,10,85,102 | ₹2,10,85,102 | ₹81,54,090 | ₹1,29,31,012 | - |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത്. എണ്ണം | ഭാഗികമായി നടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ. എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 415 | ₹60,10,24,749 | ₹17,40,96,502 | 144 | 255 | 16 | 34.7% |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| ₹1,85,795 | ₹1,00,12,086 | ₹1,01,97,881 | ₹1,01,05,412 | ₹92,469 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | ₹23,36,400 | 1804 |
| വിധവാപെൻഷൻ | ₹2,27,94,900 | 16841 |
| വാർദ്ധക്യകാല പെൻഷൻ | ₹4,95,19,800 | 37650 |
| വികലാംഗപെൻഷൻ | ₹57,85,600 | 4269 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹5,45,600 | 399 |
| മിശ്രവിവാഹിതർക്കുള്ള ധനസഹായം | ₹1,20,000 | 4 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.01.2024ന് ഉച്ചയ്ക്ക് 3.45 ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹29,863 ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

**റവന്യൂ പിരിവ്-കാര്യക്ഷമമല്ല.**

വാർഷിക ധനകാര്യ പത്രികയിലെ ബി.15 ഷെഡ്യൂൾ പ്രകാരം വിവിധ റവന്യൂ വരുമാന ഇനങ്ങളിലായി 1.9 കോടി രൂപ കുടിശ്ശികയുണ്ട്. 2022-23 വർഷത്തിൽ വസ്തുനികുതി പിരിക്കുന്നതിന് ഫീൽഡ് കളക്ഷൻ സ്റ്റാഫിന്റെ സേവനം ഉപയോഗപ്പെടുത്തിയിട്ടില്ല. റവന്യൂ പിരിവിനായി ബിൽ കളക്ടർമാരെ ചുമതലപ്പെടുത്തി ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുള്ളതായോ നിശ്ചിത് ഇടവേളകളിൽ റവന്യൂ പിരിവിന്റെ പ്രോഗ്രസ് അധികാരികൾ വിലയിരുത്തിയിരുത്തി ഉടർ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതായോ കാണുന്നില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 22 (D)(1) പ്രകാരം നഗരസഭയ്ക്ക് ലഭിക്കേണ്ട നികുതി, ഫീസുകൾ, വാടക, മറ്റ് വരവുകൾ എന്നിവയുടെ പിരിവ് ശ്രദ്ധാപൂർവ്വം നിരീക്ഷിക്കുന്നതിനും 22 (D)(4) പ്രകാരം വരവിനങ്ങൾ സംബന്ധിച്ച ഡിമാന്റ് കളക്ഷൻ ബാലൻസ് പ്രതിമാസം പരിശോധിക്കുന്നതിനും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിക്ക് ചുമതലയുണ്ട്. ഇപ്രകാരം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയിൽ വരവിനങ്ങളുടെ പിരിവിന്റെ കാര്യക്ഷമത സൂക്ഷ്മമായി യഥാകാലം നിരീക്ഷിച്ചിട്ടുള്ളതായി സ്റ്റാന്റിങ്ങ് കമ്മിറ്റി മിനട്ട്സ് പരിശോധിച്ചതിൽ കാണുന്നില്ല. റവന്യൂ പിരിവ് സംബന്ധിച്ചുള്ള അഭ്യന്തര നിയന്ത്രണ ഉപാധികൾ കൃത്യമായി നടപ്പിലാക്കി റവന്യൂ പൂർണ്ണമായും പിരിച്ചെടുക്കേണ്ടതാണ്.

**തൊഴിൽ നികുതി - രേഖകളുടെ സൂക്ഷിപ്പ്**

നഗരസഭയുടെ പ്രധാന റവന്യൂവരുമാന സ്രോതസ്സുകളിലൊന്നാണ് തൊഴിൽ നികുതി. തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രേഖകളൊന്നും തന്നെ കൃത്യതയോടെ സൂക്ഷിക്കുന്നില്ല. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ജീവനക്കാരുടെ വരുമാന സ്റ്റേറ്റ്മെന്റുകളിൽ ക്ലർക്ക് തലത്തിലോ സൂപ്പർവൈസറി തലത്തിലോ ഭരണതലത്തിലോ സൂക്ഷ്മപരിശോധനകൾ നടത്തപ്പെടുന്നില്ല. പല സ്റ്റേറ്റ്മെന്റിലും ജീവനക്കാരുടെ പ്രതിമാസ വരുമാനമോ ആറുമാസത്തെ ആകെ വരുമാനമോ രേഖപ്പെടുത്താതെ സമർപ്പിക്കപ്പെട്ടവയാണ്. ഇത് ലഭിക്കേണ്ട വരുമാനം തന്നെയാണോ ലഭിച്ചിരിക്കുന്നത് എന്ന് ഉറപ്പാക്കാൻ പറ്റാത്ത സാഹചര്യം സൃഷ്ടിക്കുന്നുണ്ട്. നഗരസഭയിൽ തൊഴിൽ നികുതി അടക്കേണ്ടുന്ന എത്ര സ്ഥാപനങ്ങൾ ഉണ്ടെന്ന് പോലും ഉറപ്പാക്കാൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളത്. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ നടപടി ക്രമങ്ങൾ പാലിക്കുന്നെണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

**പദ്ധതി മോണിറ്ററിങ്ങ് സംവിധാനം കാര്യക്ഷമമല്ല**

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മേണിറ്ററിങ്ങ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ ഒന്നിലും തന്നെ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. മരാമത്ത് വേലകളുടെ ഫയലുകളിൽ മോണിറ്ററിങ്ങ് റിപ്പോർട്ട് എഴുതി വച്ചിട്ടുണ്ടെങ്കിലും സമിതിയുടെ ചെയർമാൻ, കൺവീനർ, മറ്റ് അംഗങ്ങൾ എന്നിവർ ഒപ്പുവച്ചിട്ടില്ല. പ്രോജക്ട് നിർവ്വഹണത്തിന്റെ വിജയം ശക്തവും കാര്യക്ഷമവുമായ മോണിറ്ററിങ്ങിനെ ആശ്രയിച്ചാണിരിക്കുന്നത്. ആയതിനാൽ മോണിറ്ററിങ്ങ് സമിതികൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി നഗരസഭാ കൌൺസിലിൽ അവതരിപ്പിക്കേണ്ടതാണ്.

**ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ.**

തൃക്കാക്കര നഗരസഭയുടെ 1978-79 മുതൽക്കുള്ള വിവിധ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. നഗരസഭയ്ക്ക് ലഭിക്കുന്ന വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടപ്രകാരമുള്ള തുടർനടപടികൾ യഥാസമയം തന്നെ സ്വീകരിക്കപ്പെടാത്തതാണ് ഇത്രയധികം ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 21 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ടുമാസത്തിനകം, റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പരാമർശങ്ങളിന്മേലുള്ള തിരുത്തൽ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതും റിപ്പോർട്ട് ഓഡിറ്റർക്ക് നൽകേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള അഭ്യന്തര നിയന്ത്രണ ഉപാധികളായ ഈ ചട്ടം നഗരസഭ പാലിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ മരാമത്ത് പ്രവൃത്തികൾ നടത്തുന്നു.**

കേരള മുനിസിപ്പാലിറ്റി നിയമം 1994, വകുപ്പ് 51 (2) പ്രകാരം നഗരസഭ ഓരോ വർഷവും അടുത്ത വർഷത്തേക്കുള്ള വികസന പദ്ധതികൾ, വാർഡ് കമ്മറ്റികളോ വാർഡ് സഭകളോ സമർപ്പിച്ച വികസനപദ്ധതികൾ

പരിഗണിച്ചുകൊണ്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. ഇപ്രകാരം നഗരസഭ 2022-23 വർഷം അംഗീകാരം നേടിയ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ ധാരാളം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുകയും തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തികൾ നിയമവ്യവസ്ഥകൾ പാലിച്ചുകൊണ്ടു മാത്രം ഏറ്റെടുക്കേണ്ടതും ആയതിലേക്കായി തുക വിനിയോഗിക്കേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.02.2016 മുതൽ 04.03.2016 വരെ | 2014-15, 2015-16 (ആദ്യ അർദ്ധ വർഷം) | ലഭിച്ചിട്ടില്ല |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.10.2022 മുതൽ 08.11.2022 വരെ | 2019-20, 2020-21, 2021-22 | 24.11.2022 |

## 1-11 തനത് ഫണ്ട് സമാഹരണം - അവലോകനം

എറണാകുളം ജില്ലയിലെ തൃക്കാക്കര നഗരസഭയിൽ 43 വാർഡുകൾ ഉണ്ട്. 2010-ൽ ഗ്രാമ പഞ്ചായത്തായിരുന്ന തൃക്കാക്കരയെ നഗരസഭയായി ഉയർത്തി. വടക്ക് എടത്തല പഞ്ചായത്തും കളമശ്ശേരി നഗരസഭയും തെക്ക് വടവുകോട്-പുത്തൻകുരിശ് പഞ്ചായത്തിന്റെ ഭാഗവും തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയും കിഴക്ക് വടവുകോട്-പുത്തൻകുരിശ്, കുന്നത്തുനാട്, കിഴക്കമ്പലം പഞ്ചായത്തുകളും പടിഞ്ഞാറ് കൊച്ചി കോർപ്പറേഷനും ആണ് തൃക്കാക്കര നഗരസഭയുടെ അതിരുകൾ. നഗരസഭയുടെ തനതുവരുമാനങ്ങളായ നികുതി, ഫീസ്, വാടക, ലേലതുക തുടങ്ങി നികുതി-നികുതിയേതര വരവുകൾ മെച്ചപ്പെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനട്സ് പരിശോധിച്ചതിൽ യോഗങ്ങളിൽ നികുതി പിരിവിന്റെ പുരോഗതി സംബന്ധിച്ച് അവലോകനം നടത്തുന്നുണ്ടെങ്കിലും തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ, വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഭരണ സമിതിക്ക് നൽകുകയോ ചെയ്തിട്ടില്ല. വരുമാന വർദ്ധനവിന് ഉതകുന്ന മാർഗ്ഗങ്ങളെപ്പറ്റി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും അവ ഭരണ സമിതിയിൽ അവതരിപ്പിച്ച് നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, 2011 ലെ വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ (447 മുതൽ 492 വരെ) എന്നിവ പ്രകാരം ലൈസൻസ് കൂടാതെ ഒരു ആവശ്യത്തിനും നഗരസഭയിലെ സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. എന്നാൽ നഗരസഭയിൽ ലൈസൻസ് പിരിവ് സംബന്ധിച്ച് അപാകങ്ങൾ ഉള്ളതായി രേഖകൾ പരിശോധിച്ചതിൽ വ്യക്തമാകുന്നു.(വിശദ വിവരം ഖണ്ഡിക 1-13 ൽ വിവരിക്കുന്നു.) അപകതകൾ പരിഹരിച്ച് വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് പിരിവ് കാര്യക്ഷമമാക്കുന്നതിലൂടെ തനത് വരവിനത്തിൽ വളരെ വലിയതോതിലുള്ള വർദ്ദനവും മാറ്റവും ഉണ്ടാകുന്നതാണ്.

കടമുറികളുടെ വാടക വിഷയത്തിൽ നഗരസഭക്ക് ശ്രദ്ധക്കുറവുണ്ടായിട്ടുണ്ട്. വൻ വാടകകുടിശ്ശിക ഉണ്ടെങ്കിലും ആയത് ഈടാക്കുന്നില്ല. വാടക കുടിശ്ശിക സംബന്ധിച്ച് ഡി സി ബി വിവരങ്ങൾ പോലും തയ്യാറാക്കുന്നില്ല. ഡിമാന്റ് കളക്ഷൻ ബാലൻസ് (ഡി സി ബി) കൃത്യമായി തയ്യാറാക്കി , വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്.

നഗരസഭയിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ നഗരസഭക്ക് പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്താവുന്നതാണ്. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 245 പ്രകാരം ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് ബിസിനസ് നടത്തുകയോ അല്ലെങ്കിൽ മുനിസിപ്പൽ പ്രദേശത്തിന്റെ വെളിയിൽ ബിസിനസ് നടത്തുകയും എന്നാൽ അതിന്റെ മുഖ്യ ഓഫീസോ അതിന്റെ ബിസിനസ് എവിടെ നിന്നും നിയന്ത്രിക്കപ്പെടുന്നുവോ ആ സ്ഥലമോ ഏതെങ്കിലും അർദ്ധവർഷത്തിലെ ആകെ കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ ആയിരിക്കുകയും ചെയ്യുന്നതായ ഏതൊരു കമ്പനിയും സ്ഥാപന തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരാണ്. തൃക്കാക്കര നഗരസഭയിലെ തൊഴിൽ നികുതി ഇനത്തിലുള്ള വരവ് സാധ്യതകൾ പരിശോധിച്ച് മെച്ചപ്പെടുത്തേണ്ടതാണ്. തൊഴിൽ നികുതി സംബന്ധിച്ച അപാകങ്ങൾ ഖണ്ഡിക 1-20,1-21 ൽ വിശദീകരിച്ചിട്ടുള്ളതാണ്. അപകതകൾ പരിഹരിച്ച് തൊഴിൽ നികുതി ഇനത്തിലുള്ള തനത് വരവിൽ കുറവ് സംഭവിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ജനാധിപത്യ സമൂഹത്തിന്റെ വികസനപ്രക്രിയ എന്നത് ഒരു സംയോജിത പ്രവർത്തനമാണ്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സർവോപരി സാമാന്യ ജനസമൂഹവും ചേർന്നാണ് വികസന പ്രക്രിയയ്ക്ക് രൂപം കൊടുക്കുന്നതും ഇത്തരം പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിന് തനത് വരുമാനം വർദ്ധിപ്പിക്കുക എന്നത് അനിവാര്യമായതിനാൽ ഇത്തരം വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിതിയുടെ ഭാഗത്തുനിന്നും ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-12 ഇലക്ഷൻ ഡെപ്പോസിറ്റ് - മുതൽക്കൂട്ടിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിലെ ബി.7 ഷെഡ്യൂൾ (കോഡ് 340200600) പ്രകാരം ₹1,78,000 ഇലക്ഷൻ നിക്ഷേപമിനത്തിൽ നഗരസഭയ്ക്ക് ബാദ്ധ്യതയുള്ളതായി കാണുന്നുണ്ട്. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 201 (4) പ്രകാരം നഗരപാലിക സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ 1/6 എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപത്തുക നഗരസഭാ ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്. വരണാധികാരിയിൽ നിന്നും ലഭിക്കുന്ന തെരഞ്ഞെടുപ്പ് ഫലത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ നിശ്ചിത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം നാളിതുവരെ തനത് ഫണ്ടിൽ മുതൽക്കൂട്ടാതിരുന്നതിന്റെ കാരണം വിശദമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/12.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. തിരിച്ച് നൽകേണ്ടതല്ലാത്തതും കാലഹരണപ്പെട്ടതുമായ ഇലക്ഷൻ നിക്ഷേപം തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

## 1-13 IFTE&OS ലൈസൻസ് ഫീസ് - അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, 2011 ലെ വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ (447 മുതൽ 492 വരെ) എന്നിവ പ്രകാരം ലൈസൻസ് കൂടാതെ ഒരു ആവശ്യത്തിനും നഗരസഭയിലെ സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ചട്ടങ്ങൾ പ്രകാരം ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് വാർഷിക ധനകാര്യ പത്രികയിലെ കണക്ക് വിവരങ്ങൾ, അപേക്ഷകൾ, രജിസ്റ്ററുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

### 1-13-1 IFTE&OS ലൈസൻസ് - ഫയൽ സൂക്ഷിപ്പിലെ അപാകതകൾ

1) രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല.
ക്രമ നമ്പർ, ലൈസൻസ് നമ്പറുകൾ, ലൈസൻസിയുടെ വിവരങ്ങൾ, അടവാക്കിയ തുകയുടെ വിവരങ്ങൾ, രസീത് വിവരങ്ങൾ, മേലധികാരികളുടെ സാക്ഷ്യപ്പെടുത്തലുകൾ എന്നിവ ഇല്ലാതെയാണ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നത്. മുൻ ഓഡിറ്റ് വേളകളിൽ ടി വിഷയം വളരെ ഗൗരവത്തോടെ ചൂണ്ടികാണിച്ചിരുന്നെങ്കിലും നിലവിലും ആവശ്യമായ രേഖപ്പെടുത്തലുകൾ യഥാസമയം വരുത്തുന്നില്ല. ആയതിനാൽ IFTE&OS ലൈസൻസ് വരവ് സംബന്ധിച്ച വിവരങ്ങൾ അവ്യക്തമായി തുടരുന്നു.

2) രേഖപ്പെടുത്തലുകളോ രേഖകളോ ഇല്ലാത്തതിനാലും അപേക്ഷകൾ വാർഡ് തിരിച്ച്, കൃത്യമായി ക്രമ നമ്പറുകൾ രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനാലും അപേക്ഷകൾക്ക് മേൽ സ്വീകരിച്ച തുടർ നടപ്പടികൾ സംബന്ധിച്ച വിവരം ലഭ്യമല്ല.

3) വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. ഇക്കാര്യത്തിൽ ഗൗരവത്തോടെ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും പരാമർശമായി വന്നിരുന്നെങ്കിലും നടപടികൾ സ്വീകരിച്ചിട്ടില്ല.

### 1-13-2 ലൈസൻസ് ഫീസ് – ഡിമാന്റ് നിശ്ചയിക്കുന്നതിന്റെ അടിസ്ഥാനം വ്യക്തമല്ല.

2022-23 വാർഷിക ധനകാര്യപത്രിക ഐ 4 ഷെഡ്യൂൾ പ്രകാരം തൻവർഷ പ്രതീക്ഷിത വരവ് ₹38,00,000 യാണ്. എന്നാൽ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റോ കൃത്യമായ മറ്റ് രേഖകളോ, രേഖപ്പെടുത്തലുകളോ ഇല്ലാത്ത സാഹചര്യത്തിൽ ലൈസൻസ് ഫീസ് ഡിമാന്റ് നിശ്ചയിക്കുന്നതിന്റെ അടിസ്ഥാനം വ്യക്തമല്ല. ആയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് 18.01.2024-ൽ നൽകിയ 46-ാം നമ്പർ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. കൃത്യതയോടെ നഗരസഭ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതും, ലൈസൻസ് ഫീസ് ഡിമാന്റ്ചെയ്ത് ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

### 1-13-3 വാർഷിക ധനകാര്യ പത്രികയിലെ ലൈസൻസ് ഫീസ് വിവരങ്ങൾ കൃത്യമല്ല.

1) 2022-23 വാർഷിക ധനകാര്യപത്രിക ഐ 4 ഷെഡ്യൂൾ പ്രകാരം തൻവർഷ പ്രതീക്ഷിത വരവ് ₹38,00,000 യാണ്. എന്നാൽ ആർപി 37 പ്രകാരം തൻവർഷ വരവായി ലഭിച്ചിട്ടുള്ളത് ₹7,23,015 രൂപയാണ്. ടി തുകയോട് മുൻവർഷത്തിൽ ലൈസൻസ് അഡ്വാൻസ് ഇനത്തിൽ നിലനിൽക്കുന്ന ആകെ തുക ₹25,33,045 കൂടി ചേർത്താൽ ആകെ ₹32,560,60 യാണ് വരുന്നത്. എന്നാൽ ബി15 -ൽ ലൈസൻസ് ഫീസ് ഇനത്തിൽ തൻവർഷം ലഭിക്കാനുള്ള കറന്റ് ബാലൻസ് തുകയായി രേഖപ്പെടുത്തിയിട്ടുള്ളത് ₹5,38,940 യാണ്. ₹5000 (38,00,000-(32,56,060+5,38,940))യുടെ വ്യത്യാസം വന്നിട്ടുള്ളതിന്റെ കാരണം വ്യക്തമല്ല .

2) തൻവർഷം വാർഷിക ധനകാര്യപത്രികയിലെ ബി.9 ഷെഡ്യൂളിൽ നീക്കിയിരിപ്പായി ₹39,92,615 രൂപ ലൈസൻസ് അഡ്വാൻസായി വന്നിട്ടുള്ളതായി കാണുന്നു. ലൈസൻസ് രജിസ്റ്റർ, രേഖകൾ എന്നിവ പരിശോധിച്ചതിൽ ലൈസൻസ് ഫീസായി തൻവർഷം ലഭ്യമായ അഡ്വാൻസ് ഇനത്തിലുള്ള തുകയായ ₹39,92,615 രൂപയുടെ വിവരങ്ങൾ,ആയതിന്റെ രേഖകൾ ഒന്നും തന്നെ ഫയലുകളിൽ ലഭ്യമല്ല.

3) 2021-22 വാർഷിക ധനകാര്യപത്രികയിലെ ബി9 ഷെഡ്യൂൾ പ്രകാരം ലൈസൻസ് അഡ്വാൻസ് ഇനത്തിൽ

നിലനിൽക്കുന്നത് ₹25,33,045 യാണ്. ടി തുക സംബന്ധിച്ച വിവരങ്ങൾ (അഡ്വാൻസ് ലഭ്യമായ തീയതി , കാലാവധി എന്നിവ വർഷം തിരിച്ച് ) ഫയലുകളിൽ ലഭ്യമല്ല.

4) 2022-23 ട്രയൽ ബാലൻസ് പരിശോധിച്ചതിൽ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ ഓപ്പണിംഗ് ബാലൻസ് പൂജ്യമായി നിലനിൽക്കേ ക്രഡിറ്റ് ബാലൻസ് ആയി വന്നിട്ടുള്ളത് ₹75,64,459 യും , ഡെബിറ്റ് ബാലൻസായി ₹37,64,459 യുമാണ് . ആയതിൽ തൻവർഷ ക്ലോസിംഗ് ക്രഡിറ്റ് ബാലൻസായി വരുന്നത് ₹3800000 (7564459-3764459) യുമാണ്. എന്നാൽ തൻവർഷ വാർഷിക ധനകാര്യപത്രികയിലെ ബി.9 ഷെഡ്യൂളിൽ(ഹെഡ് കോഡ് നം:350410301) നീക്കിയിരിപ്പായി ₹39,92,615 വന്നിട്ടുള്ളതായി കാണുന്നു. മേൽ തുകൾക്കിടയിൽ ₹1,92,615 യുടെ വ്യത്യാസം വന്നിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
മേൽ അപകങ്ങൾക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറുപ്പിന് (46/18.01.2024) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

**1-13-4 രേഖകൾ ഹാജരാക്കിയില്ല.**

തൻവർഷ വാർഷിക ധനകാര്യപത്രിക പ്രകാരം വളർത്തു മൃഗങ്ങൾക്കുള്ള ലൈസൻസ് ഫീയിനത്തിൽ ₹24000ഉം, വളർത്തു നായകൾക്കുള്ള ലൈസൻസ് ഫീ പ്രകാരം ₹1,23,100 ഉം മറ്റ് ലൈസൻസ് ഫീസ് ഇനത്തിൽ ₹1400 ഉം വരവ് വന്നിട്ടുള്ളതായി കാണുന്നു. കൂടാതെ നഗരസഭ പരിധിയിലുള്ള സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ ഇനത്തിൽ ₹18400 വരവ് വന്നിട്ടുള്ളതായും വാർഷിക ധനകാര്യപത്രികയിൽ വ്യക്തമാണ്. ആയതിന്റെ രേഖകൾ ഓഡിറ്റിനായി ഹാജരാക്കിയില്ല. രേഖകൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് രേഖകളോ, വിശദീകരണമോ, മറുപടിയോ ലഭ്യമാക്കിയില്ല. ആയതിനാൽ ടി തുകകളുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-13-5 നഗരസഭ പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.**

1) മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിരുന്നതും ഗൂഗിൾ സെർച്ച് പ്രകാരം നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ബോധ്യപ്പെട്ടതുമായ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2022-23 സാമ്പത്തിക വർഷത്തിലും ലൈസൻസ് പുതുക്കിയതായി കാണുന്നില്ല .ആയതിന്റെ അപേക്ഷയോ, അനുവദിച്ച ലൈസൻസ് വിവരങ്ങൾ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | വട്ടേക്കാട് ടൂറിസ്റ്റ് ഹോം |
| 2 | ഹോട്ടൽ അശ്വിൻ |
| 3 | ദി ഡെവികോളം ഡിസ്റ്റിലറീസ് ലിമിറ്റഡ് |
| 4 | ആർ.ആർ ട്രേഡേഴ്സ് |
| 5 | താൽ ഹോട്ടൽ |
| 6 | പ്രൊവിഷൻ സ്റ്റോറുകൾ |

2) 2022-23 ലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയുടെ അധീനതയിലുള്ള വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും എടുക്കേണ്ട ലൈസൻസ് എടുത്തതായി കാണുന്നില്ല . വാടക ഡിമാന്റ് രജിസ്റ്ററിൽ കെട്ടിടങ്ങളുടെ ഡിവിഷൻ നം/കെട്ടിട നം എന്നിവ രേഖപ്പെടുത്താത്തതിനാൽ ടി കെട്ടിടങ്ങൾ ഏതൊക്കെ ഡിവിഷനുകളിലാണ് സ്ഥിതി ചെയ്യുന്നതെന്ന് വ്യക്തമായി മനസ്സിലാക്കാനും സാധിക്കുന്നില്ല .
ഉദാഹരണമായി എൻ.ജി.ഒ ക്വാർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ് ഡിവിഷൻ 27ലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വാടക രജിസ്റ്ററിൽ ഉള്ളവർ ലൈസൻസ് എടുത്തതായോ പുതുക്കിയതായോ രേഖകളിൽ വ്യക്തമല്ല. ആയതിനാൽ വാടകക്കാരെല്ലാവരും 2022-23 സാമ്പത്തികവർഷം ലൈസൻസ് പുതുക്കിയിട്ടുണ്ടെങ്കിൽ രസീത് നമ്പർ സഹിതം വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 18.01.2024-ൽ നൽകിയ 46-ാം നമ്പർ അന്വേഷണകുറുപ്പിന് മറുപടി ലഭ്യമാക്കിയില്ല. അപകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-14 ഐ.സി.ഡി.എസ്. സെൻട്രൽ ഫണ്ട് - നീക്കിയിരിപ്പ് വ്യക്തമല്ല.**

ഐ.സി.ഡി.എസ്. ന്റെ ഭാഗമായി നഗരസഭയ്ക്കുള്ള സെൻട്രൽ ഫണ്ട് ചൈൽഡ് ഡെവലപ്മെന്റ് പ്രോഗ്രാം ഓഫീസർ, നഗരസഭ സെക്രട്ടറിയുടെ പേരിലുള്ള യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ 385402010001061, കാനറ ബാങ്ക്, കാക്കനാട് ശാഖയിൽ 22.02.2023 ൽ ആരംഭിച്ചിട്ടുള്ള 110104504523 അക്കൗണ്ട് എന്നിവയിലേക്കാണ് ട്രാൻഫർ ചെയ്തു നൽകിയിട്ടുള്ളത്. ഇതിൽ യൂണിയൻ ബാങ്ക് അക്കൗണ്ടിലേക്കാണ് മുൻകാലങ്ങളിൽ ഫണ്ട് നൽകിയിരുന്നത്. ഇത് മാറ്റി പുതിയതായി കാനറ ബാങ്കിൽ ഈ ആവശ്യത്തിലേക്കായി അക്കൗണ്ട് ആരംഭിക്കുകയും 21.3.2023 ൽ പി.എഫ്.എം.എസ്. വഴി ₹17,48,119 ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുമുണ്ട്. എന്നാൽ ഈ അക്കൗണ്ടുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഐ.സി.ഡി.എസ്. സെൻട്രൽ ഫണ്ട് ഇനത്തിൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന തുക എത്രയാണെന്ന് വാർഷിക ധനകാര്യ പത്രിക പ്രകാരം വ്യക്തതയില്ല.

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.44/18.1.24) മറുപടി ലഭ്യമാക്കിയിട്ടില്ല. നാളിതുവരെ ലഭിച്ചതും വിനിയോഗിച്ചതുമായ ഫണ്ട് സംബന്ധിച്ച് ഒരു അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി 31.3.2023 ൽ ചെലവഴിക്കുവാൻ ബാക്കി നിൽക്കുന്ന തുക കണക്കാക്കേണ്ടതും ആയത് നടപ്പ് വർഷത്തിൽ പ്രോജക്ട് തയ്യാറാക്കി വിനിയോഗിക്കേണ്ടതുമാണ്.

**1-15 ഇടപാടുകൾ ഇല്ലാത്ത ബാങ്ക് അക്കൗണ്ടുകൾ**

വാർഷിക ധനകാര്യ പത്രിക പ്രകാരം (ഷെഡ്യൂൾ ബി-17) ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ നിലനിൽക്കുന്നതായി കാണുന്നു. ആയവ ക്ലോസ് ചെയ്ത് തുക ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് മുതൽ കൂട്ടാതിരിക്കുന്നത് അക്കൗണ്ടുകൾ മരവിപ്പിക്കപ്പെടുന്നതിനും നിലവിലുള്ള നീക്കിയിരിപ്പ് തുക നഷ്ടമാകുന്നതിനും കാരണമാകും. അക്കൗണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| കോഡ് | ശീർഷകം | നീക്കിയിരുപ്പ് (31.3.2023) |
|---|---|---|
| 450210400 | PF Allottment A/c | ₹6,284 |
| 450210500 | UBI A/c No.60184(onam) | ₹11,119 |
| 450410800 | UBI 385402010055149 NULM | ₹9,320 |
| 450420100 | HDFC Bank A/c No.50200029263250 | ₹98,260 |
| 450220100 | HDFC Bank A/c No.50200022497540 (Pension) | ₹17,88,802 |

ഇടപാടുകളില്ലാത്ത ഈ അക്കൗണ്ടുകൾ നിലനിർത്തുന്നതിന്റെ കാരണം സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/16.1.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ അക്കൗണ്ടുകൾ നിലനിർത്തേണ്ട ആവശ്യമില്ലെങ്കിൽ ആയവ ക്ലോസ് ചെയ്ത് തുക തനത് ഫണ്ടിലേക്കോ ബന്ധപ്പെട്ട മറ്റ് ഫണ്ടുകളിലേക്കോ മുതൽ കൂട്ടേണ്ടതാണ്. അക്കാര്യം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധയിലേക്കായി ശുപാർശ ചെയ്യുന്നു.

**1-16 നിലം ഭൂമി ഉൾപ്പെട്ട പ്ലോട്ടിൽ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു.**

സേതു കോരത്ത് ഉരുത്തുമ്മേൽ ഹൌസ് കുസുമഗിരി പി.ഒ എന്ന വ്യക്തിക്ക് 24-2-2023 ലെ TP1-BA-508/2022 നമ്പർ പെർമിറ്റ് പ്രകാരം കണയന്നൂർ താലൂക്ക്, കാക്കനാട് വില്ലേജ് സർവ്വേ /റിസർവ്വേ നമ്പർ 442/9, 442/12 ഭൂമിയിൽ 2389.63 ച.മീ തറ വിസ്തീർണ്ണം ഉള്ള സ്പെഷ്യൽ റെസിഡൻസ് ഗണം കെട്ടിടം നിർമ്മിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. പെർമിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം 5840 ച.മീ വിസ്തീർണ്ണമുള്ള പ്ലോട്ടിൽ മേൽ കെട്ടിടം നിർമ്മിക്കുന്നതിനാണ് അനുവാദം നൽകിയത്. പൊസഷൻ സർട്ടിഫിക്കറ്റ് , ലാന്റ് റവന്യൂ വകുപ്പിൽ കരം ഒടുക്കിയ രസീത് എന്നിവ പ്രകാരം മേൽ സർവ്വേ നമ്പർ ഭൂമിയുടെ വിസ്തീർണ്ണം താഴെ ചേർക്കുന്നു.

442/12 = 4 ആർ, 90ച.മീ , പുരയിടം (490 ച.മീ)

442/9 = 31 ആർ, 90 ച.മീ, പുരയിടം (3190 ച.മീ)

ആകെ = 3680 ച.മീ

പെർമിറ്റ് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്താത്ത സർവ്വേ നമ്പർ 442/8 ഭൂമി പൊസഷൻ സർട്ടിഫിക്കറ്റ് , ലാന്റ് റവന്യൂ വകുപ്പിൽ കരം ഒടുക്കിയ രസീത് എന്നിവ പ്രകാരം നിലം(wet Land) വിഭാഗത്തിൽ ഉൾപ്പെടുന്നതാണ്. ആയതിന്റെ വിസ്തീർണ്ണം ടി രേഖകൾ പ്രകാരം 21 ആർ, 60 ച.മീ(2160 ച.മീ)യാണ്. ഈ ഭൂമി ഉൾപ്പടെയാണ് പെർമിറ്റ് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയ പ്ലോട്ട് ഏരിയ ആയ 5840 ച.മീ. പെർമിറ്റ് സർട്ടിഫിക്കറ്റിൽ നിലം ഭൂമിയായ 442/8 സർവ്വേ നമ്പർ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും ഈ ഭൂമിയുടെ തറ വിസ്തീർണ്ണം ഉൾപ്പെട്ട 2160 ച.മീ സ്ഥലവും പ്ലോട്ട് ഏരിയ ആയി ചേർത്ത് കെട്ടിട നിർമ്മാണത്തിന് അനുവാദം നൽകിയിട്ടുണ്ട്. മുനിസിപ്പൽ എഞ്ചിനിയർ അംഗീകരിച്ച പെർമിറ്റ് പ്ലാനിൽ നിലം ഭൂമി ആയ 442/8 സർവ്വേ/റീസർവ്വേ നമ്പറും പ്ലോട്ട് വിവരത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ലഭ്യമാക്കിയ പെർമിറ്റ് ഫയൽ പ്രകാരം 442/8 സർവ്വേ നമ്പർ നിലം ഭൂമിയിൽ കെട്ടിട നിർമ്മാണത്തിന് റവന്യൂ അധികാരികളിൽ നിന്നും അനുവാദം ലഭ്യമായിട്ടില്ല. ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട 442/8 സർവ്വേ നമ്പർ ഭൂമിയുടെ തരം നിലം എന്നാണ് ഡാറ്റാ ബാങ്കിൽ രേഖപ്പെടുത്തിയത്. റവന്യൂ രേഖയിൽ /ബി റ്റി ആർ-ൽ നിലം, നെൽവയൽ, വെറ്റ് ലാൻഡ് എന്നിവയായി ഭൂമിയുടെ തരം രേഖപ്പെടുത്തുകയും, ഡേറ്റാബാങ്കിലോ, കരട് ഡേറ്റാബാങ്കിലോ ഉൾപ്പെടുന്നതുമായ ഭൂമിയിൽ 2015ലെ നെൽവയൽ തണ്ണീർത്തട

സംരക്ഷണ ഭേദഗതി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമല്ലാതെ യാതൊരു നിർമ്മാണ അനുമതിയോ, പെർമിറ്റോ, എൻഒസിയോ അനുവദിക്കാൻ പാടുള്ളതല്ല ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നത് 2008ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 14-ാം വകുപ്പിന്റെ ലംഘനമാണ്. ലഭ്യമാക്കിയ ഫയൽ പ്രകാരം ആയത് പ്രകാരമല്ല പെർമിറ്റ് അനുവദിച്ചത്. പ്ലാൻ പ്രകാരം കെട്ടിടത്തിന് പ്ലോട്ടിന്റെ ഒരു വശത്ത് എലംബത്ത് റോഡിൽ നിന്നും മറ്റൊരു വശത്ത് 5 മീറ്റർ വീതിയുള്ള നിലംപതിഞ്ഞമുഗൾ – ചിറ്റേത്ത്കര റോഡിൽ നിന്നും പ്രവേശനമുണ്ട്. പ്രധാന പ്രവേശനം നിലംപതിഞ്ഞമുഗൾ – ചിറ്റേത്ത്കര റോഡിൽ നിന്നുള്ളതാണ്. കോമ്പൗണ്ട് വാളും ഗേറ്റും ഈ വശത്ത് പ്ലാനിൽ ഉണ്ട്. പ്ലാൻ പ്രകാരം സർവ്വേ നമ്പർ 442/8 ൽ കെട്ടിട നിർമ്മാണത്തിന്റെ തറ ഉൾപ്പെടുന്നില്ലെങ്കിലും ടി സർവ്വേ നമ്പർ ഭൂമിയിലൂടെ മാത്രമാണ് നിലംപതിഞ്ഞമുഗൾ – ചിറ്റേത്ത്കര റോഡിലേക്ക് പ്രവേശനമുള്ളത്. ടി സർവ്വേ നമ്പർ ഭൂമി ഉൾപ്പെടുന്ന സ്ഥലം പ്ലോട്ടായി പെർമിറ്റ് സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തി പ്രധാന പ്രവേശന മാർഗ്ഗമായി ചേർത്തതിനാൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ടി നിലം ഭൂമി നികത്തുന്നതിനും ചട്ടപ്രകാരമല്ലാതെ സ്വഭാവ വ്യതിയാനം വരുത്തുന്നതിനുമുള്ള അവസരമാണ് ഇതിലൂടെ ഭൂവുടമക്ക് ലഭ്യമായത്. അപാകത സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (27/16-1-2024) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ടി ഭൂമിയുടെ ഏരിയ ഒഴിവാക്കി പെർമിറ്റ് നൽകാമായിരുന്നിട്ടും ആയത് ഉൾപ്പെടുത്തി പെർമിറ്റ് അനുവദിച്ചത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സർവ്വേ നമ്പർ 442/8 ൽ കെട്ടിട നിർമ്മാണം നടത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 1-17 കെട്ടിട നിർമ്മാണ പെർമ്മിറ്റ് ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

2022-23 ൽ താഴെ ചേർത്ത രസീതുകൾ മുഖേന പെർമിറ്റ് ഫീ അടവാക്കിയ കെട്ടിടങ്ങളുടെ പ്ലാൻ ഉൾപ്പെടെയുള്ള ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയത് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം 44/18-1-2024), ഓഡിറ്റ് റിക്വസിഷൻ എന്നിവ നൽകിയെങ്കിലും പരിശോധനക്ക് ലഭ്യമായില്ല. ടി ഫയലുകൾ ഓഡിറ്റ് കാര്യാലയത്തിൽ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | കെട്ടിട ഉടമ/ തുക അടവാക്കിയത് | രസീത് നമ്പർ/തീയതി | Description | തുക |
|---|---|---|---|---|
| 1 | ജിനാസ് ഗാലക്സി ഡവലപ്പേഴ്സ് | 122330400015/ 6-6-2022 | 200/13 | 234730/- |
| 2 | ബേൾളി ഏണസ്റ്റ് | 122330108357/ 5-8-2022 | Tp1-Ba-531/21 | 14600/- |
| 3 | സി. ആനി വല്ലിപ്പാടം, സിസ്റ്റർ പ്രൊവിൻഷ്യൽ | 122330109833/ 26-8-2022 | രേഖപ്പെടുത്തിയിട്ടില്ല. | 28000/- |
| 4 | LIVIT HOMES | 12330111549/ 24-9-2022 | TP1-BA-267/2022 | 23300/- |
| 5 | ASARAF & OTHERS | 122330118567/ 10-1-2023 | TP1-BA-361/2021 PERMIT FEES | 88000/- |
| 6 | ജോർജ്ജ് & ഗ്രിഗറി ജെ | 122330400320/ 19-1-2023 | രേഖപ്പെടുത്തിയിട്ടില്ല. | 4252000/- |
| 7 | അബ്ദുൾ അസീസ് കെ.വി | 122330125006/ 17-3-2023 | Tp1-ba-03/23 | 45200/- |

### 1-18 ഡാറ്റാ ബാങ്കിൽ നിലം ആയ ഭൂമിയിൽ റെസിഡെൻഷ്യൽ ഫ്ലാറ്റിന് കെട്ടിട നിർമ്മാണ പെർമിറ്റ് നൽകി.

M/S MELMOUNT CONSTRUCTIONS PRIVATE LIMITED, M/S PURVA REALITIES LTD NO.41/1999 A, PADIVATTOM എന്ന സ്ഥാപനത്തിന് തൃക്കാക്കര നഗരസഭ, കണയന്നൂർ താലൂക്ക്, വാഴക്കല വില്ലേജ് ബ്ലോക്ക് 8,സർവ്വേ നമ്പർ 135/2,3,4,5,,6,7,,8,12,13,15,16,18,19,20, 136/1,3,4,5,6,7,8,9,10,11,12,13,14,15,17,18,19,137/5,6,8,9,10,11,13,14,16,13 /2,4,8,9,10,11,12 ,13,14,15,20,21,23,24,25,26,140/2,9,10,11,13,23,141/3,15,159/1 ഭൂമിയിൽ ഉൾപ്പെട്ട 64954.03 ച.മീ സ്ഥലത്ത് 55914.27 ച.മീ തറ വിസ്തീർണ്ണമുള്ള റെസിഡെൻഷ്യൽ ഫ്ലാറ്റുകളും 2176.96 ച.മീ തറ വിസ്തീർണ്ണമുള്ള ക്ലബ്ബ് ഹൌസും ഉൾപ്പടെ ആകെ 58091.29 ച.മീ കെട്ടിട നിർമ്മാണത്തിന് 14-12-2021 ലെ BA-57/18-19 നമ്പർ പെർമിറ്റ് മുഖേന അനുവാദം നൽകിയിട്ടുണ്ട്. ഫയൽ ചെയ്തിട്ടുള്ള പൊസഷൻ സർട്ടിഫിക്കറ്റിൽ ഭൂമിയുടെ തരം രേഖപ്പെടുത്തിയിട്ടില്ല. കരം അടവാക്കിയ രസീത് പ്രകാരം 137/6,7,8,10,11,13,14,16,136/,3,4,6,8,9,10,11,12,15,18,19,135 /7,12,13,15,16,138/2,4 സർവ്വേ നമ്പർ ഭൂമി നിലം ആണ്. ഇവയിൽ 135/7,12,13,11,15,136/3,4,6,8,9,11,10,12,137 /10,11,13,6,7,8, സർവ്വേ നമ്പർ ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതും ഡാറ്റാ ബാങ്കിൽ നിലം എന്ന് രേഖപ്പെടുത്തിയതും ആണ്. റവന്യൂ രേഖയിൽ /ബി റ്റി ആർ-ൽ നിലം, നെൽവയൽ, വെറ്റ് ലാൻഡ് എന്നിവയായി ഭൂമിയുടെ തരം രേഖപ്പെടുത്തുകയും, ഡേറ്റാബാങ്കിലോ, കരട് ഡേറ്റാബാങ്കിലോ ഉൾപ്പെടുന്നതുമായ ഭൂമിയിൽ 2015ലെ നെൽവയൽ

തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമല്ലാതെ യാതൊരു നിർമ്മാണ അനുമതിയോ, പെർമിറ്റോ, എൻ.ഒ.സിയോ അനുവദിക്കാൻ പാടുള്ളതല്ല ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നത് 2008ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 14-ാം വകുപ്പിന്റെ ലംഘനമാണ്. ലഭ്യമാക്കിയ ഫയൽ പ്രകാരം മേൽ നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചില്ല പ്രസ്തുത നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചത്. പ്ലാൻ പ്രകാരം പ്രസ്തുത നിർമ്മാണത്തോട് ചേർന്ന് 18 മീറ്ററിൽ കൂടുതൽ വീതി ഉള്ള എടപ്പിള്ളി തോടും സ്ഥിതി ചെയ്യുന്നുണ്ട്. 5-8-2022 ലെ നഗരസഭ കൌൺസിൽ അടിയന്തിര യോഗം തീരുമാനം ബി.എ - 57/18-19 ൽ പ്രസ്തുത കമ്പനി നിർമ്മാണം ആരംഭിച്ച സ്ഥലത്ത് പുറമ്പോക്ക് സ്ഥലവും , നിലവും , പൊതു കാനയും ഉൾപ്പെടുന്ന എന്ന പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം തേടുന്നതിനും പ്രസ്തുത പെർമിറ്റ് നിയമപരമായി റദ്ദ് ചെയ്യാൻ കഴിയുമോ എന്ന് നിയമോപദേശം തേടുന്നതിനും കൗൺസിൽ തീരുമാനിച്ചെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഡാറ്റാ ബാങ്കിൽ നിലം എന്ന് രേഖപ്പെടുത്തിയ സ്ഥലത്ത് ഇത്തരത്തിലുള്ള വലിയ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകിയത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിവരം ലഭ്യമാക്കേണ്ടതാണ്. ആയതിന് സർക്കാർ അനുമതിയോ കോടതി ഉത്തരവോ ഉണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്. വിഷയത്തിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച് വിവരം അറിയിക്കേണ്ടതാണ്. വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-19 കടമുറികളുടെ വാടക - അപാകതകൾ

കടമുറികളുടെ വാടക സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.
1) വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം 70ന് മുകളിൽ കടമുറികളിൽ നിന്നും വാടക ലഭ്യമായിട്ടില്ല. ഇവയുടെ വാടക ലഭ്യമായത് സംബന്ധിച്ച് വാടക രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല. വിശദവിവരങ്ങൾ അനുബന്ധം 3 ൽ ചേർക്കുന്നു.കാണുക.

2) വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റിൽ 431400101 - Rent Receivable From Civic Amenities (Current) ഹെഡ് പ്രകാരം ₹332167 ആണ് തൻവർഷം കുടിശ്ശിക ആയി ലഭിക്കാനുള്ളത്. എന്നാൽ വാടക രജിസ്റ്റർ പ്രകാരം അനുബന്ധം 3 ൽ സൂചിപ്പിച്ച കടമുറികളിൽ നിന്നും ₹10,00,000 ന് മുകളിൽ വാടക ലഭ്യമാക്കാനുണ്ട്. വാടക രജിസ്റ്ററിൽ ഡി.സി.ബി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യപത്രികയിൽ ₹332167 മാത്രം കുടിശ്ശിക എന്ന് രേഖപ്പെടുത്തിയത് ഏത് മാനദണ്ഡ പ്രകാരമാണെന്ന് യാതൊരു തെളിവും നഗരസഭക്കില്ല.

3) വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റിൽ 431400102 - Rent Receivable From Civic Amenities (Arrears) ഇനത്തിൽ ₹1630260 കുടിശ്ശിക ആയി ലഭിക്കാനുണ്ട്. എന്നാൽ Arrear Demand രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഏത് മാനദണ്ഡപ്രകാരമാണ് മേൽ കുടിശ്ശിക കണക്കാക്കിയത് എന്ന് യാതൊരു തെളിവും നഗരസഭക്കില്ല. Arrear Demand Register ലഭ്യമായില്ല.

4) നഗരസഭയുടെ ഉടമസ്ഥതയിൽ എത്ര കടമുറികൾ ഉണ്ടെന്നും, വാടകക്ക് നൽകിയത് എത്ര കടമുറികളെന്നും സംബന്ധിച്ച വിവരങ്ങൾ ലഭ്യമായില്ല.

5)കടമുറികൾ വാടകയ്ക്ക് നൽകുന്നതിന്റെ ബൈലോ ലഭ്യമായില്ല.ബൈലോ തയ്യാറാക്കി അംഗീകാരത്തോടെ ലഭ്യമാക്കേണ്ടതാണ്.
6)നഗരസഭയും കടമുറി വാടകക്കാരുമായുള്ള വാടക കരാറുകൾ പരിശോധനക്ക് ലഭ്യമായില്ല.
മേൽ അപാകതകൾ സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (22/15-1-2024) നൽകിയെങ്കിലും മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല. നഗരസഭയുടെ പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നാണ് കടമുറികളുടെ വാടകയെങ്കിലും യാതൊരു അക്കൗണ്ടിംഗും ആയതിൽ ചെയ്യുന്നില്ല. മുൻ വർഷങ്ങളിലും ടി അപാകതൾ ഉണ്ടെങ്കിലും യാതൊരു മാറ്റവുമില്ലാതെയാണ് നിലവിലും തുടരുന്നത്. വാടക രജിസ്റ്റർ, Arrear Demand രജിസ്റ്റർ എന്നിവ ശരിയായി തയ്യാറാക്കേണ്ടതും കൃത്യമായി ഡി സി ബി വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്. നഗരസഭയുടെ ഉടമസ്ഥതയിൽ ആകെയുള്ള കടമുറികളുടെ എണ്ണം, വാടകക്ക് നൽകിയ കടമുറികളുടെ എണ്ണം, വാടകക്ക് നൽകാത്ത കടമുറികൾ എന്നിവ സംബന്ധിച്ച് രേഖകൾ തയ്യാറാക്കേണ്ടതും വാടക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. വാടകക്കാരുമായുള്ള കരാർ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച വാടക ഈടാക്കാത്തവരിൽ നിന്നും വാടക ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് -അപാകതകൾ

തൃക്കാക്കര നഗരസഭയുടെ പരിധിയിൽ ഉള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ചില സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയതിൽ കുറവു വന്നതായി കാണുന്ന വിശദവിവരം അനുബന്ധം 4 ആയി ചേർക്കുന്നു.കാണുക.
മേൽ പരാമർശിച്ചിരിക്കുന്ന സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി (ഒന്നാം അർദ്ധ വർഷം) ഡിമാന്റ് ചെയ്ത് ഈടാക്കിയതിൽ കുറവ് വന്നതിനു വിശദീകരണം ആവശ്യപ്പെട്ട് 19/01/2024ൽ ഓഡിറ്റ് എൻക്വയറി നം. 57/24 നൽകിയിരുന്നു ആയതിനുള്ള മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുവാനുള്ള നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതിയിൽ കുറവ് വന്ന തുക ഈടാക്കി ആ വിവരം ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.ആയതു

മറുപടിക്കൊപ്പം ലഭ്യമാക്കേണ്ടതാണ്.

**1-21 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ**

സ്ഥാപനങ്ങളുടെ തൊഴിൽ നികുതി കുടിശ്ശിക വിവരങ്ങൾ

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 245 പ്രകാരം ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് ബിസിനസ് നടത്തുകയോ അല്ലെങ്കിൽ മുനിസിപ്പൽ പ്രദേശത്തിന്റെ വെളിയിൽ ബിസിനസ് നടത്തുകയും എന്നാൽ അതിന്റെ മുഖ്യ ഓഫീസോ അതിന്റെ ബിസിനസ് എവിടെ നിന്നും നിയന്ത്രിക്കപ്പെടുന്നുവോ ആ സ്ഥലമോ ഏതെങ്കിലും അർദ്ധവർഷത്തിലെ ആകെ കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ ആയിരിക്കുകയും ചെയ്യുന്നതായ ഏതൊരു കമ്പനിയും സ്ഥാപന തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരാണ്. തൃക്കാക്കര നഗരസഭയുടെ തൊഴിൽ നികുതി പിരിവ് രജിസ്റ്റർ സൂക്ഷിപ്പ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ധാരാളം സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി കാണുന്നു. ഏതാനം സ്ഥാപനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|---|---|
| 1 | 4/1164 | Seven Communications | II |
| 2 | 4/372 | Emporls Labortaris | I& II |
| 3 | 4/1678 | Notes & Tones Music Accadamy | I |
| 4 | 4/345 | Green Rost | II |
| 5 | 4 | Kerala Gramic Bank Ltd | I& II |
| 6 | 4/779 | Aditya Eye Hospital | I& II |
| 7 | 4 | Meraki Cafeel Bakers | I& Ii |
| 8 | 4 | Kosamattom Finance | I& II |
| 9 | 4 | Pmakin Security | I& II |
| 10 | 4/65 | Galaxy Cafe | II |
| 11 | 5/759 | Everedy Industries | I& II |
| 12 | 5/207 | Ajmiras Garments | I&II |
| 13 | 5/228 | Mimis Beaty Parlar | I& II |
| 14 | 5/1191 | M/S Venatt Enterprises | I& II |
| 15 | 5/616 | Kummanchery Stors | I&II |
| 16 | 5/690 | Tekosol IT Solutions | I&II |
| 17 | 5/910 | Deeming Media Pvt Ltd | I& II |
| 18 | 5/1319 | E K Constraction Group | I& II |
| 19 | 5/609 | Balaji Tea Shop | I& II |
| 20 | 5/387 | A B C Builders | II |
| 21 | 6/763 | Khalafa Stores | I& II |
| 22 | 6/152 | St. Antonys Transport | I& II |
| 23 | 6/761 | Holly Cross Convent | I& II |
| 24 | 6/941 | Matara Nersary | I& II |
| 25 | 6/208 | Najiya Stores | I& II |
| 26 | 6/884 | Nandu Fancy Stores | I& II |
| 27 | 6/881 | Minarva | I& II |
| 28 | 6/1727 | Aswin Wood Furniture | I& II |
| 29 | 6/154 | Pavoodans Consulting | I& II |

| | | | |
|---|---|---|---|
| 30 | 6/382 | KMA Stores | I& II |
| 31 | 6/445 | Poomkudy Motors | I& II |
| 32 | 6/2005 | JB Spices | I& II |
| 33 | 6/1595 | Cee Sky Constractions | I& II |
| 34 | 6/832 | Shalimar Paint Ltd | I&II |

മേൽ പരാമർശിച്ചിരിക്കുന്ന സ്വകാര്യസ്ഥാപനങ്ങളുടെ തൊഴിൽ നികുതി (ഒന്നും, രണ്ടും അർദ്ധ വർഷം) ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-22 ഡേബുക്ക് വരവ് – തുക ബാങ്കിൽ അടവാക്കിയതിൽ കുറവ്

പ്രതിദിന കളക്ഷൻ തനത് ഫണ്ടിൽ അടവാക്കുന്നത് സംബന്ധിച്ച് ഡേബുക്ക് , ക്യാഷ് ബുക്ക് , ബാങ്ക് പാസ്ബുക്ക് എന്നിവ പരിശോധിച്ചതിൽ 08.04.2022 -ൽ ആകെ ക്യാഷ് കളക്ഷനായി വന്നിട്ടുള്ളത് ₹4,48,872ഉം ബാങ്ക് കളക്ഷനായി അന്നേ ദിവസം വന്നിട്ടുള്ളത് ₹1,25,132 ഉം ആണ്. എന്നാൽ കളക്ഷൻ തുക അടവാക്കിയതിൽ ആകെ ₹27,424(21485+5939) യുടെ കുറവ് വന്നിട്ടുള്ളതാണ്.വിശദവിവരം ഭാഗം 2-1 -ൽ ചേർക്കുന്നു.

## 1-23 തനത് ഫണ്ട്- അക്കൗണ്ടുകളുടെ പരിപാലനത്തിലെ അപാകതകൾ

നഗരസഭയിൽ പ്രധാനമായും 5 തനത് ഫണ്ട് അക്കൗണ്ടുകളാണുള്ളത്. അക്കൗണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ |
|---|---|---|
| 1 | Union Bank Of India (Flexi Plus Saving) | 385402010001061 |
| 2 | HDFC Card Payment | 50100312229542 |
| 3 | LGTSB Own Fund | 799013000001127 |
| 4 | South Indian Bank (Profession Tax E Payment) | 0313053000007511 |
| 5 | South Indian Bank (Property Tax) | 7379(പൂർണ്ണമായ അക്കൗണ്ട് നംമ്പർ വിവരങ്ങൾ, സ്റ്റേറ്റ്മെന്റുകൾ ലഭ്യമല്ല) |

മേൽ വിവരിച്ച തനത് ഫണ്ട് അക്കൗണ്ടുകളിൽ പരിശോധനയ്ക്കായി ഹജരാക്കിയവയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ വിവരിക്കുന്നു.

### 1-23-1 ബാങ്ക് അക്കൗണ്ടുകളിലെ തുക ഫ്ലക്സി ഡെപ്പോസിറ്റായി മാറുന്നതിലെ അപാകതകൾ

നഗരസഭയുടെ തനത് അക്കൗണ്ടുകളിലൊന്നായ യൂണിയൻ ബാങ്ക് അക്കൗണ്ട് (അക്കൗണ്ട് നം. 385402010001061 ) യൂണിയൻ ഫ്ലക്സി പ്ലസ് സേവിംഗ്സ് എന്ന ഗണത്തിൽ ഉൾപ്പെടുന്നതാണെന്ന് പാസ്സ് ബുക്ക് പരിശോധിച്ചതിൽ വ്യക്തമാകുന്നു. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം വിവിധങ്ങളായ തുകകൾ അക്കൗണ്ടിൽ നിന്നും ഫ്ലക്സി ഡെപ്പോസിറ്റ് ആയി മാറ്റപ്പെടുന്നുണ്ട്. ഉദാഹരണമെന്നോണം 2022 ഏപ്രിൽ , മെയ് മാസങ്ങളിലെ ബാങ്ക് സ്റ്റേറ്റ്മെന്റിൽ നിന്നുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഏപ്രിൽ 2022 | | | | | | |
|---|---|---|---|---|---|---|
| ക്രമ നം. | തീയതി | വിശദാംശങ്ങൾ | ഡെബിറ്റ് (₹) | ക്രഡിറ്റ് (₹) | ഇടപാട് നടക്കുന്നതിന് മുൻപ് അക്കൗണ്ടിൽ അവശേഷിക്കുന്ന ആകെ തുക (₹) | ഇടപാട് നടക്കുന്നതിന് ശേഷം അക്കൗണ്ടിൽ അവശേഷിക്കുന്ന ആകെ തുക (₹) |
| 1 | 02.04.22 | സ്വീപ്പ് റ്റി.ആർ.എഫ് ഫ്രം. 385403350004557 | - | 5,00,000 | 1954445.98 Dr | 14544445.98 Dr |
| 2 | 02.04.22 | സ്വീപ്പ് റ്റി.ആർ.എഫ് ഫ്രം. 385403350004543 | - | 25,00,000 | 14544445.98 Dr | 1045554.02 Cr |
| 3 | 04.04.22 | സ്വീപ്പ് റ്റി.ആർ.എഫ് ഫ്രം. 385403350004535 | | 35,00,000 | 2224960.03 Dr | 1280505.97 Cr |
| 4 | 06.04.22 | സ്വീപ്പ് ട്രാൻസ്ഫർ റ്റു 385403350004565 | 15,00,000 | - | 2664949 | 1164949 |
| 5 | 07.04.22 | സ്വീപ്പ് റ്റി.ആർ.എഫ് ഫ്രം. 385403350004565 | | 10,00,000 | 10926.82 Cr | 1010926.82 Cr |

| | | | | | | |
|---|---|---|---|---|---|---|
| 6 | 08.04.22 | സ്വീപ്പ് റ്റി.ആർ.എഫ് ഫ്രം. 385403350004565 | | 5,00,000 | 137699.18 Cr | 362300.82 Cr |
| 7 | 08.04.22 | സ്വീപ്പ് റ്റി.ആർ.എഫ് ഫ്രം. 385403350004535 | | 10,00,000 | 362300.82 Cr | 1362300.82 Cr |
| 8 | 13.04.22 | സ്വീപ്പ് റ്റി.ആർ.എഫ് ഫ്രം. 385403350004535 | | 5,00,000 | 765618.63 Cr | 1265618.63 Cr |
| 9 | 16.04.22 | സ്വീപ്പ് റ്റി.ആർ.എഫ് ഫ്രം. 385403350004535 | | 10,00,000 | 1633928.44 Dr | 633928 |
| 10 | 16.04.22 | സ്വീപ്പ് റ്റി.ആർ.എഫ് ഫ്രം. 385403350004528 | | 20,00,000 | 633928 | 1366071.56 Cr |
| 11 | 18.04.22 | സ്വീപ്പ് റ്റി.ആർ.എഫ് ഫ്രം. 385403350004528 | | 5,00,000 | 513013.56 Cr | 1013013.56 Cr |
| 12 | 19.04.22 | സ്വീപ്പ് റ്റി.ആർ.എഫ് ഫ്രം. 385403350004528 | | 5,00,000 | 536899.56 Cr | 1036899.56 Cr |
| 13 | 20.04.22 | സ്വീപ്പ് റ്റി.ആർ.എഫ് ഫ്രം. 385403350004528 | | 5,00,000 | 536899.56 Cr | 1036899.56 Cr |
| 14 | 21.04.22 | സ്വീപ്പ് റ്റി.ആർ.എഫ് ഫ്രം. 385403350004528 | | 5,00,000 | 903052.56 Cr | 1403052.56Cr |
| 15 | 27.04.22 | സ്വീപ്പ് റ്റി.ആർ.എഫ് ഫ്രം. 385403350004579 | 15,00,000 | | 2782772.56 Cr | 1282772.56 Cr |
| ആകെ | | | 30,00,000 | 1,45,00,000 | | |

| മെയ് 2022 | | | | | | |
|---|---|---|---|---|---|---|
| ക്രമ നം. | തീയതി | വിശദാംശങ്ങൾ | ഡെബിറ്റ് (₹) | ക്രഡിറ്റ് (₹) | ഇടപാട് നടക്കുന്നതിന് മുൻപ് അക്കൗണ്ടിൽ അവശേഷിക്കുന്ന ആകെ തുക (₹) | ഇടപാട് നടക്കുന്നതിന് ശേഷം അക്കൗണ്ടിൽ അവശേഷിക്കുന്ന ആകെ തുക (₹) |
| 1 | 04.05.22 | സ്വീപ്പ് ട്രാൻസ്ഫർ റ്റു 385403350004587 | 5,00,000 | | 1980117.56 Cr | 1480117.56 Cr |
| 2 | 05.05.22 | സ്വീപ്പ് റ്റി.ആർ.എഫ് ഫ്രം. 385403350004587 | | 5,00,000 | 580443.56 Cr | 1080443.56 Cr |
| 3 | 07.05.22 | സ്വീപ്പ് റ്റി.ആർ.എഫ് ഫ്രം. 385403350004579 | | 15,00,000 | 1730600.44Dr | 230600.44Dr |
| 4 | 07.05.22 | സ്വീപ്പ് റ്റി.ആർ.എഫ് ഫ്രം. 385403350004528 | | 15,00,000 | 230600.44 Dr | 1269399.56 Cr |
| 5 | 09.05.22 | സ്വീപ്പ് റ്റി.ആർ.എഫ് ഫ്രം. 385403350004528 | | 5,00,000 | 743895.26 Cr | 1243895.26 Cr |
| 6 | 11.05.22 | സ്വീപ്പ് റ്റി.ആർ.എഫ് ഫ്രം. 385403350004593 | 10,00,000 | | 2165377.19 Cr | 1165377.19 Cr |
| 7 | 18.05.22 | സ്വീപ്പ് റ്റി.ആർ.എഫ് ഫ്രം. 385403350004597 | 90,00,000 | | 10189506.91 Cr | 1189506.91 Cr |
| 8 | 25.05.22 | സ്വീപ്പ് റ്റി.ആർ.എഫ് ഫ്രം. 385403350004609 | 1,90,00,000 | | 20349251.91 Cr | 1349251.91 Cr |
| 9 | 26.05.22 | സ്വീപ്പ് റ്റി.ആർ.എഫ് ഫ്രം. | | 5,00,000 | 94057.91 Cr | 1404057.91 Cr |

| | | | | | | |
|---|---|---|---|---|---|---|
| | | 385403350004609 | | | | |
| ആകെ | | | 2,95,00,000 | 45,00,000 | | |

മേൽ പട്ടികയിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വലിയ തുകകളാണ് തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും ഫ്ലക്സി ഡെപ്പോസിറ്റായി മാറ്റപ്പെടുന്നത്. എന്നാൽ നാളിതുവരെയായി പ്രധാന തനതുഫണ്ട് അക്കൗണ്ടായ യൂണിയൻ ബാങ്ക് അക്കൗണ്ട് (അക്കൗണ്ട് നം. 385402010001061 )-ൽ എത്ര തുക ഫ്ലക്സി ഡെപ്പോസിറ്റായി നില നിൽക്കുന്നുണ്ടെന്നും എത്ര തുക നികുതിയിനത്തിൽ ലഭ്യമായിട്ടുണ്ടെന്നതിനും എത്ര തുക അക്കൗണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ടെന്നും രേഖകൾ ഒന്നുമില്ലാത്ത ഫ്ലക്സി ഡെപ്പോസിറ്റായി നില നിൽക്കുന്ന തുകയ്ക്ക് ആനുപാതികമായ സർട്ടിഫിക്കറ്റുകൾ പോലുമില്ലാത്ത അവസ്ഥയാണ് നിലവിൽ നഗരസഭയിലുള്ളത്. ബാങ്ക് അക്കൗണ്ട് യൂണിയൻ ഫ്ലക്സി പ്ലസ് സേവിംഗ്സ് എന്ന ഗണത്തിൽ ഉൾപ്പെടുന്നതായതിനാലും ഡെപ്പോസിറ്റ് തുകയായി മറ്റുന്നത് സംബന്ധിച്ചും പോളിസിയിലുള്ള മാറ്റങ്ങൾ നഗരസഭയുടെ തീരുമാനത്താലാണെന്നതിനാലും (യൂണിയൻ ബാങ്ക് വെബ്സൈറ്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ )പ്രസ്തുത അക്കൗണ്ടിന്റെ പോളിസി വിവരങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല. പാസ് ബുക്കിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബാങ്കിൽ ക്രഡിറ്റായി കോളത്തിൽ തുകകൾ വരുമ്പോൾ ആകെ തുകയിൽ നിന്നും ടി തുക കൂടുന്നതിനു പകരം കുറവ് സംഭവിക്കുന്നതായും കാണുന്നു . വ്യത്യസ്തങ്ങളായി ഇത്തരത്തിൽ കുറവ് വരുന്നതിന്റെ അടിസ്ഥാനവും വ്യക്തമല്ല.
ഉദാഹരണമെന്നോണം 2022 ഏപ്രിൽ , മെയ് മാസങ്ങളിലെ ബാങ്ക് സ്റ്റേറ്റ്മെന്റിൽ നിന്നുള്ള മേൽ പട്ടികയിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തുകകൾ അക്കൗണ്ടിൽ നിന്നും താഴെ ചേർക്കുന്ന സ്വീപ്പ് റ്റി.ആർ.എഫ് നമ്പർ പ്രകാരം സ്വീപ്പ് ഔട്ട് ആകുന്നതായി കാണുന്നു.
1) 385403350004557
2) 385403350004543
3) 385403350004535
4) 385403350004565
5) 385403350004528
6) 385403350004579
7) 385403350004597
8) 385403350004593
9) 385403350004579
10) 385403350004609
11) 385403350004587
സ്വീപ്പ് റ്റി.ആർ.എഫ് നമ്പർ പ്രകാരം തുകകൾ സ്വീപ്പ് ഔട്ട് ആകുന്നതിന്റെ ട്രാൻസാക്ഷൻ വിവരങ്ങൾ രേഖാമൂലം ലഭ്യമാക്കുവാൻ (29/16.01.2024)അവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കിയില്ല. കൂടാതെ ടി തുകകൾ സംബന്ധിച്ച് ബാങ്ക് ബുക്കും പാസ്ബുക്കും തുലനം ചെയ്തതിൽ ടി തുകകൾ സംബന്ധിച്ച് രേഖപ്പെടുത്തലുകളില്ലാത്തതായും കാണുന്നു.
മേൽ വിഷയം സംബന്ധിച്ച് വിശദീകരണ സഹിതം രേഖകൾ ഹാജരക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണകുറിപ്പ് (നം 29/16.01.2024) നൽകിയിരുന്നെങ്കിലും മറുപടിയോ രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് നിലവിലെ വിവരങ്ങൾ, രേഖകൾ കാലികമാക്കി സൂക്ഷിക്കേണ്ടതും പലിശ ഇനത്തിലുള്ള വരവ് യഥാസമയം അക്കൗണ്ട് ചെയ്ത് തുലനപത്രികയിൽ ആയത് പൊരുത്തപ്പെടുത്തേണ്ടതുമാണ്. കൃത്യതയോട് കൂടിയ പരിപാലനം ഇല്ലാത്തതിനാൽ നഗരസഭയ്ക്ക് നഷ്ടം സംഭവിക്കാനുള്ള സാധ്യത വളരെ കൂടുതലായതിനാൽ പ്രസ്തുത വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-23-2 കാർഡ് പേയ്മന്റ് വിവരങ്ങൾ - വ്യക്തതയില്ലാതെ തുടരുന്നു.

നഗരസഭയിലെ തനത് ഫണ്ട് അക്കൗണ്ടുകളിൽ കാർഡ് പേയ്മന്റിനായി എടുത്തിട്ടുള്ള HDFC Card Payment (A/c No. 50100312229542) അക്കൗണ്ട് പാസ്ബുക്ക് പരിശോധിച്ചതിൽ കാർഡ് പേയ്മന്റ് വിവരങ്ങൾ ദിവസ കളക്ഷനായി വരുന്ന തുകയായി താരതമ്യം ചെയ്യാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഉദാഹരണമായി 09.04.2022- രണ്ടാം ശനിയാഴ്ച്ച പൊതു അവധി ദിവസത്തിൽ ₹1,46,617 അക്കൗണ്ടിൽ വന്നിട്ടുള്ളതായും 10.04.2022- ഞായറാഴ്ച്ച പൊതു അവധി ദിവസത്തിൽ ₹2,61,891 അക്കൗണ്ടിൽ വന്നിട്ടുള്ളതായും കാണുന്നു. ആയതിനാൽ കാർഡ് കളക്ഷനിൽ ലഭ്യമായ തുകയുടെ വിവരങ്ങൾ അവ്യക്തമായി തുടരുന്നു.ആയത് സംബന്ധിച്ച് തുലന രേഖകളിലോന്നും തന്നെ രേഖപ്പെടുത്തലുകൾ ഉള്ളതായി കാണുന്നില്ല.പ്രസ്തുത അക്കൗണ്ടിന്റെ തുലന പത്രികയിൽ ചെക്ക് ഡെപ്പോസിറ്റ് ബട്ട് നോട്ട് കളക്റ്റഡ് എന്ന ഇനത്തിൽ കാലാവധികഴിഞ്ഞിട്ടും ₹673 അവശേഷിക്കുന്നതായും കാണുന്നു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 1-24 സെൻട്രൽ പെൻഷൻ ഫണ്ട് - അലോട്ട്മെന്റ് ലഭിക്കുന്നില്ല.

നഗരസഭയിൽ നിന്നും സെൻട്രൽ പെൻഷൻ ഫണ്ടിലേക്കുള്ള വിഹിതം യഥാസമയം അടവാക്കുന്നുണ്ടെങ്കിലും നഗരസഭയിൽ നിന്നും വിതരണം ചെയ്യാൻ ആവശ്യമായ പെൻഷൻ തുക നഗരസഭയ്ക്ക് ലഭിക്കുന്നില്ല. നഗരസഭയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരുടെ ചുരുക്കവിവരം താഴെ ചേർക്കുന്നു (2023 മാർച്ചിലെ കണക്ക്).

| വിഭാഗം | പെൻഷൻ (എണ്ണം) | കുടുംബ പെൻഷൻ(എണ്ണം) | ആകെ (എണ്ണം) |
|---|---|---|---|
| റഗുലർ | 15 | 1 | 16 |
| ഒരു മാസം ആവശ്യമായ തുക | ₹3,89,453 | ₹17,449 | ₹4,06,902 |

നഗരസഭ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാനുള്ളതും ബാലൻസ് ഷീറ്റ് പ്രകാരം ആസ്തിയായി രേഖപ്പെടുത്തിയിട്ടുള്ളതുമായ പെൻഷൻ വിഹിതം സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുൻവർഷാവസാനം വരെ | ₹3,82,75,574 |
| തന്നാണ്ട് | ₹1,31,37,242 |
| ആകെ | ₹5,14,12,816 |
| തന്നാണ്ട് തിരികെ ലഭിച്ചത് | 0 |
| നീക്കിയിരുപ്പ് | ₹5,14,12,816 |

നഗരസഭ പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കുന്നുണ്ടെങ്കിലും നഗരസഭയ്ക്ക് പെൻഷൻ വിതരണത്തിനായി സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തുക ലഭ്യമാകുന്നില്ല. ഈ സാഹചര്യത്തിൽ തനത് ഫണ്ടിൽ നിന്നാണ് പെൻഷൻ വിതരണം നടത്തുന്നത്. ഓഡിറ്റ് വർഷത്തിൽ വിതരണം ചെയ്ത പെൻഷൻ തുകയുടെ വിവരം താഴെ ചേർക്കുന്നു. ഈ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

| മാസം | പെൻഷൻ | കുടുംബ പെൻഷൻ | ആകെ |
|---|---|---|---|
| ഏപ്രിൽ 2022 | ₹3,25,541 | ₹39,482 | ₹3,65,023 |
| മെയ് 2022 | ₹3,25,541 | ₹39,482 | ₹3,65,023 |
| ജൂൺ 2022 | ₹3,25,541 | ₹39,482 | ₹3,65,023 |
| ജൂലൈ 2022 | ₹3,68,122 | ₹39,482 | ₹4,07,604 |
| ആഗസ്റ്റ് 2022 | ₹3,68,122 | ₹39,482 | ₹4,07,604 |
| സെപ്റ്റംബർ 2022 | ₹3,68,122 | ₹39,482 | ₹4,07,604 |
| ഒക്ടോബർ 2022 | ₹3,79,194 | ₹39,482 | ₹4,18,676 |
| നവംബർ 2022 | ₹3,90,369 | ₹39,482 | ₹4,29,851 |
| ഡിസംബർ 2022 | ₹3,89,453 | ₹39,482 | ₹4,28,935 |
| ജനുവരി 2023 | ₹3,89,453 | ₹17,449 | ₹4,06,902 |
| ഫെബ്രുവരി 2023 | ₹3,89,453 | ₹17,449 | ₹4,06,902 |
| മാർച്ച് 2023 | ₹3,89,453 | ₹17,449 | ₹4,06,902 |
| **ആകെ** | **₹44,08,364** | **₹4,07,685** | **₹48,16,049** |
| ഡി.സി.ആർ.ജി./ പെൻഷൻ കമ്മ്യൂട്ടേഷൻ ഇനത്തിൽ നൽകിയ തുക | | ചെ.നം. 6993074/ 22.7.22 | ₹15,87,194 |
| | | ചെ.നം. 6993086/ 25.8.22 | ₹15,00,000 |
| | | ചെ.നം. 6279808/ 17.10.22 | ₹11,90,267 |
| | | ചെ.നം. 6279839/ 28.10.22 | ₹4,43,373 |
| | | ചെ.നം.80363/ 10.2.23 | ₹5,48,792 |
| **ആകെ വിതരണം ചെയ്ത തുക** | | | **₹1,00,85,675** |

*കുറിപ്പ്:* ഓഡിറ്റ് വർഷം തനത് ഫണ്ടിൽ പെൻഷനും മറ്റ് ആനുകൂല്യങ്ങളും ഇനത്തിൽ ആകെ ₹1,00,85,675 ചെലവഴിച്ചിട്ടുള്ളൂ. എന്നാൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കേണ്ട തുകയായി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള തുക ₹1,31,37,242 (ബി.15 ഷെഡ്യൂൾ, കോഡ് 431409901) ആണ്.ആയതിൽ ₹30,51,567 ന്റെ വ്യത്യാസം ഉണ്ട്.

### 1-25 നഗരസഭാ ജീവനക്കാരുടെ സെൻട്രൽ പ്രൊവിഡന്റ് ഫണ്ട്- സൂക്ഷിക്കുന്നതിലെ അപാകത.

നഗരസഭാ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് വിഹിതം ശമ്പളബില്ലുകളിൽ നിന്നും റിക്കവറി നടത്തി നഗരകാര്യ ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് കൈമാറി നൽകുന്നുണ്ട്. 2022-23 വർഷത്തിൽ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് വിഹിതം സെൻട്രൽ പ്രൊവിഡന്റ് അക്കൗണ്ടിലേക്ക് അടവാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| മാസം | തുക | ചെക്ക് നം./തീയതി | ട്രാൻസ്ഫർ ചെയ്ത അക്കൗണ്ട് |
|---|---|---|---|
| മാർച്ച് 22 | ₹191633 | 6993038/13.4.22 | LGTSB 799011400000318 |

| | | | |
|---|---|---|---|
| ഏപ്രിൽ22 | ₹191693 | 6993046/7.5.22 | LGTSB 799011400000318 |
| മെയ് 22 | ₹208443 | 6993057/9.6.22 | TSB 799010100343215 |
| ജൂൺ 22 | ₹203043 | 6993070/8.7.22 | TSB 799010100343215 |
| ജൂലൈ 22 | ₹203043 | 6993080/16.8.22 | TSB 799010100343215 |
| ആഗസ്റ്റ് 22 | ₹204848 | 6993097/17.9.22 | TSB 799010100343215 |
| സെപ്റ്റംബർ 22 | ₹195401 | 6279805/17.10.22 | TSB 799010100343215 |
| ഒക്ടോബർ 22 | ₹196449 | 6279817/4.11.22 | TSB 799010100343215 |
| നവംബർ 22 | ₹197547 | 6279833/27.12.22 | TSB 799010100343215 |
| ഡിസംബർ22 | ₹197449 | 6279840/10.01.23 | TSB 799010100343215 |
| ജനവരി 23 | ₹197449 | 6279851/3.2.23 | TSB 799010100343215 |
| ഫെബ്രുവരി 23 | ₹175449 | 6279862/15.3.23 | TSB 799010100343215 |
| ആകെ | ₹2170814 | | |

നഗരസഭയിലെ പി.എഫ്. തുകകൾ വിതരണം ചെയ്യുന്നതിനായുള്ള ട്രഷറി അക്കൗണ്ടിന്റെ (നം.799010100193524) സാമ്പത്തിക നില താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരുപ്പ് | ₹15,27,399 |
| വരവ് (പലിശ) | ₹99,949 |
| ആകെ | ₹16,27,348 |
| ചെലവ് | ₹14,85,232 |
| നീക്കിയിരുപ്പ് | ₹1,42,116 |

**പ്രൊവിഡന്റ് ഫണ്ട് കണക്കുകളുടെ സൂക്ഷിപ്പിലെ അപാകതകൾ.**

- സബ്സ്ക്രൈബർ അക്കൗണ്ട് കൃത്യമായും കാലികമായും സൂക്ഷിക്കുന്നില്ല. നിലവിലെ വരിക്കാരിൽ നിന്നും ഈടാക്കുന്ന വരിസംഖ്യ, ലോൺ റിക്കവറി എന്നിവ രേഖപ്പെടുത്തി ഓരോ വരിക്കാരന്റെയും പി.എഫ്. അക്കൗണ്ട് സൂക്ഷിക്കുന്നില്ല. വർഷാരംഭത്തിൽ വരിക്കാരന്റെ ക്രെഡിറ്റിൽ ആകെ എത്ര തുകയുണ്ടെന്നോ വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള ലോൺ തുക എത്രയുണ്ടെന്നോ രേഖപ്പെടുത്തുന്നില്ല. തൻവർഷം താൽക്കാലിക മുൻകൂർ / തിരിച്ചടക്കേണ്ടാത്ത പിൻവലിക്കലുകൾ ചെയ്തിട്ടുള്ളതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. വർഷാവസാന നീക്കിയിരിപ്പ് തുക രേഖപ്പെടുത്തുന്നില്ല.
- ഓരോ മാസത്തിലും വരിക്കാരിൽ നിന്നും റിക്കവറി നടത്തുന്ന തുക സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കുന്ന വിവരം ഓരോ വരിക്കാരന്റെയും അക്കൗണ്ട് നമ്പർ, തുക എന്നിവ ഉൾപ്പെടുത്തിയ ഷെഡ്യൂൾ , ചെല്ലാൻ/ ചെക്ക്/ ഡി.ഡി. നമ്പർ സഹിതം സെൻട്രൽ പ്രൊവിന്റ് ഫണ്ടിന്റെ ചുമതലയുള്ള അക്കൗണ്ട്സ് ഓഫീസർക്ക് അയച്ചു കൊടുക്കുന്നില്ല.
- ഓരോ വരിക്കാരനും തന്റെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട് സംബന്ധിച്ചുള്ള ഒരു പാസ്സ് ബുക്ക് പരിപാലിക്കാവുന്നതാണെങ്കിലും ഇത്തരത്തിൽ പാസ്സ് ബുക്ക് സൂക്ഷിക്കുന്നില്ല.
- വരിക്കാർക്ക് ഓരോ വർഷാവസാനത്തിലും, മുന്നിരുപ്പ് തുക, തൻവർഷം അടവാക്കിയ തുക, പലിശ, തൻവർഷം പിൻവലിച്ച തുക, നീക്കിയിരുപ്പ് തുക എന്നിവ ഉൾപ്പെടുത്തി വാർഷിക അക്കൗണ്ട്സ് സ്റ്റേറ്റ്മെന്റ് നൽകുന്നില്ല.

**1-26 ഒറിജിനൽ രസീതുകൾ തിരികെ ലഭ്യമാക്കാതെ റവന്യൂ റീഫണ്ട് നൽകി**

ഫയൽ നമ്പർ- R2-321/2017

2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള കാലയളവിൽ പരസ്യ നികുതി പിരിക്കുന്നതിന് കരാർ ലഭിച്ച ശ്രീ.കെ.എ.അനൂബ് എന്ന വ്യക്തി 2 ഗഡു കിസ്റ്റ് ₹602982/- നഗരസഭയിൽ അടവാക്കി. ₹826000/- ആയിരുന്നു ആകെ കിസ്റ്റ് തുക .2017 ജൂലയ് 1 മുതൽ ജി.എസ്.ടി. നിലവിൽ വന്നതു മൂലം ടിയാന് പരസ്യനികുതി പിരിക്കാൻ സാധിക്കാതെ വരികയും തുടർന്ന് ടിയാന്റെ അപേക്ഷ പ്രകാരം ,3 മാസത്തെ കിസ്റ്റ്( 2017 എപ്രിൽ,മെയ്,ജൂൺ )₹206500/- ,₹15000/- നിരതദ്രവ്യം ഉൾപ്പെടെ ടിയാൻ നഗരസഭയിൽ ആകെ അടവാക്കിയ ₹617982/-ൽ നിന്നും കുറവ് ചെയ്ത് ബാക്കി ₹411482/- 30.01.23 ലെ 5-ാം നമ്പർ മുനിസിപ്പൽ കൗൺസിൽ തീരുമാന പ്രകാരവും സ.ഉ.(കൈ)നം.234/2021/ത.സ്വ.ഭ.വ.,തീ.18.10.21 ഉത്തരവു പ്രകാരവും തിരികെ നൽകുകയും (ചെക്ക് നമ്പർ-446814,തീ. 09.3.23) ചെയ്തു.

രസീത് നമ്പർ11602400306,തീ.31.3.2017 പ്രകാരം ₹ 322141/-ഉം രസീത് നമ്പർ 117020500348,തീ. 30.6.17 പ്രകാരം ₹ 280841/-ഉം കിസ്റ്റ് ഇനത്തിലും രസീത് നമ്പർ 11602135222,തീ.17.02.17 പ്രകാരം ₹15000/-നിരതദ്രവ്യവും അടവാക്കിയതായി ടിയാന്റെ 07.5.18 ലെ അപേക്ഷയിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ഒറിജിനൽ രസീതുകൾ ടിയാനിൽ നിന്നും തിരികെ ലഭ്യമാക്കിയതായി കാണുന്നില്ല.കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1-ആർട്ടിക്കിൾ 36(7) പ്രകാരം ,റവന്യൂ റീഫണ്ട് വിവരം രസീതുകളുടെ കൗണ്ടർ ഫോയിലിൽ രേഖപ്പെടുത്തേണ്ടതും രസീതുകൾ തുക അടവാക്കിയ വ്യക്തിയിൽ നിന്നും തിരികെ വാങ്ങി റദ്ദു ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്.ഒന്നിലധികം ക്ളെയിമുകൾക്കുള്ള സാധ്യത ഒഴിവാക്കുന്നതിനാണ് ഇപ്രകാരം ചെയ്യുന്നത്. ഒറിജിനൽ രസീതുകൾ തിരികെ ആവശ്യപ്പെടാതെ റീഫണ്ട്

അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 26/16.01.24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.ശ്രീ.കെ.എ.അനൂബിൽ നിന്നും ഒറിജിനൽ രസീതുകൾ തിരികെ ലഭ്യമാക്കി റദ്ദ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

**1-27 ദുരിതാശ്വാസ നിധി**

2003 ലെ കേരള മുനിസിപ്പാലിറ്റി(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ ,കാക്കനാട് ശാഖയിൽ ആരംഭിച്ച ദുരിതാശ്വാസ നിധിയിൽ(A/C No. 385402010050907)ബാങ്ക് പാസ് ബുക്ക് പ്രകാരം 31.3.23ൽ ₹174641/- നീക്കിയിരിപ്പുണ്ട്. പലിശയിനത്തിൽ ലഭിച്ച ₹10269/-മാത്രമാണ് തൻവർഷം നിധിയിലെ വരവ്.

2003 ലെ കേരള മുനിസിപ്പാലിറ്റി(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 4(3) പ്രകാരം നിധിയിലേക്ക് ധനം സമാഹരിക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനും നിധിയിൽ നിന്നുള്ള ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നതിനും തീരുമാനമെടുക്കുന്നതിനുമായി നഗരസഭാദ്ധ്യക്ഷനും നഗരസഭ കൗൺസിലർമാർ തങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരംഗവും സെക്രട്ടറിയും അടങ്ങുന്ന നഗരസഭ കൗൺസിലിന്റെ ഒരു സബ് കമ്മറ്റി ഉണ്ടായിരിക്കേണ്ടതും നഗരസഭാദ്ധ്യക്ഷൻ പ്രസ്തുത സബ് കമ്മറ്റിയുടെ ചെയർമാനും സെക്രട്ടറി അതിന്റെ കൺവീനറുമായിരിക്കുന്നതുമാണ്.ചട്ടം5(2) പ്രകാരം,നിധിയിൽ നിന്നുള്ള ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളെ സംബന്ധിച്ച വിവരം ,അനുവദിക്കപ്പെട്ട ധനസഹായം എന്നിവ രേഖപ്പെടുത്തുവാൻ ഒരു രജിസ്റ്ററും സബ്കമ്മറ്റിയുടെ യോഗ നടപടികളുടെ മിനിട്സ് രേഖപ്പെടുത്താൻ ഒരു മിനിട്സ് പുസ്തകവും സൂക്ഷിച്ച് പോരേണ്ടതാണ്. തൃക്കാക്കര നഗരസഭയിൽ ചട്ടം4(3) പ്രകാരമുള്ള സബ്കമ്മറ്റി രൂപീകരിച്ചിട്ടില്ല.സബ്കമ്മറ്റി രൂപീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതും മിനിടിസ് ബുക്ക്,അപേക്ഷ രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതുമാണ്.

**1-28 സ്കൂൾ വാർഷികാഘോഷത്തിന് തനതുഫണ്ടിൽ നിന്നും ഹെഡ്മിസ്ട്രസിന് തുക അനുവദിച്ചത്-ചെലവ് രേഖകൾ ലഭ്യമാക്കിയില്ല**

കാക്കനാട് ഗവ.യു.പി.സ്കൂളിന്റെ 118-ാം വാർഷികാഘോഷങ്ങൾക്കായി തനത് ഫണ്ടിൽ നിന്നും ₹15000/- ഹെഡ്മിസ്ട്രസ് ദീപാകുമാരി എം.എൻ ന് ചെക്ക് നമ്പർ 83766/23.3.23 പ്രകാരം നൽകിയിട്ടുണ്ട്.തുക വാർഷികാഘോഷത്തിന് ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 54/19.01.24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ₹15000/-യുടെ ചെലവ് തടസപ്പെടുത്തുന്നു.

**1-29 സെക്രട്ടറിയുടെ ക്വാട്ടേഴ്സ് -റെന്റ് റിക്കവറി തുക സെക്രട്ടറി തനത് ഫണ്ടിലേക്ക് അടവാക്കിയതിന്റെ വിവരം ലഭ്യമായില്ല**

തൃക്കാക്കര നഗരസഭ സെക്രട്ടറിക്ക് താമസിക്കുന്നതിനായി സജീവ് കുമാർ ടി.വി.എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഫ്ളാറ്റ് നം.എ 2,തെക്കിനാത്ത് ഹോംസ്,കുസുമഗിരി പി.ഓ.,കാക്കനാട് എന്ന കെട്ടിടം 10.5.22 മുതൽ 11 മാസത്തേക്ക് പ്രതിമാസം ₹15000/-ന് വാടകയ്ക്ക് എടുക്കുകയും 10.5.22 ന് നഗരസഭ സെക്രട്ടറിയും കെട്ടിട ഉടമയും തമ്മിൽ വാടക കരാർ ഒപ്പു വെയ്ക്കുകയും ചെയ്തു.2022-23 വർഷം, 2022 മെയ് മുതൽ 2023 മാർച്ച് മാസം വരെയുള്ള മാസങ്ങളിലെ വാടക ₹15,000/- വീതം തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്.സൗജന്യമായി ക്വാട്ടേഴ്സ് ഉപയോഗിക്കുന്ന, 50200-105300 ശമ്പള സ്കെയിലിലും അതിനു മുകളിലുമുള്ള സ്കെയിലുകളിൽ ശമ്പളം വാങ്ങുന്ന ജീവനക്കാർ 2019 ലെ ശമ്പള പരിഷ്കരണ ഉത്തരവ് ജി.ഒ(പി) നം.27/2011/ഫിൻ,തീ.10.02.2021 ലെ ഖണ്ഡിക 15 പ്രകാരം അടിസ്ഥാന ശമ്പളത്തിന്റെ 2% തുക റെന്റ് റിക്കവറിയിനത്തിൽ തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതുണ്ട്.ക്വാട്ടേഴ്സ് ഉപയോഗിച്ചിരുന്ന ശ്രീ.ബി.അനിൽകുമാർ,സെക്രട്ടറി അടിസ്ഥാന ശമ്പളത്തിന്റെ 2% തുക മേൽ കാലയളവിൽ പ്രതിമാസം തനത് ഫണ്ടിലേക്ക് അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 21/15.01.24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.വിവരങ്ങൾ രേഖമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതും പരിശോധനക്ക് വിധേയമാക്കേണ്ടതുമാണ്.

**1-30 ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല- ചെലവ് തുക തടസപ്പെടുത്തുന്നു**

ചുവടെ ചേർക്കുന്ന ഫയലുകൾ ഹാജരാക്കുവാൻ ഓഡിറ്റ് റിക്വിസിഷൻ നം.6/11.01.24 മുഖേന ആവശ്യപ്പെട്ടുവെങ്കിലും ആയവ ഹാജരാക്കിയില്ല.ആയതിനാൽ പ്രസ്തുത ഫയലുകൾ പ്രകാരം ചെലവഴിച്ച തുകകൾ

തടസപ്പെടുത്തുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നമ്പർ | വിഷയം | ചെലവ്(₹) | ചെക്ക് നമ്പർ/ തീയതി |
|---|---|---|---|---|
| 1 | H1-17128/21 | അപകടകരമായ രീതിയിൽ നിന്ന വൃക്ഷങ്ങൾ വെട്ടി മാറ്റിയതിന് | 47520/- | 426827/08.4.22 |
| 2 | E4-1084/10 | വാഹനത്തിന്റെ ഫ്യുവൽ ടെസ്റ്റിന് എം.കെ.പ്രമോദ്,ഓവർസിയർക്ക് മുൻകൂർ നൽകിയ തുക | 17680/- | 426983/05.7.22 |
| 3 | E2-16999/20 | ഫിഷ് മാർക്കറ്റിലെ ബയോഗ്യാസ് പ്ലാന്റ് നീക്കം ചെയ്യുന്നതിന് M/S RAIDCO യ്ക്ക് നൽകിയ തുക | 81007/- | 66879/09.11.22 |
| 4 | H2-15530/21 | എ.ബി.സി. പ്രോഗ്രാമിനായി ദയ ആനിമൽ വെൽഫയർ ഓർഗനൈസേഷന് നൽകിയ തുക | 125000/- | 66880/12.7.22 |
| 5 | H2-21569/19 | ഓഫീസിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിനായി കൺസൾട്ടേഷൻ ഫീസ് പെലിക്കൻ ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിന് നൽകിയത് | 551924/- | 66882/14.7.22 |
| 6 | E1-22490/19 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി കരാറുകാരൻ ശ്രീ.പ്രിൻസ് ജെ.യ്ക്ക് നൽകിയ തുക | 508752/- | 66887/16.7.22 |
| 7 | H2-12812/22 | ഓണാഘോഷത്തി നായി തുടങ്ങിയ ബാങ്ക് അക്കൗണ്ടിലേക്ക് തനത് ഫണ്ടിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്തത് | 2400000/-<br>100000/- | 48987/05.9.22<br>446674/17.9.22 |
| 8 | E2-3910/23 | ഹെൽത്ത് സൂപ്പർവൈസറുടെ ക്യാബിനിലേക്ക് ദംറോ ഫർണിച്ചർ പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും മേശയും കസേരയും വാങ്ങിയത് | 66490 | 80169/03.3.23 |
| | | ആകെ | 38,98,373/- | |

മേൽ സൂചിപ്പിച്ച ഫയലുകൾ പ്രകാരം തുക ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിന്റെ സാഹചര്യത്തിൽ ചെലവഴിച്ച ₹3898373/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 ഇംപ്രസ്റ്റ് ഇനത്തിൽ തുക തനത് ഫണ്ടിൽ നിന്നും പിൻവലിച്ചു-ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

ഫയൽ നമ്പർ-ജി3-9696/22

ഇംപ്രസ്റ്റ് ഫണ്ട് എന്ന ഇനത്തിൽ 15.6.22 ൽ നഗരസഭ ജനറൽ വിഭാഗത്തിലെ ക്ളർക്ക് ശ്രീമതി.അഖില യ്ക്ക് ചെക്ക് നം.426954/15.6.22 പ്രകാരം തനത് ഫണ്ടിൽ നിന്നും ₹ 5000/- നൽകിയിട്ടുണ്ട്. ഇതേ ജീവനക്കാരിക്ക് ചെക്ക് നമ്പർ-78730/30.11.22പ്രകാരം വീണ്ടും ഇംപ്രസ്റ്റ് ഫണ്ട് ₹5000/ നൽകിയിട്ടുണ്ട്.മേൽ തുകയുടെ ചെലവ് വിവരം അറിയിക്കുവാനും ലഭ്യമാക്കുവാനും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 58/19.01.24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.ചെലവ് രേഖകളുടെ അഭാവത്തിൽ ₹10,000/- തടസപ്പെടുത്തുന്നു.

## 1-32 ആവശ്യമായ എണ്ണം ജീവനക്കാരുടെ അഭാവത്തിൽ തൃക്കാക്കര നഗരസഭയിൽ നടത്തിയ താല്ക്കാലിക നിയമനങ്ങൾ

സ.ഉ.(പി)നം.116/2010/ത.സ്വ.ഭ.വ,തീ.09.6.2010 നമ്പർ ഉത്തരവ് (SRO നമ്പർ-566/2010) പ്രകാരം 2010 ഒക്ടോബർ 1 പ്രാബല്യത്തിൽ തൃക്കാക്കര നഗരസഭ നിലവിൽ വന്നു.തൃക്കാക്കര ഗ്രാമപഞ്ചായത്ത് പ്രദേശമാണ് ഇപ്രകാരം മുൻസിപ്പൽ കൗൺസിൽ ആയി രൂപീകൃതമായത്.ചുവടെ ചേർക്കുന്നതു പ്രകാരമാണ് തൃക്കാക്കര നഗരസഭയിൽ സർക്കാർ വിവിധ തസ്തികകൾ അനുവദിച്ചത്

| ക്രമ നമ്പർ | തസ്തികയുടെ പേര് | അനുവദിച്ച തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | സൂപ്രണ്ട് | 1 |
| 2 | ഹെഡ് ക്ളർക്ക് | 1 |
| 3 | റവന്യൂ ഇൻസ്പെക്ടർ | 1 |
| 4 | എൽ.ഡി.ക്ളർക്ക് | 9 |
| 5 | ബിൽ കളക്ടർ | 9 |
| 6 | ലൈബ്രേറിയൻ ഗ്രേഡ് IV | 1 |

| | | |
|---|---|---|
| 7 | എൽ.ഡി.ടൈപ്പിസ്റ്റ് | 1 |
| 8 | ഡ്രൈവർ | 0 |
| 9 | പ്യൂൺ | 2 |
| 10 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 | 1 |
| 11 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 | 1 |
| 12 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 | 3 |
| 13 | കണ്ടിജന്റ് വർക്കർ | 5 |

തൃക്കാക്കര പഞ്ചായത്ത് മൂന്നാം ഗ്രേഡ് നഗരസഭയായി ഉയർത്തപ്പെട്ടുവെങ്കിലും ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചിരുന്നില്ല.28.1 ച.കി.മീ. വിസ്തൃതിയും 43 വാർഡുകളുമുള്ള ഗ്രേഡ് 1 നഗരസഭ ഏറ്റവുമധികം വരുമാനമുള്ള നഗരസഭകളിൽ ഒന്നാണ്. നഗരസഭയിൽ ദൈനംദിന പ്രവർത്തനങ്ങൾക്കായി ആവശ്യമായ ജീവനക്കാരില്ലാത്തതിനാൽ നിരവധി താല്ക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.179 ദിവസത്തേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നൽകുകയും പിന്നീട് ഒരു ദിവസത്തെ ഇടവേള നൽകി പുനർനിയമനം നടത്തുകയുമാണ് ചെയ്തു വരുന്നത്.

നഗരസഭയിൽ സ്ഥിരം തസ്തികയിലെ ഒഴിവിലല്ലാതെ ദിവസവേതനാടിസ്ഥാനത്തിൽ താല്ക്കാലികമായി നിയമിച്ച ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തികയുടെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ക്ളർക്ക് /ബിൽ കളക്ടർ | 1 |
| 2 | ഡാറ്റ എൻട്രി ഓപ്പറേറ്റർ(ഹെൽത്ത് വിഭാഗം) | 1 |
| 3 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 4 |
| 4 | ഡാറ്റ എൻട്രി ഓപ്പറേറ്റർ(റവന്യൂ വിഭാഗം) | 16 |
| 5 | ആംബുലൻസ് ഡ്രൈവർ | 2 |
| 6 | ഓവർസിയർ(എൻജിനീയറിംഗ് വിഭാഗം) | 5 |
| 13 | കണ്ടിജന്റ് വർക്കർ | 59 |

2022-23 വർഷം ആകെയുള്ള 5 സ്ഥിരം കണ്ടിജന്റ് തസ്തികയിൽ റിട്ടയർമെന്റ് മൂലം 3 ഒഴിവുകൾ നിലനിന്നിരുന്നു.സ്ഥിരം കണ്ടിജന്റ് തസ്തികയിൽ 2 ജീവനക്കാർ മാത്രമേ ജോലി ചെയ്തിരുന്നുള്ളൂ.മറ്റ് തസ്തികകളിലൊന്നും സ്ഥിരം ജീവനക്കാരുടെ ഒഴിവുകൾ ഉണ്ടായിരുന്നില്ല.

1959 ലെ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് Compulsory Notification Of Vacancies Act,സർക്കുലർ നമ്പർ-25941/G2/2013,തീ.05.02.2014 പ്രകാരം താല്ക്കാലിക നിയമനങ്ങളെല്ലാം എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തണം. കൂടാതെ നഗരസഭയിലെ ശുചീകരണ തൊഴിലാളികളുടെ നിയമനം പൂർണ്ണമായും എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തേണ്ടതാണ് എന്ന് G.0(MS) No.14/82/LBR,തീ.22.4.1982 ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 19 കണ്ടിജന്റ് ജീവനക്കാരെ മാത്രമേ നഗരസഭ നിയമിച്ചിട്ടുള്ളൂ.ബാക്കിയുള്ള കണ്ടിജന്റ് ജീവനക്കാരുൾപ്പെടെ മേൽ സൂചിപ്പിച്ചിരിക്കുന്ന പട്ടികയിൽ ഉൾപ്പെട്ട മറ്റ് ജീവനക്കാരെ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ല നിയമിച്ചിട്ടുള്ളത്.കണ്ടിജന്റ് ജീവനക്കാരുടെ നിയമനങ്ങളും താല്ക്കാലിക നിയമനങ്ങളും എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രം നടത്തേണ്ടതാണ്.

## 1-33 വയോമിത്രം വാർഷികാഘോഷവും ബോധവൽക്കരണ ക്ളാസും സംഘടിപ്പിച്ചത്

ഫയൽ നമ്പർ-പി1-14997/21

1) 65 വയസിനുമുകളിലുള്ള വയോജനങ്ങൾക്ക് വേണ്ടിയുള്ള സാമൂഹ്യ സുരക്ഷ മിഷന്റെ ആരോഗ്യ പരിചരണ പദ്ധതിയായ വയോമിത്രത്തിന്റെ വാർഷികാഘോഷം തൃക്കാക്കര നഗരസഭയിൽ 28.02.2023 ൽ സംഘടിപ്പിച്ചതിന് ₹176896/-തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചു. പരിപാടി സംഘടിപ്പിച്ചതിന്റെ ബിൽ തുകകൾ അനുവദിച്ചത് നഗരസഭ ചെയർപേഴ്സന്റെ മുൻകൂർ അനുമതിയോടു കൂടിയാണ്.ചെലവ് തുക നഗരസഭ കൗൺസിൽ 17.5.23 ലെ 1 നമ്പർ തീരുമാനം പ്രകാരം സാധൂകരിച്ചു.നഗരസഭാ ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് വയോമിത്രം വാർഷികാഘോഷം സംഘടിപ്പിക്കുന്നതിന് സർക്കാർ അനുമതിയില്ലാത്തതാണ്.എന്നാൽ ₹176896/-യുടെ ചെലവിന് സർക്കാർ സാധൂകരണം ലഭിക്കുന്നതിനായി പി1-14997/21 തീ.16.3.23 നമ്പർ കത്ത് നഗരസഭ സെക്രട്ടറി ഉചിത മാർഗേന തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അയച്ചിട്ടുണ്ട്.

തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു

കാറ്ററിംഗ് സർവ്വീസ് മുഖേന ഭക്ഷണം-₹73500/-(ചെക്ക് നം.83736/16.3.23)

സ്റ്റീൽ പാത്രങ്ങൾ-₹68,000/-(ചെക്ക് നം.83738/16.3.23)

ഫോട്ടോ-₹3500/-(ചെക്ക് നം.83736/16.3.23)

ട്രോഫി-₹4500/-(ചെക്ക് നം.83739/16.3.23)

നോട്ടീസ്-₹896/-(ചെക്ക് നം.83737/16.3.23)

സ്റ്റേജ്,സൗണ്ട് സിസ്റ്റം,ടേബിൾ,ചെയർ-₹26500/-(ചെക്ക് നം.83740/16.3.23)

എൻ.പി.എസ്.മെറ്റൽസ്,കാക്കനാട് എന്ന സ്ഥാപനത്തിൽ നിന്നും 400 വീതം സ്റ്റീൽ പ്ളേറ്റ്,സ്റ്റീൽ ഗ്ളാസ്,സ്റ്റീൽ സ്പൂൺ എന്നിവ വാങ്ങുന്നതിന് ₹68000/- ചെലവഴിച്ചിട്ടുണ്ട് .ഇവ വയോജനങ്ങൾക്ക് സമ്മാനം നൽകുന്നതിനായാണ് വാങ്ങിയത് എന്നാണ് അറിയിച്ചത്.ഇപ്രകാരം നഗരസഭ ഫണ്ട് ചെലവഴിച്ച് സമ്മാനം വാങ്ങി നൽകുന്നത് അനുവദനീയമല്ല.

2) നഗരസഭ കമ്മ്യൂണിറ്റി ഹാളിൽ വെച്ച് 16.6.22 ൽ വയോജന ചൂഷണ വിരുദ്ധ ബോധവൽക്കരണ ക്ളാസ് നടത്തിയതിന് തനത് ഫണ്ടിൽ നിന്നും ₹11480/-ചെലവഴിച്ചിട്ടുണ്ട്.ഫോട്ടോ,നോട്ടീസ്,ഭക്ഷണം,സൗണ്ട് സിസ്റ്റം എന്നിവയ്ക്കായാണ് പ്രസ്തുത തുക ചെലവഴിച്ചത്. വയോമിത്രം പദ്ധതിക്കായി നഗരസഭ ഫണ്ടിൽ നിന്നും 2022-23 വർഷം 15 ലക്ഷം രൂപ സാമൂഹ്യ സുരക്ഷ മിഷന് നൽകിയിട്ടുണ്ട് എന്നിരിക്കെ ഇത്തരത്തിൽ പരിപാടികൾ സംഘടിപ്പിക്കുന്നതിന് സാമൂഹ്യ സുരക്ഷ മിഷനും സർക്കാരും നഗരസഭയെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

മേൽ വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 53/19.01.24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ചെലവിന് സർക്കാർ സാധൂകരണം ലഭിച്ചിട്ടില്ലെന്ന് മറുപടി ലഭ്യമാക്കി.സർക്കാർ അനുമതിയില്ലാതെ തുക ചെലവഴിച്ചതിനാൽ വയോമിത്രം വാർഷികാഘോഷത്തിനായി ചെലവഴിച്ച ₹176896/- ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

**1-34 മൊബൈൽ സെയിൽസ് ആന്റ് സർവീസ് യൂണിറ്റ്- അധിക തുക നൽകി**

ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പ്രോജക്ട് നം, 205/23 -മൊബൈൽ സെയിൽസ് ആന്റ് സർവീസ് യൂണിറ്റ് എന്ന പ്രോജക്ട് പ്രകാരം സതി സുബ്രമണ്യൻ എന്ന ഗുണഭോക്താവിന് സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ.)നം.115/2022 എൽ.എസ്.ജി.ഡി തീയതി.28.5.2022 ഖണ്ഡിക 6.5.2എ(15) പ്രകാരം അനുവദനീയ സബ്സിഡിയേക്കാൾ അധികരിച്ച് നൽകിയ ₹3995/- ഓഡിറ്റ് നിരാകരിക്കുന്നു. വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

**1-35 ഫുഡ് പ്രോസസിങ്ങ് യൂണിറ്റ്-അനുവദനീയമായതിലും അധികം സബ്സിഡി നൽകി.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |
| പ്രൊജക്ട് നമ്പർ/പേര് | 204/23, ഫുഡ് പ്രോസസിങ്ങ് യൂണിറ്റ് |
| അടങ്കൽ | ₹150000/- വികസന ഫണ്ട്-ജനറൽ<br>₹150000/-ഗുണഭോക്തൃവിഹിതം |
| ചെലവ് | ₹150000/ – വികസന ഫണ്ട്-ജനറൽ |
| ബിൽ നം | TRN-33661/31-3-23 |

മേൽ പ്രോജക്ട് പ്രകാരം സുവി ടി. ആർ. എന്ന ഗുണഭോക്താവിന് ഫുഡ് പ്രോസസിങ്ങ് യൂണിറ്റ് തുടങ്ങുന്നതിനായി ₹150,000/-ധനസഹായം നൽകിയിട്ടുള്ളതാണ്. പ്രോജക്ട് വിഭാവനം ചെയ്തത പ്രകാരം ഗ്രൂപ്പ് സംരഭങ്ങൾക്ക് ചെലവുതുകയുടെ 50% -തുകയാണ് അനുവദനീയമായിട്ടുള്ളത്. പദ്ധതി മാർഗരേഖ പ്രകാരം ഫുഡ് പ്രോസസിങ്ങ് യൂണിറ്റ് തുടങ്ങുന്നതിന് (ഖണ്ഡിക 6-5-2(20)) അടങ്കൽ തുകയുടെ 50%, പരമാവധി ₹150,000/ – ഉം വനിതകൾക്കുള്ള വ്യക്തിഗത സംരഭങ്ങൾക്ക് (ഖണ്ഡിക 6-5-2-(2)) ₹90,000/- ഉം ആണ് അനുവദനീയമായിട്ടുള്ള സബസിഡി. ഫയൽ പ്രകാരം സംരഭത്തിന്റെ പ്രോജക്ട് കോസ്റ്റ് ₹387,675/ആണ് .

1. ഗ്രൂപ്പ് സംരംഭങ്ങൾക്കായി വിഭാവനം ചെയ്ത പ്രോജക്ടിൽ ഒരു വ്യക്തിക്ക് സബ്സിഡി അനുവദിച്ചതിന് വിശദീകരണം നൽകിയില്ല

2.വനിതകൾക്കുള്ള വ്യക്തിഗത സംരംഭങ്ങൾക്ക് പരാമാവധി അനുവദനീയമായിട്ടുള്ള സബസിഡിയായ ₹90,000/-നേക്കാൾ അധികരിച്ച് ₹150,000/ – സബസിഡി നൽകിയതിനും വിശദീകരണം നൽകിയില്ല.

3. സംരംഭത്തിന്റെ പ്രവർത്തനം സംബന്ധിച്ച് നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 18/12-1-24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറപടി ലഭ്യമാക്കിയില്ല. അതിനാൽ ചെലവ് തുകയിൽ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ.)നം.115/2022 /എൽ.എസ്.ജി.ഡി. തീയതി.28.5.2022 ഖണ്ഡിക 6.5.2എ(2) പ്രകാരം അനുവദനീയമായ സബ്സിഡിയിൽ അധികരിച്ച് നൽകിയ ₹60000/- നിരാകരിക്കുകയും ബാക്കി ചെലവ് തുകയായ ₹90000/-തടസ്സപ്പെടുത്തുകയും ചെയ്യുന്നു. അപാകതകൾക്ക് വിശദീകരണം നൽകി തടസ്സം ഒഴിവാക്കേണ്ടതാണ്. നിരാകരണം ഖണ്ഡിക 3-2 ൽ ചേർത്തിട്ടുണ്ട്.

## 1-36 വനിത സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭം-അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |
| പ്രൊജക്റ്റ് നമ്പർ/പേര് | 94/23<br>വനിത സ്വയം തൊഴിൽ ഗ്രൂപ്പ് സംരഭം |
| അടങ്കൽ | ₹300000/- വികസന ഫണ്ട്-ജനറൽ<br>₹200000/-ഗുണഭോക്തൃവിഹിതം |
| ചെലവ് | ₹300000/ – വികസന ഫണ്ട്-ജനറൽ |
| ബിൽ നം | ACR Bill No 377/14-3-23 |

മേൽ പ്രോജക്റ്റ് പ്രകാരം അഞ്ച് പേരടങ്ങുന്ന വനിതാ ഗ്രൂപ്പിന് (കാരുണ്യ കുടുംബശ്രീയൂണിറ്റ്) **₹300000**/-ധനസഹായം നൽകിയിട്ടുള്ളതാണ്.കുടുംബശ്രീ യൂണിറ്റുകൾക്ക് വനിത സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭം തുടങ്ങുന്നതിന് ധനസഹായം നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്(സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)115/2022/എൽ.എസ്.ജി.ഡി. തീയതി.28.5.2022 ഖണ്ഡിക 6.5.2എ(3)). ഫയൽ പരിശോധിച്ചത് പ്രകാരം താഴെ ചേർത്ത അപാകതകൾ കാണുന്നു.

1. ഗ്രൂപ്പ് അംഗങ്ങളുടെ വരുമാന സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല.

2. സംരഭത്തിന്റെ പ്രേജക്റ്റ് റിപ്പോർട്ട് ഫയലിൽ ഇല്ല.

3. തൻ വർഷം ആരംഭിച്ച സംരംഭമാണോ എന്നതിന് വ്യക്തതയില്ല.

4. സംരംഭം തുടങ്ങുന്നത് സംബന്ധിച്ച് ആസ്തികൾ ആർജിച്ചതിന്റെ രേഖകൾ ലഭ്യമല്ല.

5. തുണികൾ, പ്രൊവിഷൻ ഐറ്റംസ് എന്നിവ വാങ്ങിയതിന്റെ ബില്ലുകൾ മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്.

6. സംരംഭത്തിന്റെ പ്രവർത്തനം സംബന്ധിച്ച് നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.

ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിനും അപാകതകൾക്ക് വിശദീകരണവും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 16/12-1-2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അതിനാൽ സബ്സിഡിയുടെ അനുവദനീയത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. അനുബന്ധരേഖകൾ സഹിതം തൃപ്തികരമായ വിശദീകരണം ലഭ്യമാക്കുന്നതു വരെ ₹300000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-37 ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പ്രോജക്റ്റുകൾ-അപാകതകൾ

ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പ്രോജക്റ്റുകൾ ഫയലുകൾ പരിശോധിച്ചതിൽ പൊതുവായ അപാകതകൾ താഴെ കൊടുക്കുന്നു.

1. സഹായം ലഭിച്ച സംഘങ്ങളുടെ / വ്യക്തികളുടെ വിവരങ്ങൾ മാത്രമാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്. ആകെ അപേക്ഷിച്ച സംഘങ്ങൾ, സ്വീകരിച്ച ഗ്രേഡിങ്ങ് എന്നിവ വ്യക്തമല്ല. സംഘങ്ങളുടെ രൂപീകരണം, ഗ്രേഡിങ്ങ് തീയതി എന്നിവ ലഭ്യമാക്കേണ്ടതാണ്.

2. സംരംഭങ്ങൾക്ക് പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. മേൽവിലാസം , വാടകകരാർ എന്നിവയും ലഭ്യമാക്കേണ്ടതാണ്.

3. നിർവഹണഉദ്യോഗസ്ഥൻ തുടർ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്തതിന്റെ രേഖകളില്ല. യൂണിറ്റിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമല്ല. മുൻവർഷങ്ങളിലേത് ഉൾപ്പെടെ സഹായം നൽകിയവരുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

4. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും റ്റി.ആർ 7എ മാതൃകയിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതും, എല്ലാ സ്രോതസ്സിൽനിന്നുമുള്ള പണം വരവും പണം നൽകലും രേഖപ്പെടുത്തേണ്ടതുമാണെന്ന് 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16 നിഷ്കർഷിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥയായ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ റ്റി.ആർ 7എ മാതൃകയിലുള്ള ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകളിൽ ആവശ്യമായ വിശദാംശങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

1. പ്രോജക്ട് നം 93/23 , സംരംഭകത്വ ക്ലബ്, എന്ന പ്രൊജക്ടിനായി ₹25000/ചെലവായിട്ടുണ്ട്. സംരംഭകത്വ ക്ലബ് സംബന്ധിച്ച പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

2. പ്രോജക്ട് നം 201 /23 , സ്വയം തൊഴിൽ സംരംഭങ്ങൾ- ജനറൽ എന്ന പ്രോജക്ടിൽ സബ്സിഡി ലഭിച്ച ജിത്ത് പൊയ്റ, മണലൂർ പഞ്ചായത്ത് നിവാസിയും നഗരസഭയിൽ വാടകതാമസക്കാരനുമാണ് എന്ന് കാണുന്നു. ടിയാൾ നഗരസഭയുടെ വോട്ടേർസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട് എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3. പ്രോജക്ട് നം 200/23, വനിത ഗ്രൂപ്പ് സ്വയം തൊഴിൽ സംരംഭം, എന്ന പ്രോജക്ടിൽ സബ്സിഡി ലഭിച്ച ഒരു ഗ്രൂപ്പിലെ (അൽ അമീൻ ഫ്ലോർ മിൽ) അംഗമായ ഷാഹിന എന്ന ഗുണഭോക്താവിന്റെ കുടുംബ വാർഷികവരുമാനം 5 ലക്ഷം രൂപയിൽ അധികമാണ് എന്ന് കാണുന്നു. ഗ്രൂപ്പ് സംരംഭങ്ങളിലും സംരംഭകരുടെ വരുമാന പരിധി അധികരിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

മേൽ പ്രോജക്ടുകളുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിനും അപാകതകൾക്ക് വിശദീകരണവും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 15/12-1-24 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

### 1-38 ഐ.കെ.എം പ്രവർത്തനഫണ്ട് - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണം

| | |
|---|---|
| പ്രോജക്ട് | 112/22, ഐ.കെ.എം വിഹിതം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹234387/- വികസന ഫണ്ട് പൊതു വിഭാഗം |
| ചെലവ് | ₹234387/- വികസന ഫണ്ട് പൊതു വിഭാഗം |
| ബിൽ നമ്പർ & തീയതി | ACR Bill No. 73/17-9-2022 |

മേൽ പ്രോജക്ട് പ്രകാരം ₹234387/- ഐ.കെ.എം.ന് കൈമാറിയിട്ടുണ്ട്. 2021-22 ലേക്കുള്ള Revised ഡിമാന്റായി ₹265365/- നിശ്ചയിച്ചതിനാൽ 2022-23 വർഷത്തെ ഡിമാന്റായ ₹268895/-ൽ നിന്ന് 2021-22 വർഷം അധികമായി നൽകിയ ₹34508/- കുറച്ച് ₹234387/- ആണ് തൻവർഷം നൽകിയിട്ടുള്ളത്. വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. 37/17-1-24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം നൽകണമെന്നാവശ്യപ്പെട്ട് ഐ.കെ.എം ജില്ല ഓഫീസർക്ക് കത്ത് നൽകിയതായി അറിയിച്ചു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ചെ ലവ് തുകയായ ₹234387/- തടസ്സപ്പെടുത്തുന്നു.

### 1-39 ഡെപ്പോസിറ്റ് വർക്കുകൾ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകൾ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്/ നം | ACR Bill No | മുൻകൂർ നൽകിയ തുക(₹) | ചെലവഴിച്ച തുക(₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | കെ.എസ്.ഇ.ബി പോസ്റ്റ് ഷിഫ്റ്റിങ്ങും ലൈൻ എക്സ്റ്റൻഷനും, 207/23 | 384/14-3-23 | 76760 | - | 76760 |
| | | 406/17-3-23 | 148638 | - | 148638 |
| | | 496/24-3-23 | 12036 | - | 12036 |
| | | 562/29-3-23 | 243261 | - | 243261 |
| | | 563/29-3-23 | 937666 | - | 937666 |
| | | 565/29-3-23 | 327758 | - | 327758 |
| | | 566/29-3-23 | 1038336 | - | 1038336 |
| ആകെ | | | 2784455 | - | 2784455 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, 206/23 | 139/19-11-22 | 2740000 | - | 2740000 |
| | | 240/30-1-23 | 250000 | | 250000 |
| | | 241/30-1-23 | 540000 | | 540000 |
| | | 299/21-2-23 | 170000 | | 170000 |
| | | 500/25-3-23 | 1300000 | - | 1300000 |
| ആകെ | | | 5000000 | - | 5000000 |

മുൻകൂർ നൽകിയ തുകകൾക്കുള്ള പ്രവൃത്തികൾ പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 36/17-1-24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്

സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് മേൽ സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുള്ളതാണെന്ന് അറിയിച്ചു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ നിക്ഷേപ പ്രവൃത്തികൾക്കായി തൻവർഷം ആകെ മുൻകൂർ ഇനത്തിൽ ചെലവഴിച്ച ₹ 7784,455/-തടസ്സപ്പെടുത്തുന്നു.

**1-40 നഗരസഭ ഓഫീസിലേക്ക് ലാപ്ടോപ്പ് വാങ്ങൽ-അപാകതകൾ**

| | |
|---|---|
| പ്രോജക്റ്റ് | 113/22, നഗരസഭ ഓഫീസിലേക്ക് ലാപ്ടോപ്പ് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹1200000/- തനത് ഫണ്ട് |
| ചെലവ് | ₹965400/- |
| ബിൽ നമ്പർ & തീയതി | ചെക്ക് നം 446770/3-2-23 |

മേൽ പ്രോജക്റ്റ് പ്രകാരം നഗരസഭ ഓഫീസ് ആവശ്യങ്ങൾക്കായി 20 ലാപ്ടോപ്പുകൾ ₹48270/- നിരക്കിൽ വാങ്ങിയതിന് ആകെ ₹965400/- ചെലവായിട്ടുണ്ട്. GeM Portal വഴി K M Technologies എന്ന സ്ഥാപനത്തിൽ നിന്നാണ് ലാപ്ടോപ്പുകൾ വാങ്ങിയിട്ടുള്ളത് ( Invoice KMR/22-23/1451/15-12-22, ₹482700/-; Invoice KMR/22-23/1452/15-12-22, ₹482700/-) ഇതുമായി ബന്ധപ്പെട്ട് അപാകതകൾ താഴെ ചേർക്കുന്നു.

1. ഓഫീസിൽ ലഭ്യമായ ലാപ്ടോപ്പുകൾ/ കമ്പ്യൂട്ടറുകൾ എന്നിവയുടെ വിവരങ്ങളോ ആവശ്യമായ ലാപ്ടോപ്പുകൾ സംബന്ധിച്ച് വിവരശേഖരണം നടത്തിയതിന്റെ വിശദാംശങ്ങളോ ഫയലിൽ ലഭ്യമല്ല.

2. GeM Portal വഴിയുള്ള ₹50000/ മുതൽ ₹3000000/- വരെയുള്ള വാങ്ങലുകളിൽ ഗുണനിലവാരവും സ്പെസിഫിക്കേഷനും അനുയോജ്യമാണെങ്കിൽ കുറഞ്ഞത് മൂന്ന് വ്യത്യസ്ത നിർമ്മാതാക്കളിൽ നിന്ന് ഏറ്റവും കുറവ് രേഖപ്പെടുത്തിയ നിർമ്മാതാവിൽ നിന്നാണ് സാധനങ്ങൾ വാങ്ങേണ്ടത്. എന്നാൽ ഇത്തരത്തിൽ മൂന്ന് വ്യത്യസ്ത നിർമ്മാതാക്കളുടെ വിലകൾ താരതമ്യം ചെയ്യാതെ K M Technologies എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയതായി കാണുന്നു.

3 ലാപ്ടോപ്പുകൾ നഗരസഭയുടെ മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് നിലവിൽ നഗരസഭയിൽ ലഭ്യമായ ലാപ്ടോപ്പുകൾ/ കമ്പ്യൂട്ടറുകൾ എന്നിവയുടെ എണ്ണം വ്യക്തമാകും വിധം രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

4 ലഭ്യമായ ലാപ്ടോപ്പുകളുടെ സ്പെസിഫിക്കേഷൻ ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടില്ല. സ്പെസിഫിക്കേഷൻ വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 11-1-24 ലെ 39ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വിവരശേഖരണം നടത്തി ആവശ്യമായ/അടിയന്തിര പ്രാധാന്യമുള്ള ജീവനക്കാർക്കാണ് ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടുള്ളതെന്നും ജെം-പോർട്ടൽ വഴി 3 കമ്പനികളിൽ നിന്നും താരതമ്യ പഠനം നടത്തിയാണ് ലാപ്ടോപ്പ് വാങ്ങിയതെന്നും ലാപ്ടോപ്പ് മെയിൻ സ്റ്റോക്കിൽ ചേർത്തിട്ടുണ്ടെന്നും ലാപ്ടോപ്പുകളുടെ സ്പെസിഫിക്കേഷൻ ഇൻവോയ്സിൽ ലഭ്യമായ സീരിയൽ നമ്പർ പ്രകാരമാണ് എന്നും അറിയിച്ചു.എന്നാൽ മറുപടിയിൽ പറഞ്ഞകാര്യങ്ങൾ പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ രേഖകളും വിശദീകരണവും ലഭ്യമാക്കുന്നതുവരെ ചെലവഴിച്ച ₹ 965400/- തടസ്സപ്പെടുത്തുന്നു.

**1-41 നൈപുണ്യ നഗരം-വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലനം-അപാകത**

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 190/23 |
| പ്രൊജക്റ്റിന്റെ പേര് | നൈപുണ്യ നഗരം-വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലനം |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹40,000/-(പൊതു വിഭാഗം വികസന ഫണ്ട്) |
| ചെലവ് | ₹27,200/-(ACRബിൽ നമ്പർ-499/25.3.23) |

തൃക്കാക്കര നഗരസഭ പരിധിയിലെ 60 വയസു കഴിഞ്ഞ വയോജനങ്ങൾക്ക് കംപ്യൂട്ടർ പരിജ്ഞാനം ലഭിക്കുന്നതിന് പരിശീലന പരിപാടി സംഘടിപ്പിക്കാൻ പ്രൊജക്റ്റ് ഏറ്റെടുക്കുകയും 2023 മാർച്ച് മാസത്തിൽ 06.03.23 മുതൽ 16.03.23 വരെയുള്ള കാലയളവിൽ 10 ദിവസത്തെ പരിശീലന പരിപാടി ഐ.എച്ച്.ആർ.ഡി.യുടെ ആഭിമുഖ്യത്തിൽ കാക്കനാട് നഗരസഭ കമ്മ്യൂണിറ്റി ഹാളിൽ വെച്ച് നടത്തുകയും ചെയ്തു. പരിശീലന പരിപാടിയ്ക്കായി 57 പേരുടെ ലിസ്റ്റ് തയ്യാറാക്കുകയും 34 പേർ പരിശീലന ത്തിൽ പങ്കെടുക്കുകയും ചെയ്തു. പരിശീലനത്തിൽ പങ്കെടുക്കുന്ന ഒരു വ്യക്തിക്ക് ₹800/- നിരക്കിൽ 34 വ്യക്തികളുടെ ഫീസ് ₹27,200/- ഐ.എച്ച്.ആർ.ഡി.ക്ക് സ്ഥാപനത്തിന്റെ ഇൻവോയ്സ് പ്രകാരം വികസന ഫണ്ടിൽ നിന്നും നൽകുകയും ചെയ്തു.

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ. തീയതി 28.5.22, ഖണ്ഡിക 8.5(ii) പ്രകാരം സംരംഭം തുടങ്ങുന്നതിന്റെ ഭാഗമായോ തൊഴിൽ നൽകുന്നതിന്റെ ഭാഗമായോ അല്ലാതെ

കമ്പ്യൂട്ടർ പരിശീലന പരിപാടിക്ക മാത്രമായി പ്രൊജക്ട് ഏറ്റെടുക്കാവുന്നതല്ല. 60 വയസിനു മുകളിൽ പ്രായം ഉള്ളവർക്ക് പരിശീലനം നൽകിയത് വഴി മാർഗരേഖയ്ക്ക് വിരുദ്ധമായി, വികസന ഫണ്ട് ചെലവഴിച്ച് പ്രൊജക്ട് നടപ്പിലാക്കിയത് ക്രമപ്രകാരമുള്ള നടപടിയല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 17-1-24 ലെ 38ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയിൽ പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)86/2022 ത.സ്വ.ഭ.വ.തീയതി 19.4.2022 ആമുഖ ഖണ്ഡിക 7 പ്രകാരം ജില്ല തല സമിതി നിർദ്ദേശിക്കുന്ന പദ്ധതികൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കാവുന്നതാണെന്നും മാർഗ്ഗരേഖ പ്രകാരമാണ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതെന്നും അറിയിച്ചു എന്നാൽ സബ്സിഡി മാർഗ്ഗരേഖയിൽ ഇത്തരത്തിലുള്ള പദ്ധതികൾ ഏറ്റെടുക്കാവുന്നതല്ല എന്നു പരാമർശിച്ചിട്ടുള്ളതിനാൽ മറുപടി അംഗീകരിക്കാനാകില്ല.സർക്കാർ ഉത്തരവിനു വിരുദ്ധമായി ഏറ്റെടുത്ത പ്രസ്തുത പ്രൊജക്ടിന്റെ ചെലവഴിച്ച ₹27,200/-തടസപ്പെടുത്തുന്നു. സർക്കാർ ഉത്തരവിനു വിരുദ്ധമായി ചെലവ് ചെയ്തതിനാൽ പ്രസ്തുത ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതും തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 1-42 സ്വയം തൊഴിൽ വനിത സംരംഭങ്ങൾക്ക് ധനസഹായം - അപാകതകൾ.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |
| പ്രൊജക്ട് നമ്പർ/പേര് | 199/23, സ്വയം തെഴിൽ വനിത -ജനറൽ |
| അടങ്കൽ | ₹900000/- വികസന ഫണ്ട്-ജനറൽ<br>₹1200000/-ഗുണഭോക്തൃവിഹിതം |
| ചെലവ് | ₹591566/ – വികസന ഫണ്ട്-ജനറൽ |
| ബിൽ നം | ACR Bill No<br>474/24-3-23, ₹270000/-<br>573/30-3-23,₹231566/-<br>574/30-3-23, ₹90000/- |

മേൽ പ്രോജക്ട് പ്രകാരം ഏഴ് ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിന് ധനസഹായം നൽകിയിട്ടുള്ളതാണ്. ഇവരിൽ താഴെ ചേർത്ത ഗുണഭോക്താക്കളുടെ ഫയലുകൾ പരിശോധിച്ചതിൽ അപാകതകൾ കാണുന്നു.

| ക്രമ നം | പേര് | നൽകിയ തുക(₹) | അപാകത | | | |
|---|---|---|---|---|---|---|
| 1 | നന്ദകുമാരി | 90000 | വരുമാന സർട്ടിഫിക്കറ്റ് ഇല്ല | പ്രോജക്ട് റിപ്പോർട്ട് ഇല്ല | ആസ്തി വിവരം ഇല്ല | പ്രൊവിഷൻ/ വിൽപനയ്ക്കുള്ള സാധനങ്ങൾ വാങ്ങിയ ബില്ലുകൾ മാത്രം |
| 2 | പ്രിയകുമാരി | 90000 | വരുമാന സർട്ടിഫിക്കറ്റ് ഇല്ല | | | |
| 3 | രഹ് മത്ത് | 90000 | - | | ആസ്തി വിവരം ഇല്ല | പ്രൊവിഷൻ/ വിൽപനയ്ക്കുള്ള സാധനങ്ങൾ വാങ്ങിയ ബില്ലുകൾ മാത്രം |
| 4 | അനിലമോൾ | 90000 | വരുമാന സർട്ടിഫിക്കറ്റ് ഇല്ല | പ്രോജക്ട് റിപ്പോർട്ട് ഇല്ല | ആസ്തി വിവരം ഇല്ല | മരുന്ന് വാങ്ങിയ ബില്ലുകൾ മാത്രം |

മേൽ സംരംഭങ്ങൾ തൻ വർഷം ആരംഭിച്ച സംരംഭങ്ങളാണോ എന്നതിന് വ്യക്തതയില്ല. നഗരസഭ ലൈസൻസ് , ഉദ്യം രജിസ്ട്രേഷൻ എന്നിവ ലഭ്യമല്ല. ക്രമ 1, 2, 4 എന്നീ സംരംഭങ്ങൾ വിൽപനയ്ക്കുള്ള സാധനങ്ങൾ വാങ്ങിയതിന് ചെലവാക്കിയ തുകയുടെ അടിസ്ഥാനത്തിൽ മാത്രം സബ്സിഡി അനുവദിച്ചതായി കാണുന്നു. സംരംഭത്തിന്റെ പ്രവർത്തനം സംബന്ധിച്ച് നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 12-1-24 ലെ 19ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല. ആവശ്യമായ രേഖകളും വിശദീകരണവും ലഭ്യമാക്കുന്നതുവരെ ഈ ഗുണഭോക്താക്കൾക്ക് നൽകിയ ₹360000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-43 ഭവനപുനരുദ്ധാരണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ

നഗര ദാരിദ്ര്യനിർമ്മാർജ്ജന സെൽ പ്രോജക്റ്റ് ഓഫീസർ നിർവഹണോദ്യോഗസ്ഥനായി ഭവനപുനരുദ്ധാരണം എന്ന പദ്ധതികൾക്കായി 2022-23 വർഷം താഴെചേർത്ത 4 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുള്ളതാണ്. മുൻവർഷങ്ങളിൽ ആരംഭിച്ച പ്രോജക്ടുകൾ സ്പിൽ ഓവർ പ്രോജക്ടുകളായി നിലവിലും തുടരുന്നതായും ഓരോവർഷവും പുതിയ പ്രോജക്ടുകൾ ആരംഭിക്കുന്നതായും കാണുന്നു. ആദ്യ ഗഡു അനുവദിക്കുമ്പോൾ 3 മാസത്തിനുള്ളിൽ പണി പൂർത്തീകരണത്തിന് കരാർ വയ്ക്കുന്നുവെങ്കിലും കൃത്യമായി പാലിക്കപ്പെടുന്നില്ല. തുടർ വർഷങ്ങളിൽ സ്പിൽ ഓവർ പ്രോജക്ടുകളായി ഉൾപെടുത്തി പുതിയ അപേക്ഷകർക്ക് ഒന്നാം ഗഡുവും മുൻവർഷങ്ങളിൽ ഒന്നാം ഗഡു നൽകിയവർക്ക് രണ്ടാം ഗഡുവും അനുവദിക്കുന്നതിനാൽ പദ്ധതി വർഷങ്ങളായി തുടർന്നുപോകുന്ന സാഹചര്യം ഉണ്ടാകുന്നു. രജിസ്റ്ററുകളിൽ ആവശ്യമായ വിശദാംശങ്ങൾ രേഖപ്പെടുത്തി ഇതുവരെയുള്ള ചെലവുമായി പൊരുത്തപ്പെടുത്തിയിട്ടില്ലാത്തതിനാൽ കൃത്യത ഉറപ്പുവരുത്താനാകുന്നില്ല.

1)പ്രോജക്റ്റ് നം 423/23, ഭവനപുനരുദ്ധാരണം- ജനറൽ( അടങ്കൽ, വികസനഫണ്ട്-ജനറൽ ₹9520550/- , തനത് ഫണ്ട്-₹7679450/-; ചെലവ്, വികസന ഫണ്ട്-ജനറൽ ₹7880000/-)

| ACR Bill No | തുക(₹) |
|---|---|
| 218/18-23 | 1000000 |
| 229/25-123 | 1000000 |
| 328/9-3-23 | 980000 |
| 329/9-3-23 | 980000 |
| 330/9-3-23 | 780000 |
| 357/13-3-23 | 460000 |
| 374/13-3-23 | 480000 |
| 417/18-323 | 320000 |
| 448/21-3-23 | 360000 |
| 449/21-3-23 | 360000 |
| 466/23-3-23 | 500000 |
| 538/28-3-23 | 660000 |
| ആകെ | 7880000 |

A)ഫയൽ പ്രകാരം 240 പേർക്ക് ആദ്യഗഡുവും 77 പേർക്ക് ആദ്യഗഡുവും രണ്ടാം ഗഡുവും ഒരു ഗഡുവിന് ₹20000/- നിരക്കിൽ ആകെ ₹7880000/- രൂപയാണ് ചെലവായത് (ഒന്നാം ഗഡു-₹20000/-, രണ്ടാം ഗഡു-₹20000/- , ആകെ ₹40000/-). സ്പിൽ ഓവർ പ്രോജക്ടായി 2023-24ൽ തുടരുന്ന ഈ പ്രോജക്ടിൽ നിന്ന് 2022-23ൽ ആദ്യഗഡു കൈപ്പറ്റിയ ധാരാളം പേർ പദ്ധതി പൂർത്തീകരിച്ച് രണ്ടാം ഗഡു സ്വീകരിച്ചതായി കാണുന്നില്ല. രജിസ്റ്ററിൽ 2022-23 വർഷം വരെ 320 പേരുടെ വിവരങ്ങൾ രേഖപ്പെടുത്തിയതായി കാണുന്നു. രജിസ്റ്ററിൽ രേഖപ്പെടുത്തിയ ആകെ ഗുണഭോക്താക്കളുടെ എണ്ണം പൊരുത്തപ്പെടുന്നില്ല. ഗുണഭോക്തൃ രജിസ്റ്ററിൽ കൃത്യമായ ബിൽ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ കൃത്യമാക്കി വിവിധ വർഷങ്ങളിൽ പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് നൽകിയ ആകെ തുക രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

2)പ്രോജക്റ്റ് നം 18/23, വാസയോഗ്യമല്ലാത്ത ഭവനങ്ങൾ വാസയോഗ്യമാക്കൽ (അടങ്കൽ തനത് ഫണ്ട്-₹666000/- ;ചെലവ്, തനത് ഫണ്ട്-₹1340000/-)

| ചെക്ക് നം | തുക(₹) |
|---|---|
| 426968/27-6-22 | 320000 |
| 426700/12-7-22 | 320000 |
| 75600/13-10-22 | 100000 |
| 78776/14-12-22 | 220000 |
| 80362/10-2-23 | 220000 |
| 83783/25-3-23 | 160000 |
| ആകെ | 1340000 |

A)ഗുണഭോക്താക്കൾക്ക് ഗഡുക്കളായി വിതരണം ചെയ്ത തുകകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന വിതരണ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. ഗുണഭോക്തൃ രജിസ്റ്ററിൽ കൃത്യമായ ബിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. രജിസ്റ്ററിൽ രേഖപ്പെടുത്തിയ ആകെ ഗുണഭോക്താക്കളുടെ എണ്ണവും പൊരുത്തപ്പെടുന്നില്ല. 2020-21-ൽ ആരംഭിച്ച് പദ്ധതിയിൽ 2020-21-ൽ ₹220000/- , 2021-22-ൽ ₹4780000/, 2022-23-ൽ ₹1340000/-, 2023-24-ൽ ₹240000/- എന്നിങ്ങനെ ₹6580000/- ആണ് ഇതുവരെ ചെലവായിട്ടുള്ളത്(ഒന്നാം ഗഡു-₹20000/-, രണ്ടാം ഗഡു-₹20000/- , ആകെ ₹40000/-). രജിസ്റ്ററിൽ രേഖപ്പെടുത്തിയ 173 പേരിൽ 16 പേർക്ക് ഇനിയും രണ്ടാം ഗഡു

നൽകാനുണ്ട്. രജിസ്റ്റർ കൃത്യമാക്കി വിവിധ വർഷങ്ങളിൽ നൽകിയ ആകെ തുക രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

3) പ്രോജക്ട് നം 17/23, ഭവനപുനരുദ്ധാരണം- ജനറൽ(അടങ്കൽ- തനത് ഫണ്ട്-₹10000000/- ;ചെലവ്, തനത് ഫണ്ട്-₹6180000/-)

| ചെക്ക് നം | തുക(₹) |
|---|---|
| 426949/15-6-22 | 780000 |
| 426968/27-6-22 | 180000 |
| 427054/24-8-22 | 540000 |
| 446680/22-9-22 | 700000 |
| 446736/3-11-22 | 1100000 |
| 78759/5-12-23 | 1200000 |
| 80332/17-1-23 | 760000 |
| 80332/17-1-23 | 460000 |
| 83746/17-3-23 | 460000 |
| ആകെ | 6180000 |

A)ഗുണഭോക്താക്കൾക്ക് ഗഡുക്കളായി വിതരണം ചെയ്ത തുകകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന വിതരണ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. ഗുണഭോക്തൃ രജിസ്റ്ററിൽ കൃത്യമായ ബിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. രജിസ്റ്ററിൽ രേഖപ്പെടുത്തിയ ആകെ ഗുണഭോക്താക്കളുടെ എണ്ണവും പൊരുത്തപ്പെടുന്നില്ല. 2021-22-ൽ ആരംഭിച്ച് പദ്ധതിയിൽ , 2022-23-ൽ, ₹6180000/-, 2023-24-ൽ ₹920000/- എന്നിങ്ങനെ ആകെ ₹7100000/- രൂപയാണ് ഇതുരെ ചെലവായിട്ടുള്ളത്(ഒന്നാം ഗഡു-₹20000/-, രണ്ടാം ഗഡു-₹20000/- , ആകെ ₹40000/-).രജിസ്റ്ററിൽ രേഖപ്പെടുത്തിയ 161 പേരിൽ 16 പേർക്ക് ഇനിയും രണ്ടാം ഗഡു നൽകാനുണ്ട്. രജിസ്റ്റർ കൃത്യമാക്കി വിവിധ വർഷങ്ങളിൽ നൽകിയ തുകകൾ രജിസ്റ്ററുമായി പെരുത്തപ്പെടുത്തി പരിശോനയ്ക്കായി ഹാജരാക്കേണ്ടതാണ്.

B)ബോബൻ പി ജെ, അബ്ദുൾ ലത്തീഫ്, നാദിറ കരീം എന്നിവരുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല.

4) പ്രോജക്ട് നം 102/23, ഭവനപുനരുദ്ധാരണം- ജനറൽ(അടങ്കൽ- തനത് ഫണ്ട്-₹2000000/- ;ചെലവ്, തനത് ഫണ്ട്-₹360000/-, ചെക്ക് നം -80362/10-2-23)

A)ഗുണഭോക്താക്കൾക്ക് ഗഡുക്കളായി വിതരണം ചെയ്ത തുകകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന വിതരണ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. ഗുണഭോക്തൃ രജിസ്റ്ററിൽ കൃത്യമായ ബിൽ വിരങ്ങൾ രേഖപ്പെടുത്തുന്നില്ല. രജിസ്റ്ററിൽ രേഖപ്പെടുത്തിയ ആകെ ഗുണഭോക്താക്കളും പൊരുത്തപ്പെടുന്നില്ല. ഫയൽ പ്രകാരം 2019-20-ൽ ആരംഭിച്ച പദ്ധതിയിൽ 2019-20-ൽ ₹1980000/-, 2020-21-ൽ ₹5380000/- , 2021-22-ൽ ₹720000/, 2022-23-ൽ ₹360000/- എന്നിങ്ങനെ ₹8440000/- രൂപയാണ് ഇതുവരെ ചെലവായിട്ടുള്ളത്.(ഒന്നാം ഗഡു-₹20000/-, രണ്ടാം ഗഡു-₹20000/- , ആകെ ₹40000/-) .ഓരോവർഷവും ചെലവായ തുകകളുടെ കൃത്യത ഉറപ്പുവരുത്തി രജിസ്റ്റർ കൃത്യമാക്കേണ്ടതും വിവിധ വർഷങ്ങളിൽ നൽകിയ ആകെ തുക രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്.

B)2019-20-ൽ ആരംഭിച്ച പദ്ധതിയിൽ ആദ്യ ഗഡു കൈപറ്റിയ താഴെചേർത്ത ഗുണഭോക്താക്കൾ രണ്ടാം ഗഡു ഇതുവരെ കൈപറ്റിയില്ല

1. ഐസക് പി പി- വാർഡ് 9
2. ഫ്ലോറി -വാർഡ് 43
3. മുഹമ്മദ് എം എച്ച്-വാർഡ് 38
4. ശശീന്ദ്രൻ നായർപി കെ-വാർഡ് 7
5. ദാമോദരൻ എം കെ-വാർഡ് 6
6. രവീന്ദ്രൻ കെ ടി-വാർഡ് 12
7. മാർട്ടിൻ-വാർഡ് 43
8. ഷീല -വാർഡ് 15
9. ഷാമോൾ-വാർഡ് 5

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ ആദ്യഗഡു കൈപ്പറ്റിയെങ്കിലും ഇതുവരെ പണി പൂർത്തീകരിക്കാത്തതിനാൽ കരാർ പ്രകാരം നല്കിയ ആദ്യഗഡു തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

5.മേൽ ചേർത്ത എല്ലാ പ്രോജക്ടുകളിലും താഴെ ചേർത്ത അപാകതകൾ കൂടി കാണുന്നു.

A) അപേക്ഷകന്റെ എസ്റ്റിമേറ്റ് അടിസ്ഥാനത്തിൽ ആദ്യ ഗഡു തുക അനുവദിച്ചിരിക്കുകയും പണി പൂർത്തീകരിച്ചത് സംബന്ധിച്ചുള്ള ഓവർസീയറുടെ വാല്യേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാതെ പണി പൂർത്തീകരിച്ചതായി ഓവർസീയർ ഫയലിൽ രേഖപ്പെടുത്തിയതു പ്രകാരം അവസാന ഗഡു അനുവദിച്ചതായും കാണുന്നു. അവസാന ഗഡു നൽകുന്നതിന് മുമ്പ് പണി പൂർത്തീകരിച്ച് എൽ എസ് ജി ഡി എഞ്ചിനീയർ/ഓവർസീയർ പരിശോധിച്ച് മൂല്യനിർണ്ണയം നടത്തുന്നതിനനുസരിച്ചാണ് സബ്സിഡി നിർണ്ണയിക്കേണ്ടത്. എന്നാൽ ഇത്തരത്തിൽ തുക അനുവദിച്ചതുമൂലം യഥർത്ഥത്തിൽ അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരമാണോ പണിപൂർത്തീകരിച്ചതെന്നോ, പൂർത്തീകരിച്ച പണിയുടെ വാല്യുവേഷൻ അനുസരിച്ചാണോ തുക അനുവദിച്ചിട്ടുള്ളത് എന്നോ ഉറപ്പാക്കാനാകുന്നില്ല. ഇത്തരത്തിൽ വാല്യേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ തുക അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

B)ബില്ലുകൾ പാസ്സായതിനു ശേഷം ഗുണഭോക്താക്കളുടെ UTR നമ്പർ രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് ഫയലിൽ സൂക്ഷിക്കുന്നില്ല. ആയതിനാൽ തുക യഥാർത്ഥ ഗുണഭോക്താവിന്റെ അക്കൗണ്ടിലാണ് വരവായിട്ടുള്ളത് എന്ന് ഉറപ്പാക്കാനാവുന്നില്ല. ബില്ലുകൾ പാസ്സായതിനു ശേഷം ഗുണഭോക്താക്കളുടെ UTR നമ്പർ രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് അതത് സമയത്തു തന്നെ കൃത്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 19-1--24 ലെ 51ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. നിർദേശങ്ങൾ പാലിക്കേണ്ടതും അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-44 ബാലസഭയ്ക്ക് പ്രവർത്തനം മെച്ചപ്പെടുത്തൽ-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം/വർഷം | 25/2023 (സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | ബാലസഭയ്ക്ക് പ്രവർത്തനം മെച്ചപ്പെടുത്തൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | ₹53000/- |
| ചെലവ് | ₹53000/-(വികസന ഫണ്ട്) |
| എ.സി.ആർ ബിൽ നം./തിയതി | 5/27.5.2022 |

മേൽ പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1)മുൻ വർഷം സ്പിൽ ഓവർ ആയ പ്രൊജക്റ്റിന്റെ പ്രൊജക്റ്റ്-അനുബന്ധ രേഖകൾ ഫയലില്ല. താഴെ ചേർത്തിരിക്കുന്ന ബില്ലുകൾ പ്രകാരം 100 കുട്ടികളാണ് കുട നിർമ്മാണ പരിശീലനത്തിൽ പങ്കെടുത്തിരിക്കുന്നത്. കുട നിർമ്മാണ പരിശീലനം എന്നാണ് നടന്നതെന്ന് സംബന്ധിച്ച രേഖകൾ ലഭ്യമല്ല.

2)നിർവ്വഹണ ഉദ്യോഗസ്ഥയുടെ നടപടി ക്രമപ്രകാരം സി.ഡി.എസ് മെമ്പർ സെക്രട്ടറി &ചെയർപേഴ്സന്റെ പേരിൽ കാക്കനാടുള്ള യൂണിയൻ ബാങ്ക് അക്കൌണ്ട് (നം.025241000008459) ലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. എന്നാൽ നേരിട്ട് ബെനിഫിഷ്യറികളുടെ (താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന ബിൽ ഇൻവോയ്സ് പ്രകാരമുള്ള സ്ഥാപനങ്ങളുടെ) അക്കൗണ്ടുകളിലേക്ക് തുക ട്രാൻസ്ഫർ ചെയ്തിട്ടില്ല. യുടിആർ/ഓൺലൈൻ ട്രാൻസാക്ഷൻ സംബന്ധിച്ചോ തുക കൈപ്പറ്റിയതിന്റെയോ രേഖകൾ ലഭ്യമല്ല.

| ക്രമ നം | ബിൽ നം/തിയതി | ഇനം | തുക | അനുവദിച്ച തുക |
|---|---|---|---|---|
| 1 | ഇല്ല/11.12.2021 | ഹോണറേറിയം (7 പേർ) | 7x₹1100 | ₹7700 |
| 2 | Centre For Alternate Learning & Living Chalakudyയുടെ ബിൽ ഇൻവോയ്സ് നം 122/11.12.21 | കുട നിർമ്മാണ സാമഗ്രികൾ | ₹230 X 100 | ₹23000 |
| 3 | Veevee Sound Publicity Kakanad ന്റെ ബിൽ ഇൻവോയ്സ് നം1054/11.12.2021 | Sound | ₹3500 | ₹3500 |
| 4 | കുടുംബശ്രീ തനിമ ഹോട്ടൽ ബിൽ ഇൻവോയ്സ് നം 71/11.12.2021 | ഭക്ഷണം | ടീ-സ്നാക്ക്സ് 1)₹20x100=2000 മീൽസ് 2)₹149x100=14900 ടീ-സ്നാക്ക്സ് 3)₹20x100=2000 | ₹18900 |
| | | ആകെ | | ₹53100 |

3)സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി മാത്രമേ വികസന പ്രോജക്ടുകൾ പ്രകാരം പരിശീലനം നടത്താവൂ. പരിശീലനം നൽകിയവരുടെ വിവരം ലഭ്യമല്ല. ഇപ്രകാരം ഹോണറേറിയവും അനുവദനീയമല്ല. കുട നിർമ്മാണ പരിശീലനം എന്ന പ്രോജക്ട് മാത്രം ബാലസഭ പ്രവർത്തനം മെച്ചപ്പെടുത്താൻ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല.

4) ബിൽ നം. 1 പ്രകാരം ഹോണറേറിയം ഇനത്തിൽ 7 പേർക്ക് ₹1100 വീതം ആകെ ₹7700/- നൽകിയതായി കാണുന്നു. ടി റിസോഴ്സ് പേഴ്സൺമാരുടെ യോഗ്യത, പേര് എന്നീ വിവരങ്ങൾ, 7 പേരും തുക കൈപ്പറ്റിയതിന്റെ രസീത് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു(59/19.1.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതകൾക്കുള്ള മറുപടി പ്രൊജക്റ്റ് ഫയൽ, ബെനിഫിഷ്യറി പേമെന്റ് വിവരം,പരിപാടി നടത്തിയതിന്റെ തീയതി അടക്കമുള്ള അറ്റൻഡൻസ് രജിസ്റ്റർ , പരിപാടിയുടെ ഫോട്ടോസ് എന്നിവ സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.ആവശ്യമായ രേഖകളും വിശദീകരണവും ലഭ്യമാക്കുന്നതു വരെ ₹ 53000/-ടെ ചെലവ് തടസ്സപ്പെടുത്തുന്നു

**1-45 ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം നൽകൽ-അപാകതകൾ**

| | |
|---|---|
| പ്രോജക്ട് നം, പേര് | 145/23,<br>ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം നൽകൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | ₹1700000/-<br>₹700000/-(വികസനഫണ്ട് )<br>₹1000000/-(ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ്,<br>(എസിആർ ബിൽ നം./തീയതി) | ₹700000/-(വികസനഫണ്ട് )<br>(294/19.2.23)<br>₹1000000/-(ധനകാര്യ കമ്മീഷൻ അവാർഡ്)<br>(301/22.2.23) |

പ്രോജക്ട് മുഖേന താഴെപ്പറയുന്ന 17ഗുണഭോക്താക്കൾക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ വാങ്ങി നൽകുന്നതിലേക്ക് ₹1700000/- വികസന ഫണ്ടിൽ നിന്നും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നുമായി കെൽട്രോണിന് അനുവദിച്ചിട്ടുണ്ട്.(കെൽട്രോൺ ബിൽ ഇൻവോയ്സ് നം PR/39/22-23 തീ 14.2.23 തുക ₹1700000/-)

1)വിബിൻ ബോസ് എം വി, ഞാലിക്കാട്ടിൽ-വാർഡ് 2

2)കെ എ വർഗ്ഗീസ് കളരിക്കൽ-വാർഡ് 2

3)സുലൈമാൻ പട്ല--വാർഡ് 30

4)എം കെ മത്തായി, മുളവരിക്കൽ--വാർഡ് 2

5)കൃഷ്ണൻ കുട്ടി കെ എം കണ്ണായത്ത്-വാർഡ് 23
6)മാത്യു ടി.എ, തറമ്മേൽ-വാർഡ് 33

7) ജബ്ബാർ പുന്നത്തോട്ടിൽ-വാർഡ് 23

8)വർഗ്ഗീസ് ജോഷി, കുറ്റിക്കാട്ട്-വാർഡ് 33

9)കെ ആർ നന്ദകുമാരൻ കൊളവേലി-വാർഡ് 27

10)അയൂബ് പി എ,പുതുവാമൂല--വാർഡ് 38

11)സാക്കിർ ഹുസ്സൈൻ കെ എം മാനത്ത് കുറ്റിക്കാട്--വാർഡ് 29

12)സജീനത്ത് ടി എ-വാർഡ് 35

13)-കെ ഐ അബ്ദുൾ റഹിമാൻ--വാർഡ് 10

14)ടി സുരേഷ്--വാർഡ് 35

15)ഷാലി കെ ജെ കപ്പോട്--വാർഡ് 39

16)ഷാജികുമാർ എം ആർ മുളിക്കല്ലിൽ--വാർഡ് 20

17)മുഹമ്മദ് റാഫി-നെടുമുറ്റത്ത്--വാർഡ് 20

പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു

എ) സുലേഖ പത്രികയും എ.സി.ആറും അനുസരിച്ച് തൻവർഷം ₹1000000/- ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ₹700000/- വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കെൽട്രോണിന് തുക നൽകിയിയതിന്റെ യുടിആർ/ പിഎഫ്എംസ് ഓൺലൈൻ ട്രാൻസാക്ഷൻ വിവരമോ കെൽട്രോണി ൽ നിന്നുള്ള തുക കൈപ്പറ്റ് വിവരമോ രേഖയായി സൂക്ഷിച്ചിട്ടില്ല

ബി) സബ്സിഡി മാർഗ്ഗരേഖ പ്രകാരം (ഖണ്ഡിക-7.1.2(6) മുച്ചക്രവാഹനം അനുവദിക്കുന്ന ഗുണഭോക്താക്കൾക്ക് മോട്ടോർ വാഹന വകുപ്പിന്റെ ഡ്രൈവിംഗ് ലൈസൻസ് പിന്നീടായാലും ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ആനുകൂല്യം അനുവദിച്ച 17 ഗുണഭോക്താക്കളുടെയും അപേക്ഷകൾ , ലൈസൻസ് രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

സി)17 വാഹനങ്ങളും രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.രേഖകൾ പരിശോധനക്ക് മറുപടി സഹിതം

ലഭ്യമാക്കുന്നതു വരെ ₹1700000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഡി) 12 വാഹനങ്ങൾ 12.4.23 ലും 5 വാഹനങ്ങൾ 13.4.23 ലും ചേസിസ് നം,ടി പി നം(ടെംപററി പെർമിറ്റ് നം) സഹിതം കൈപ്പറ്റിയതായി കാണിച്ച് നിർവ്വഹണ ഉദ്യോഗസ്ഥ കെൽട്രോണിലേക്ക് അയക്കാൻ തയ്യാറാക്കിയ കൈപ്പറ്റ് രേഖ സൂക്ഷിച്ചിട്ടുണ്ട്.എന്നാൽ വാഹനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ വിവരം ലഭ്യമല്ല. ഗുണഭോക്താക്കൾ വാഹനം കൈപ്പറ്റിയതായി രേഖകൾ സൂക്ഷിച്ചിട്ടില്ല.ജെം പോർട്ടലിൽ നിന്നും സ്കൂട്ടറുകൾ വാങ്ങുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തിയതായി കാണുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ(55/19.1.24)ത്തിനു മറുപടി ലഭ്യമാക്കിയിട്ടില്ല.വിശദീകരണവും രേഖകളും പരിശോധനക്ക് ലഭ്യമാക്കുന്നതു വരെ ₹1700000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-46 ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകിയതിലെ അപാകത**

| | |
|---|---|
| പ്രോജക്ട് നം | 12/23 |
| പേര് | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | **₹4800000/-**<br>(വികസന ഫണ്ട്) |
| ചെലവ് തുക<br>(ബിൽനം,തീയതി) | **₹4794500/-**<br>1)₹28500/- (12/10.6.22)<br>2)₹876000/- (200/16.1.23)<br>3)₹ 672200/- (201/16.1.23)<br>4)₹298000/- (202/16.1.23)<br>5)₹1104000/- (203/16.1.23)<br>6)₹942500/- (204/16.1.23)<br>7)₹603200/- (205/16.1.23)<br>8)₹57000/- (250/3.2.23)<br>9)₹176600/- (267/9.2.23)<br>10)₹28500/- (295/19.2.23)<br>11)₹8000/- (486/24.3.23) |

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കായി വികസനഫണ്ടിൽ മേൽ പട്ടിക പ്രകാരം ₹4794500 തൻവർഷം ചെലവാക്കിയിട്ടുണ്ട്.അപേക്ഷകൾ,ഡിസബിലിറ്റി സർട്ടിഫിക്കറ്റുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയും പ്രകാരം അപാകതകൾ ഉണ്ട്.

1)കുമാരി.നന്ദന മോഹനന്റെ എറണാകുളം ജില്ല ജനറൽ ആശുപത്രിയിൽ നിന്നും 25.72019 ൽ C2/MB/1642/19നം പ്രകാരം ലഭ്യമാക്കിയ ഡിസബിലിറ്റി സർട്ടിഫിക്കറ്റ് ൽ ഫിസിക്കൽ ഡിസേബിലിറ്റി 40% ഉം 11.8.22ൽ ലഭ്യമാക്കിയ MB/686/22 നം സർട്ടിഫിക്കറ്റിൽ 20% ഉം ആണ്.

2)ശ്രീ.ആദിനാരായണൻ ആർ S/o സുനിൽകുമാർ എന്നിവരുടെ അപേക്ഷയും ഡിസബിലിറ്റി സർട്ടിഫിക്കറ്റും ലഭ്യമല്ല

3)റോക്കി ഫെർഡിൻ കല്ലുങ്കൽ(MR 60%) എന്നവരുടെ 3.12.22ലെ അപേക്ഷയിൽ കളമശ്ശേരിയിലെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ൽ പഠിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ സ്ഥാപനത്തിന്റെ സാക്ഷ്യപത്രം ഇല്ല.

4)മെന്റലി റിട്ടാർഡേഷൻ (MR) Temporary ആയോ ഡിസേബിലിറ്റി Condition Mildആയോ Likely To Improve ആയോ 40% ആയോ ഡിസബിലിറ്റി സർട്ടിഫിക്കറ്റ് ൽ രേഖപ്പെടുത്തിയ കുട്ടികളുടെ കാര്യത്തിൽ ഡിസബിലിറ്റി സർട്ടിഫിക്കറ്റ് ൽ ഒരു നിശ്ചിത കാലയളവ് കഴിഞ്ഞ് Reassessment Recommend ചെയ്തിട്ടും സർട്ടിഫിക്കറ്റ് പുതുക്കി ലഭ്യമാക്കിയതായി കാണുന്നില്ല

ഉദാ:-

| ക്രമ നം | പേര് | ഡിസബിലിറ്റി,ലഭ്യമാക്കിയ സർട്ടിഫിക്കറ്റ്തീയതി | പുതുക്കേണ്ട തീയതി | പഠിക്കുന്ന സ്ഥാപനം |
|---|---|---|---|---|
| 1 | Abhirami R | PH 50%,2.9.2011 | 2.9.2021 | SH College Thevara |
| 2 | Raseen K S | PH 50% Temporary,2.2.2017 | 2.2.2020 | Hill Valley Higher Secondary School |
| 3 | Fathima Farha | MR 40% Mild,21.1.2016 | 21.1.2019 | St Joseph School Kakaknad |
| 4 | Naveen Alexander | Hearing,2.9.11 | 2.9.2014 | St.George High School Edappilly |
| 5. | Ajuwadh A S | MR 50% Temporary ,1.6.2017 | 1.6.2020 | Thengode Gvt High School |
| 6 | Anika B | MR 45% Temporary ,8.6.2017 | 8.6.20 | Daffodils ,Kakkanad |

അപാകതകൾക്ക് മറുപടി രേഖകൾ സഹിതം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം (52/19.1.24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.മറുപടി ലഭ്യമാക്കേണ്ടതും അപാകത പരിഹരിച്ച് തുടർനടപടികൾ

സ്വീകരിക്കേണ്ടതാണ്.അപാകതകൾ ഉണ്ടാകാതെ പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-47 രേഖകളുടെ അഭാവത്തിൽ വിവാഹ ധനസഹായം നൽകി

| | |
|---|---|
| പ്രൊജക്റ്റ് | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം ( നം. 179/23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |
| അടങ്കൽ | ₹300000/- |
| ചെലവ് | ₹90000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| എസിആർ ബിൽ നം/തീ. തുക | 302/22.2.23 ,₹60000/-<br>567/29.3.23,₹30000/- |

ഈ പ്രൊജക്റ്റിൽ സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം ₹30000/- വീതം മൂന്ന് പേർക്ക് നൽകിയിട്ടുണ്ട്.ഇതിന്റെ രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു

1) ക്യാഷ് ബുക്കിൽ ₹90000 /-യുടെ ചെലവ് വിവരം രേഖപ്പെടുത്തിയിട്ടില്ല.രണ്ടു പേർക്ക് ധന സഹായം നൽകിയതിന്റെ ചെലവ് നടപടി ക്രമം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. മൂന്നാമതു നൽകിയതാർക്കാണെന്ന വിവരം വ്യക്തമല്ല.₹30000/-യുടെ ചെലവ് നടപടി ക്രമം ലഭ്യമാക്കേണ്ടതാണ്.

2)മൂന്നു പേർക്കും തുക കൈമാറിയതു സംബന്ധിച്ച് 'PFMS Generated Print Payment Advice', തുക കൈപ്പറ്റിയ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3)കൗൺസിൽ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല .

4)ചെലവ് നടപടി ക്രമപ്രകാരം തുക കൈമാറിയ ആദ്യത്തെ രണ്ടു പേരായ മിനി ശശി, മേരി ജോഷി എന്നിവരുടെ അപേക്ഷയിലും അനുബന്ധ രേഖകളിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

A)ശ്രീമതി മേരി ജോഷിയുടെ 21.3.22ലെ അപേക്ഷയിൽ മകളുടെ വിവാഹം 28.2.22ൽ നടന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഔദ്യോഗിക വിവാഹരേഖ സൂക്ഷിച്ചിട്ടില്ല

B)ശ്രീമതി മിനി ശശിയുടെ 20.1.23ലെ അപേക്ഷയിൽ മകളുടെ വിവാഹം 21.5.23ൽ നടത്താനായി നിശ്ചയിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിവാഹം നടന്നതായുള്ള ഔദ്യോഗിക രേഖയൊന്നും സൂക്ഷിച്ചിട്ടില്ല

5) ഇതു കൂടാതെ ഫയലിൽ ലഭ്യമായ മറ്റു മൂന്നു അപേക്ഷകൾ പരിശോധിച്ചതിൽ സാവിത്രി സി പി എന്നിവരൊഴിച്ച് ആയിഷ ബീവി, അസ്മ ബീവി എന്നിവരുടെ പെൺമക്കളുടെ വിവാഹം 26.12.21, 30.10.2020 എന്നീ തീയതികളിൽ നടന്നതായി വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളിൽ രേഖപ്പെടുത്തി കാണുന്നുണ്ട്. സാവിത്രി സി പി യുടെ മകളുടെ വിവാഹ തീയതി 12.2.23എന്നു 21.2.23ലെ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഔദ്യോഗിക വിവാഹ സർട്ടിഫിക്കറ്റ് സൂക്ഷിച്ചിട്ടില്ല. ഈ മൂന്നു പേരിൽ ആരുടെ മകളുടെ വിവാഹത്തിനാണ് തുക കൈമാറിയത് എന്നതു വ്യക്തമല്ല.

അപാകതകൾക്കുള്ള മറുപടി ബന്ധപ്പെട്ട രേഖകൾ സഹിതം ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണകുറിപ്പ്(നം 50/18.1.2024) നൽകിയതിനു മറുപടി ലഭ്യമാക്കിയില്ല.മറുപടി രേഖകൾ സഹിതം ലഭ്യമാക്കുന്നതു വരെ ₹90000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-48 അങ്കണവാടികൾക്ക് വാടക-അധിക തുക നൽകി

| | |
|---|---|
| പ്രോജക്ട് നം, പേര് | 147/23,<br>അങ്കണവാടി കെട്ടിടങ്ങൾക്കുള്ള വാടക |
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | ₹900000/-<br>(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് | ₹899892/-<br>ട്രഷറി ബുക്ക് ബിൽ നം/തീയതി-തുക<br>1)10/29.9.22- ₹93250<br>2)11/29.9.22-₹46842<br>3)13/29.9.22-₹182500<br>4)15/19.10.22-₹62150<br>5)30/23.11.22-₹52150<br>6)39/25.12.22-₹52150<br>7)58/9.2.23-₹52150<br>7)63/25.2.23-₹48000<br>7)68/25.2.23-₹52150<br>8)80/18.3.23-₹45400<br>9)81/20.3.23-₹83725<br>10)82/24.3.23-₹28000<br>11)83/24.3.23-₹33775<br>12)87/31.3.23-₹59650<br>13)92/31.3.23-₹8000 |

വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ 26 എണ്ണത്തിന്റെ തൻവർഷത്തെ വാടക മേൽ

പ്രോജക്റ്റ് പ്രകാരം നൽകിയിട്ടുണ്ട്. അങ്കണവാടി കെട്ടിടങ്ങൾക്കുള്ള വാടക പുതുക്കി നിർണയിച്ച് കൊണ്ടുള്ള സ.ഉ (സാ.ധാ) നം-514/2020/സാ.നീ.വ, തീയതി-28.09.20 പ്രകാരം വിവിധ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി കെട്ടിടങ്ങളുടെ സ്കോർ മൂല്യം നിശ്ചയിക്കേണ്ടതും സ്കോറിനെ ആധാരമാക്കി വാടക തുക പുതുക്കി നിർണ്ണയിക്കേണ്ടതുമാണ്. ഇതിൻ പ്രകാരം അർബൻ മേഖലയിൽ അനുവദിക്കാവുന്ന പ്രതിമാസ വാടക ₹4000/-ആണ്. എന്നാൽ ബിൽ നം 83 പ്രകാരം ഫെബ്രുവരി 2023ലെ 23ാം നമ്പർ അങ്കണവാടിയുടെ ഒരുമാസത്തെ കെട്ടിടവാടകയായി( ആ മാസത്തിൽ 23ാം നമ്പർ അംഗൻവാടി മറ്റൊരു കെട്ടിടത്തിലേക്ക് മാറിയപ്പോൾ) രണ്ടു കെട്ടിട ഉടമകൾക്കും കൂടി ₹7775 നൽകിയിട്ടുണ്ട്.

| വൗച്ചർ വിവരം | അങ്കണവാടി നം 23വാടക കെട്ടിടത്തിന്റെ വിവരങ്ങൾ | 2/23 ൽ വാടകയിനത്തിൽ അനുവദിച്ച തുക |
|---|---|---|
| 1/7 | 1)<br>വാർഡ്- 3<br>കെട്ടിട.നം- 756<br>ഉടമ-ബോണി ജോർജ്ജ് എം | 2023 ഫെബ്രുവരി 1മുതൽ<br>9 വരെ- ₹2347/- |
| 10/7 | 2)<br>വാർഡ്- 36<br>കെട്ടിട.നം- 740<br>ഉടമ-ജലീൽ അബൂബക്കർ | 2023 ഫെബ്രുവരി 9മുതൽ<br>28 വരെ- – ₹5428/-<br>ആകെ-2347+5428=₹7775/- |

ഹാജരാക്കിയ വൗച്ചർ 1 പ്രകാരം 23 ാം നമ്പർ അങ്കണവാടിയുടെ 1.2.23 മുതൽ 28.2.23 വരെയുള്ള വാടക ₹6000/- അങ്കണവാടി വർക്കർ ശ്രീമതി. മിനി റാം പി.ബി.യിൽ നിന്നും കൈപ്പറ്റിയതായി ശ്രീ. ബോണി ജോർജ്ജ് എം. ഉം പ്രസ്തുത തുക നൽകിയതായി അങ്കണവാടി വർക്കറും രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വൗച്ചർ 10 പ്രകാരം 23 ാം നമ്പർ അങ്കണവാടിയുടെ ഫെബ്രുവരിയിലെ വാടക ₹8000/- അങ്കണവാടി വർക്കർ ശ്രീമതി.ആശ സിഎ യിൽ നിന്നും കൈപ്പറ്റിയതായി ശ്രീ. ജലീൽ അബൂബക്കർ ഉം പ്രസ്തുത തുക നൽകിയതായി അങ്കണവാടി വർക്കറും രേഖപ്പെടുത്തിട്ടുണ്ട്. എന്നാൽ അനുവദിച്ച പാസ്സാക്കിയ തുക മേൽപ്രകാരവുമാണ്. ലഭ്യമാക്കിയ വാടകകരാറുകളിൽ ചേർത്ത പ്രകാരമുള്ള തുകകൾ തന്നെയാണ് വൗച്ചർ പ്രകാരം കൈപ്പറ്റ് കാണിച്ചിട്ടുള്ളത്.ഒരേ അങ്കണവാടിക്ക് വർക്കർമാർ അത്രയും തുകകൾ രണ്ടു കെട്ടിടങ്ങൾക്കും വാടകയായി നൽകിയതിൽ അപാകതയുണ്ട്. പ്രതിമാസം ₹4000/-നിരക്കിൽ 10 മാസത്തേക്ക് ₹40000/- വരെ മാത്രമാണ് വാടകയിനത്തിൽ അനുവദിക്കാവുന്നതെന്നിരിക്കെ ₹3775/-മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) ൽ നിന്നും അധികം ചെലവഴിച്ചതായി കാണുന്നു. വാടക തുക നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കിയിട്ടില്ല .ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി.നം-40/17.1.2024ന് മറുപടി ലഭ്യമാക്കേണ്ടതും വാടകയിനത്തിൽ അധികം ചെലവഴിച്ച ₹3775/-നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കേണ്ടതുമാണ്.

### 1-49 മാലിന്യനീക്കം- പ്രോജക്റ്റ് നടത്തിപ്പിലെ അപാകതകൾ

| | | |
|---|---|---|
| ഫയൽ നം | എച്ച് 2-10037/21, എച്ച് 2-2238/23 | |
| പ്രോജക്റ്റ്.നം | 108/23 | |
| പേര് | ജൈവ-അജൈവ ഇ-മാലിന്യങ്ങൾ ഉൾപ്പെടെ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും ബ്രഹ്മപുരം പ്ലാന്റിലെ ടിപ്പിംഗ് ചാർജ് ഉൾപ്പെടെയുള്ള ചെലവുകൾക്കുമുള്ള പദ്ധതി | |
| നിർവ്വഹണം | ഹെൽത്ത് ഓഫീസർ | |
| അടങ്കൽ | ₹1,30,00,000/- (ധനകാര്യകമ്മീഷൻ അവാർഡ് ടൈഡ് ) | |
| ചെലവ് | ₹1,09,26,357/-(ധനകാര്യകമ്മീഷൻ അവാർഡ്- സുലേഖ ചെലവ് പത്രിക പ്രകാരം) | |
| | എസി ആർ ബിൽ.നം/തനതു ഫണ്ട് ചെക്ക് നം | വൗച്ചർ നം-തുക-തീയതി- |
| | 1)തനതു ഫണ്ട് ചെക്ക് നം48988/12.9.22 ₹13,21,598/- | A)വൗച്ചർ നം 41/09 ₹.10,65,249/-<br>B)വൗച്ചർ നം 40/09 ₹.256349/-<br>ആകെ ₹13,21,598/-<br>(₹.10,65,249/-+₹.256349/-) |
| | 2)ബിൽ നം 243/1.2.23 തുക ₹.1585595/- | വൗച്ചർ നം 12/02, PFMS A/c Online Payment 7.2.23 ₹.1585595/- |
| | 3)ബിൽ നം 325/28.2.23 തുക ₹.4495741/- | വൗച്ചർ നം 18/03),PFMS A/c Online Payment 20.3.23 ₹.4495741/- |
| | 4)ബിൽ നം 526/27.3.23 തുക ₹.48,45,021- | വൗച്ചർ നം 41/03,PFMS A/c Online Payment 30.3.23 -₹.48,45,021) |

ജൈവമാലിന്യങ്ങൾ ബ്രഹ്മപുരം പ്ലാന്റിൽ സംസ്കരിക്കുന്നതിലേക്ക് കൊച്ചി കോർപ്പറേഷനിൽ ടിപ്പിംഗ് ചാർജ് അടവാക്കുന്നതിനും പ്ലാസ്റ്റിക്,ഇ വേസ്റ്റ് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിലേക്ക് എക്കോഗ്രീൻ, മലപ്പുറം എന്ന കമ്പനിക്ക് തുക അനുവദിക്കുന്നതിനുമാണ് പ്രോജക്റ്റ് ആവിഷ്കരിച്ചത്. കൊച്ചി കോർപ്പറേഷന് ഡിസംബർ 2021 മുതൽ ഫെബ്രുവരി 2022 വരെയുള്ള 3മാസക്കാലയളവിൽ ജൈവമാലിന്യം സംസ്കരിച്ചതിന് ടണ്ണിന് ₹992 നിരക്കിൽ 1073.84 ടണ്ണിന് ₹1065249/-ഉം മാർച്ച് 2021 മുതൽ ഫെബ്രുവരി 2022 വരെയുള്ള മാലിന്യം സംസ്കരിക്കുന്നതിന് ടണ്ണിന് ₹ 992/-ൽ നിന്ന് ₹ 1042 ആയി നിരക്ക് വർദ്ധിപ്പിച്ച വകയിലുള്ള കുടിശ്ശിക ഇനത്തിൽ ₹256349/-ഉം (5126.98ടൺx₹50 വർദ്ധനവ്) കൂടി ആകെ ₹13,21,598തനതു ഫണ്ട് ചെക്ക് നം48988/12.9.22 പ്രകാരം അനുവദിച്ചിട്ടുണ്ട്

2022 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ 268745kg മാലിന്യം നീക്കം ചെയ്തതിലേയ്ക്ക് കിലോയ്ക്ക് ₹5.90/- നിരക്കിൽ ₹15,85,595.5/-ൽ 2% IT കഴിച്ച് എക്കോഗ്രീൻ എന്ന സ്ഥാപനത്തിന് ₹1553884 ഉം മെയ് 2022 മുതൽ സെപ്റ്റംബർ 2022 വരെയുള്ള 5മാസക്കാലയളവിൽ 761990 Kg ജൈവമാലിന്യം നീക്കം ചെയ്ത വകയിൽ കിലോയ്ക്ക് ₹5.90/- നിരക്കിൽ എക്കോഗ്രീൻ എന്ന സ്ഥാപനത്തിന് ₹4495741/-ൽ 2% IT കഴിച്ച് ₹44,05,826/- ഉം ഒക്ടോബർ 2022 മുതൽ ഫെബ്രുവരി 2023 വരെയുള്ള 5മാസക്കാലയളവിൽ 821190 Kg ജൈവമാലിന്യം നീക്കം ചെയ്ത വകയിൽ കിലോയ്ക്ക് ₹5.90/- നിരക്കിൽ എക്കോഗ്രീൻ എന്ന സ്ഥാപനത്തിന് ₹ 4845021/-ൽ 2% IT കഴിച്ച് ₹ 4748121- ഉം ഓഡിറ്റ് വർഷം നൽകുന്നതിനായി നോട്ട് ഫയലിൽ രേഖപ്പെടുത്തലുകൾ ഉണ്ട്. പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ചെലവ് സംബന്ധിച്ച് രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

A)₹13,21,598/- ന്റെ തനതു ഫണ്ട് ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

B).PFMS Generated Print Payment Advice ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2.പിഎഫ്എംസ് പാസ്സ്ബുക്ക് പരിശോധിച്ചതിൽ IT 2% ഈടാക്കാതെയാണ് തുക മുഴുവനായി സ്ഥാപനത്തിന് കൈമാറിയിരിക്കുന്നത്.കരാറടിസ്ഥാനത്തിലുള്ള സേവനങ്ങൾക്ക് ആദായനികുതി നിയമം, വകുപ്പ് 194 C പ്രകാരം 2% നികുതി ഉത്ഭവത്തിൽ കുറവ് ചെയ്യേണ്ടതുണ്ട്. ഇപ്രകാരം ഐടി കുറവ് ചെയ്ത അടവാക്കിയിട്ടില്ല.

3.കൊച്ചി മുനിസിപ്പൽ കോർപ്പറേഷനുമായി ഒപ്പ് വച്ച നിലവിലുള്ളതും പുതുക്കിയതുമായ ധാരണാപത്രങ്ങൾ ലഭ്യമല്ല.

4. 21.2.22 ലെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലിന്റെ 45ാം നമ്പർ തീരുമാന പ്രകാരം ആണ് ടിപ്പിംഗ് ചാർജ്ജ് വർദ്ധനവ് ₹992 യിൽ നിന്ന് ₹1042ആയി വരുത്തിയിട്ടുള്ളത്.ഇതിന് 3/21 മുതൽ മുൻകാല പ്രാബല്യം വരുത്തിയതായി കാണുന്നു.1.3.23 ലെ കൊച്ചിൻ മുനിസിപ്പൽ കോർപ്പറേഷൻ ഹെൽത്ത് ഓഫീസർ തൃക്കാക്കര നഗരസഭ സെക്രട്ടറിക്ക് അയച്ച ISO/MOH12/MOH5/26487/10 നം കത്തിൽ 2/22 ൽ ധാരണാപത്രത്തിന്റെ കാലവധി കഴിഞ്ഞതായും നാളിതുവരെ പുതുക്കാത്തതായും 3/22 മുതൽ ധാരണാപത്രം പുതുക്കുന്നതിനായും സൂചിപ്പിച്ചിട്ടുണ്ട്,എന്നിരുന്നാലും 2/22വരെ ധാരണപത്രത്തിന്റെ കാലാവധി നിലനിന്നിരുന്നതിനാൽ 21.2.22 ലെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലിന്റെ 45ാം നമ്പർ തീരുമാന പ്രകാരമുള്ള 3/21 മുതൽ 2/22 വരെയുള്ള ടിപ്പിംഗ് ചാർജ്ജ് വർദ്ധനവ് അംഗീകരിക്കാവുന്നതല്ല. കുടിശ്ശിക തുകയും പഴയ നിരക്കിൽ 12/21, 1/22, 2/22എന്നീ മാസങ്ങളിലെ ടിപ്പിംഗ് ചാർജ്ജും തനതുഫണ്ടിൽ നിന്നും അടവാക്കാമെന്ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അടവാക്കിയത് തനതുഫണ്ടിൽ നിന്നാണെന്നതിൽ വ്യക്തതയില്ല.കുടിശ്ശികയിൽ ഉള്ള ഐ.ടി കണക്കാക്കിയിട്ടുണ്ടോയെന്നും അടവാക്കിയിട്ടുണ്ടോയെന്നും വ്യക്തമല്ല. ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

5. 3/22 മുതൽ 2/23 വരെയുള്ള ടിപ്പിംഗ് ചാർജ്ജ് കണക്കാക്കിയത് കോർപ്പറേഷനിൽ നിന്നും ലഭ്യമായിട്ടുണ്ടെങ്കിലും തൻവർഷം തുക അടവാക്കിയിട്ടില്ല.

6. 2022 മാർച്ച്,ഏപ്രിൽ മാസങ്ങളിൽ 268745kg മാലിന്യം നീക്കം ചെയ്തതിട്ടുണ്ടെന്ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നീക്കം ചെയ്ത മാലിന്യത്തിന്റെ അളവ് കണക്കുകൾ പരിശോധിക്കുന്നതിനായി ടിപ്പ് വാഹനങ്ങളുടെ വേയിംഗ് ബ്രിഡ്ജ് ബില്ലുകളും കരാറുകാരന്റെ മാസ ബില്ലുകളും ലഭ്യമായില്ല.ആയതു ലഭ്യമാക്കേണ്ടതാണ്.

ചെലവ് സംബന്ധിച്ച സാംഖ്യ ബില്ലുകളും അനുവദിച്ച തുകകളിൽ ആദായ നികുതി കുറവ് ചെയ്തതിന്റെ രേഖകളും ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല(നം 32/16.1.24). മറുപടി രേഖകൾ സഹിതം ലഭ്യമാക്കുന്നതു വരെ ₹ 1,09,26,357/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-50 പോർട്ടബിൾ സിസിടിവി ക്യാമറകൾ പ്രവർത്തനക്ഷമമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്**

| | |
|---|---|
| ഫയൽ നമ്പർ | H2-17306/21 |
| പ്രൊജക്ട് നം | 295/22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |
| പ്രൊജക്ട് അടങ്കൽ | 3500000(തനതു ഫണ്ട്) |
| കരാറുകാരൻ | നെറ്റ്‌വേ സെല്യൂഷൻസ്,കായംകുളം |
| ചെക്ക് നം./ തീയതി,തുക | 1)426846/13.04.22-3368700/- |

തൃക്കാക്കര നഗരസഭയിലെ പൊതു സ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്നത് കണ്ടെത്തി ആയത് തടയുന്നതിനും,മാലിന്യ മുക്ത നഗരം എന്ന പദവി കൈവരിക്കുന്നതിനും വിവിധ സ്ഥലങ്ങളിൽ പോർട്ടബിൾ സി.സി.ടി വി ക്യാമറ സ്ഥാപിക്കുന്നതിനായാണ് പ്രൊജക്റ്റ് . 16.12.2021 ൽ ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ട് ടെണ്ടറുകൾ ലഭിക്കുകയും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത നെറ്റ്‌വേ സെല്യൂഷൻസ്, കായംകുളം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. കൗൺസിലിന്റെ 10.02.2022 ലെ 19-ാം നമ്പർ തീരുമാന പ്രകാരം സി.സി.ടി വി ക്യാമറ ഒന്നിന് ₹3,48,690/- (18% ജി.എസ്.ടി ഉൾപ്പെടെ) നിരക്കിലുള്ള ടെണ്ടറാണ് അംഗീകരിച്ച് കരാർ ചമയ്ക്കുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി. ഇതനുസരിച്ച് കരാറുകാരനുമായി 24.02.2022ൽ കരാർ ചമയ്ക്കുകയും സെക്യൂരിറ്റി നിക്ഷേപമായി ട്രഷറി സേവിംഗ്സ് ബാങ്കിൽ ₹87500 (ടിഎസ് ബി FD Certificate No JL1774027 Dt 21.2.22 , പിൻവലിക്കാവുന്ന കാലാവധി 22.2.2024 മുതൽ ) സൗത്ത് ഇന്ത്യൻ ബാങ്കിൽ ₹87500 ( SIB FD A/C No 0563100000000898 Dt 19.2.22 പിൻവലിക്കാവുന്ന കാലാവധി 19.2.2024 മുതൽ) നഗരസഭയുടെ പേരിൽ സ്വീകരിച്ചിട്ടുണ്ട്. 19.3.22 ലെ നെറ്റ്‌വേ സെല്യൂഷൻസ്, കായംകുളത്തിന്റെ

ഇൻവോയ്സ് നം NWC-72/21-22 നം പ്രകാരം 10 സി.സി.ടി വി ക്യാമറകൾ വാങ്ങുകയും ആയത് നഗരസഭയുടെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) 295/22 എന്ന പ്രോജക്ട് 2021-22 ൽ തയ്യാറാക്കിയെങ്കിലും ചെലവ് തുക കൈമാറിയിട്ടുള്ളത് 22-23 വർഷം ആണ്. എന്നാൽ പ്രൊജക്റ്റ് 2022-23ൽ സ്പിൽ ഓവർ ആയി അംഗീകരിക്കാതെയാണ് തുക തനതുഫണ്ടിൽ നിന്നും വിനിയോഗിച്ചിട്ടുള്ളത്.

2)സിസിടിവിയുടെ പ്രതിദിന പരിശോധന സംബന്ധിച്ചോ മാലിന്യം വലിച്ചെറിയുന്നവരെ സംബന്ധിച്ചോ ആയ സമയബന്ധിത റിപ്പോർട്ടുകൾ ഒന്നും തന്നെ ഫയലിൽ സൂക്ഷിച്ചുകാണുന്നില്ല.

3)ആദ്യ കാലങ്ങളിൽ നന്നായി പ്രവർത്തിച്ചിരുന്ന സി.സി.ടി വി ക്യാമറകൾ നിലവിൽ പ്രവർത്തന രഹിതമാണെന്ന് നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർ 16.02.2023 ൽ റിപ്പോർട്ട് ചെയ്യുകയും സ്ഥാപനവുമായുള്ള കരാറിൽ 3 വർഷ ഗ്യാരന്റിയും, കൃത്യമായ പരിപാലനവും, സാങ്കേതിക സഹായവും ഉറപ്പ് നൽകിയിരുന്നുവെങ്കിലും യാതൊന്നും തന്നെ സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടില്ലായെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കുകയും ചെയ്തതിനെ തുടർന്ന് കേടായ സി.സി.ടി വി ക്യാമറകൾ മാറ്റി നൽകുന്നതിനോ, നോട്ടീസുകൾക്ക് മറുപടി നൽകുന്നതിനോ 4.5.23 നം 13.6.23 നം നഗരസഭ മുനിസിപ്പൽ സെക്രട്ടറി സ്ഥാപനത്തിന് കത്തുകൾ നൽകുകയുണ്ടായി. തുടർന്ന് പോർട്ടബിൾ ക്യാമറ ഇൻസ്റ്റാൾ ചെയ്യുന്നതിലെ അപാകത നഗരസഭയുടെ സ്റ്റാഫുകളുടെ ട്രെയിനിംഗിലൂടെ ശരിയാക്കുവാനും ശരിയായ വിഷന് വേണ്ടത്ര പോളുകൾ സ്ഥാപിക്കുവാനും ക്യാമറ വിഷ്വൽസ് പരിശോധിക്കുന്നതിനുള്ള നഗരസഭ സ്റ്റാഫുകളുടെ കുറവു പരിഹരിക്കുവാനും ആണ് പരിഹാരമാർഗ്ഗമായി നെറ്റ്വേ സെല്യൂഷൻസ് എന്ന സ്ഥാപനം 12.5.23ലെ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. ക്യമറകൾ നാളിതുവരെ പ്രവർത്തന സജ്ജമാക്കിയിട്ടില്ലാത്തതാണ്. ഇത്തരത്തിൽ നഗരസഭാ ഫണ്ടിന് ഉണ്ടായ നഷ്ടം നാളിതു വരെ കണക്കാക്കുകയോ സ്ഥാപനത്തെ ബ്ലാക്ക് ലിസ്റ്റ് ചെയ്തു സെക്യൂരിറ്റി നിക്ഷേപവും നിരതദ്രവ്യവും മുതൽക്കൂട്ടുകയോ ചെയ്തിട്ടില്ലാത്തതാണ്. നഷ്ടം വരുത്തിവെച്ച സ്ഥാപനത്തിനെതിരായി തുടർ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം അറിയിക്കുന്നതിനും മേൽ പ്രകാരം നടപടി സ്വീകരിക്കാനും ഓഡിറ്റ് അന്വേഷണം (നം.1/9.1.24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കുന്നതു വരെ ₹33,68,700 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-51 ശുചീകരണപ്രവർത്തനങ്ങൾക്കുള്ള സാധനസമഗ്രികൾ ,ഉപകരണങ്ങൾ എന്നിവ വാങ്ങിയതിലെ അപാകതകൾ

| | |
|---|---|
| ഫയൽ നം | H2-23064/22 |
| പ്രോജക്ട്.നം | 106/23 |
| പ്രോജക്ടിന്റെ പേര് | ശുചീകരണപ്രവർത്തനങ്ങൾക്ക് സാധനസമഗ്രികൾ ഉപകരണങ്ങൾ എന്നിവ വാങ്ങൽ |
| അടങ്കൽ | ₹ 1000000/- (ധനകാര്യകമ്മീഷൻഗ്രാന്റ് ) |
| നിർവഹണം | ഹെൽത്ത് ഓഫീസർ |
| ചെലവ് | ₹ 981065/- |
| | Vr. No. 40/03തീ.30.3.23 PFMS Online Payment |

നഗരസഭയിലെ ശുചീകരണപ്രവർത്തനങ്ങൾക്കാവശ്യമായ സാധനസാമഗ്രികൾ ടെണ്ടർ ക്ഷണിച്ച് എറണാകുളം ജില്ല ഹോൾസെയിൽ കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോറിൽ നിന്നും വാങ്ങിയിട്ടുണ്ട് (ടാക്സ് ഇൻവോയിസ് നം-E/1691/22-23, 24.3.23) 2017 ലെ ജി എസ് റ്റി നിയമത്തിലെ വകുപ്പ് 51 (1) പ്രകാരം ഇൻവോയ്സ് തുക 2.5 ലക്ഷത്തിനു മുകളിലാണെങ്കിൽ ജി.എസ്.റ്റി റ്റി.ഡി.എസ്. കുറവ് ചെയ്യണം. ബിൽ തുകയിൽ മേൽ കിഴിവ് വരുത്തിയിട്ടില്ല. ജിഎസ്.റ്റി. കണക്കാക്കാതെയുള്ള ബിൽ തുക ₹ 876748.69 യും ജി എസ് ടി ₹104316.12 യും അടക്കമാണ് ഇൻവോയ്സ് തുക. ₹876748.69 യുടെ 2% ആയ ₹17535 ജി.എസ്.ടി ടി.ഡി.എസ് ആയി കുറവ് വരുത്താത്തതിന് വിശദീകരണം നൽകേണ്ടതാണ്. പ്രോജക്ട് മുഖേന വാങ്ങിയ ₹ 981065/-യുടെ സാധനസാമഗ്രികൾ സ്റ്റോക്കിലെടുത്തിട്ടുണ്ട്.അപാകത സംബന്ധിച്ച് നൽകിയ മറുപടിയിൽ പർച്ചേസ് ആയതിനാൽ GST-TDSപിടിക്കേണ്ടതില്ല എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. എറണാകുളം ജില്ല ഹോൾസെയിൽ കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ സർക്കാർ അക്രഡിറ്റഡ് ഏജൻസി അല്ലാത്തതിനാലും ടാക്സ് എക്സംപ്ഷൻ ഇല്ലാത്തതിനാലും മറുപടി തൃപ്തികരമല്ല. ആയതിനാൽ ₹981065/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-52 വീട് വാസയോഗ്യമാക്കൽ(പട്ടിക ജാതി) പ്രൊജക്ട്- ഗുണഭോക്താക്കൾ നാളിതുവരെയും പണി പൂർത്തീകരിച്ചിട്ടില്ല

പട്ടിക ജാതി വികസന ഓഫീസർ 2019-2020 ൽ നടപ്പിലാക്കിയ 147/2020 പ്രൊജക്റ്റ് നം പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണ ധന സഹായമായി ₹ 75000 വകയിരുത്തിയതിൽ ആദ്യ ഗഡുവായി ₹37500 വീതം കൈമാറുകയും ചെയ്തിട്ടുണ്ട്. അഡ്വാൻസ് തുകയായി ആദ്യ ഗഡു കൈപ്പറ്റിയ ശേഷം ഒരുമാസം കൊണ്ട് പണി പൂർത്തീകരിച്ചു കൊള്ളാമെന്നും ടി.തുക മറ്റു ആവശ്യത്തിനു ഉപയോഗിക്കില്ല എന്നും അല്ലാത്ത പക്ഷം കൈപ്പറ്റിയ തുകയും ആയതിന് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പലിശ സഹിതം കരാറുകാരനോ അയാളുടെ പിൻതുടർച്ചവകാശികളോ നഗരസഭയിൽ ഒടുക്കിക്കൊള്ളാമെന്നും സമ്മതിച്ചു കൊണ്ടാണ് കരാർ തയ്യാറാക്കിയിട്ടുള്ളത്.

| ക്രമ നം | കെട്ടിടനം | ഗുണഭോക്താവിന്റെ പേരും വിലാസവും | ട്രഷറി ബിആർഎൻ / തീ. തുക | നിലവിലെ സ്ഥിതി/റിമാർക്ക്സ് |
|---|---|---|---|---|
| 1. | VII/891J | സന്തോഷ് എം എ, കല്ലടായിത്തടത്തിൽ വീട്,പാട്ടുപുരനഗർ,കാക്കനാട് | 22110147017600034920 /12.4.20 ₹37500 | പണി പൂർത്തീകരിച്ചു രണ്ടാം ഗഡു കൈമാറിയിട്ടില്ല.ഗുണഭോക്താവിന്റെ പേരിൽ കരാർ ചമച്ചെങ്കിലും കരാറിൽ ആരുടെയും ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. ആവശ്യമായ പ്രവൃത്തികൾ സംബന്ധിച്ചുള്ളഎസ്റ്റിമേറ്റ്, വാല്യൂവേഷൻ സ്റ്റേറ്റ്മെന്റ് (ഓവർസീയർ സാക്ഷ്യപ്പെടുത്തിയത്) എന്നിവ സൂക്ഷിച്ചിട്ടില്ല.ടിയാൻ ആദ്യ ഗഡു കൈപ്പറ്റിയതായുള്ള രേഖ ഫയലിലോ രജിസ്റ്ററിലോ സൂക്ഷിച്ചിട്ടില്ല |
| 2 | 1/1043(1) | അയ്യപ്പൻ എം എ ചാത്തനാട്ട് വീട്,പടമുഗൾ,കാക്കനാട് | 22110147017600034920 /12.4.20 ₹37500 | * ഗുണഭോക്താവായ അയ്യപ്പൻ എം എയിൽ നിന്നും 3011.19ൽ അപേക്ഷ വാങ്ങുകയും പിന്നീട് ആദ്യ ഗഡു 6.1.20ലെ അയ്യപ്പൻ എം എയുടെ മരണത്തെ തുടർന്ന് മകൻ സുമേഷ് സി എ യുടെ അക്കൗണ്ടിലേക്ക് നൽകുകയും ചെയ്തു.പണി പൂർത്തീകരിച്ചു രണ്ടാം ഗഡു കൈമാറിയിട്ടില്ല.മകന്റെ പേരിൽ കരാർ ചമച്ചതിൽ ടിയാൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആവശ്യമായ പ്രവൃത്തികൾ സംബന്ധിച്ചുള്ളഎസ്റ്റിമേറ്റ്, വാല്യൂവേഷൻ സ്റ്റേറ്റ്മെന്റ് (ഓവർസീയർ സാക്ഷ്യപ്പെടുത്തിയത്) എന്നിവ സൂക്ഷിച്ചിട്ടില്ല. ടിയാൻ ആദ്യ ഗഡു കൈപ്പറ്റിയതായുള്ള രേഖ ഫയലിലോ രജിസ്റ്ററിലോ സൂക്ഷിച്ചിട്ടില്ല |

മേൽ സൂചിപ്പിച്ച 2 ഗുണഭോക്താക്കളും നാളിതുവരെയും വീട് റിപ്പയർ പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല. പണി പൂർത്തീകരിക്കാനുള്ള കാലതാമസത്തിന് നാളിതു വരെ സ്വീകരിച്ച നടപടി സഹിതം റിമാർക്ക്സിൽ കൊടുത്ത അപാകങ്ങൾക്കു മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു(നം24/15.1.24) പണി പൂർത്തീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും മേലിൽ അപാകത ആവർത്തിക്കില്ലെന്നും മറുപടി ലഭ്യമാക്കി.പണി പൂർത്തീകരിക്കുന്നതിന് തുടർനടപടികൾ കൈകൊള്ളേണ്ടതും പൂർത്തീകരിച്ച് വാല്യൂവേഷൻ റിപ്പോർട്ട് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-53 പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പുമായി ബന്ധപെട്ട് പൊതുവായ വിലയിരുത്തൽ

### എ. ചെലവിന്റെ വിവരം

2022-23 സാമ്പത്തിക വർഷം മുനിസിപ്പൽ എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനിയർ എന്നിവർ നിർവഹണ ഉദ്യോഗസ്ഥരായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്റ്റുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ എണ്ണം | ആകെ അടങ്കൽ | ആകെ ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| മുനിസിപ്പൽ എഞ്ചിനീയർ | 18 | 2 | 46867089 | 4445460 | 9.49 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 260 | 74 | 244247557 | 58721478 | 24.04 |

തൻവർഷം അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച 260 പ്രോജക്റ്റുകളിൽ 47 പ്രോജക്റ്റുകൾ സ്പിൽ ഓവർ പ്രോജക്റ്റുകളാണ്. ആയതിൽ നടപ്പിലാക്കിയ 27 സ്പിൽ ഓവർ പ്രോജക്റ്റുകൾക്ക് തൻവർഷത്തെ ഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ടി വരികയും ചെയ്തിട്ടുണ്ട്. അതുപോലെ മുനിസിപ്പൽ എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 18 പ്രോജക്റ്റുകളിൽ 7 പ്രോജക്റ്റുകൾ സ്പിൽ ഓവർ പ്രോജക്റ്റുകളാണ്. ആയതിൽ നടപ്പിലാക്കിയ 2 സ്പിൽ ഓവർ പ്രോജക്റ്റുകൾക്ക് തൻവർഷത്തെ ഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ടി വരികയും ചെയ്തിട്ടുണ്ട്. സർക്കുലർ നം.ഡി.എ.1/26/2019/തസ്വഭവ തിയതി 25-01-2019 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടം തീരുന്ന മുറയ്ക്കും പാർട്ട് ബിൽ എഴുതുന്ന രീതി കൃത്യമായി അവലംബിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും നിർദ്ദേശം കാര്യക്ഷമമായി നടപ്പാക്കപ്പെട്ടിട്ടില്ല.

**ബി. രേഖകളുടെ സൂക്ഷിപ്പ്**

1. കരാറുകാരുമായുള്ള എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

2. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ അംഗീകരിച്ചതിന്റെ കൗൺസിൽ തീരുമാനം നം./തിയതി എഴുതി സൂക്ഷിക്കുന്നില്ല.

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കാതെയാണ് പ്രോജക്റ്റുകൾ വെയ്ക്കുന്നത്. ആസ്തി രജിസ്റ്റർ പദ്ധതി രൂപീകരണത്തിൽ പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.

4. റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും കാലികമാക്കാതെ റോഡ് പ്രവൃത്തികൾ ഏറ്റെടുക്കുന്നു.

**സി. ആസ്തി സംരക്ഷണ പദ്ധതി**

സ.ഉ(കൈ)നം.86/2022/തസ്വഭവ, തിയതി.19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.8 ൽ നിർദ്ദേശിച്ച പ്രകാരം മെയിന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്റ്റുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. മാർഗ്ഗരേഖ പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

2.കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യകത വിലയിരുത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുന്ന രേഖകളും സൂക്ഷിച്ചിട്ടില്ല.
മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ PWD മാന്വൽ, 1997 ലെ കേരള പഞ്ചായത്ത് രാജ്(മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകളും, പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (41/17.01.2024) മറുപടിയായി സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

**1-54 മരാമത്ത് പ്രവൃത്തികൾ-എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല**

2012ലെ കേരള പൊതുമരാമത്ത് മാന്വൽ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർ അംഗീകരിച്ച തീയതി/ സെലക്ഷൻ നോട്ടീസ് തീയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) (₹) |
|---|---|---|---|---|---|
| 1 | **പ്രോജക്റ്റ് നം.64/23, കുന്നത്ത്ചിറ മങ്ങാട്ട് കോളനി മൈക്രോലെവൽ കുടിവെള്ള പദ്ധതി (SO.158/22)**<br>അടങ്കൽ-₹451000 (CFC-Tied)<br>ചെലവ്-₹251002 (ബിൽ നം.456/22.3.2022)}<br>APAC-₹294947<br>കരാറുകാരൻ -ശ്രീ.എം.പി.സന്തോഷ് കുമാർ<br>എഗ്രിമെന്റ് നം. 265/2021-22, Dt.16.03.2022<br>കൗൺസിൽ തീരുമാനം നം.62(8)/30.11.2021<br>ഫയൽ നം.ഇ2-13358/21-22 | 30.11.2021/ 13.12.2021 | 26.12.2021 | 16.03.2022 | 2510 |
| 2 | **പ്രോജക്റ്റ് നം.169/23, തൃക്കാക്കര നഗരസഭ വാർഡ്-30 മൂലേപ്പാടം റോഡ് റീടാറിംഗ്**<br>അടങ്കൽ-₹1499000 (തനത് ഫണ്ട്)<br>ചെലവ്-₹1405470 (ചെക്ക് നം.446787 /08.02.2023-₹1341818, Other Deductions-₹63652)}<br>APAC-₹1266449<br>കരാറുകാരൻ -ശ്രീ.മുഹമ്മദ് നഫൈസ്.ഇ.കെ<br>എഗ്രിമെന്റ് നം. 216/2022-23, Dt.17.11.2022<br>കൗൺസിൽ തീരുമാനം നം.4/19.10.2022<br>**ഫയൽ നം.ഇ4-10169/22** | 19.10.2022/ 28.10.2022 | 10.11.2022 | 17.11.2022 | 12664 |
| 3 | പ്രോജക്റ്റ് നം.431/23, പിബികെ മൈന റോഡ്, മലമേൽ റോഡ്, ചേരിയിൽ റോഡ് റീടാറിംഗ്-വാർഡ് 32<br>അടങ്കൽ-₹983000 (തനത് ഫണ്ട്)<br>ചെലവ്-₹974596 (ചെക്ക് നം.78804/16.12.2022-₹928554, GST And Other Deductions-₹46042)}<br>APAC-₹876737<br>കരാറുകാരൻ -ശ്രീ.മുനീർ.കെ.എം<br>എഗ്രിമെന്റ് നം. 163/2022-23, Dt.31.08.2022<br>കൗൺസിൽ തീരുമാനം നം.23(26)/27.07.2022<br>**ഫയൽ നം.ഇ4-7244/22** | 27.07.2022/ 11.08.2022 | 24.08.2022 | 31.08.2022 | 8767 |
| 4 | **പ്രോജക്റ്റ് നം.69/23, മാനാത്ത് റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം (SO.285/22)**<br>അടങ്കൽ-₹750000 (MG-Road)<br>ചെലവ്-₹ (ബിൽ നം.99/14.10.2022-₹220479, 483028(2021-22)}<br>APAC-₹651769<br>കരാറുകാരൻ - ഹംദാ കൺസ്ട്രക്ഷൻസ്<br>എഗ്രിമെന്റ് നം. 272/2021-22, Dt.18.03.2022<br>കൗൺസിൽ തീരുമാനം നം.9(3)/17.01.2022<br>ഫയൽ നം.ഇ4-11157/21 | 17.01.2022/ 07.02.2022 | 20.02.2022 | 18.03.2022 | 6518 |
| 5 | **പ്രോജക്റ്റ് നം.73/23, കൃഷിഭവൻ പുനരുദ്ധാരണം (SO.306/22)**<br>അടങ്കൽ-₹1500000 (MG-NR)<br>ചെലവ്-₹1237566 (ബിൽ നം.428/20.03.2023-₹383807, 507/25.03.2023-₹853759<br>APAC-₹1192733 | 13.04.2022/ 26.04.2022 | 09.05.2022 | 31.08.2022 | 11927 |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ - ശ്രീ.ഷെജിൻ.കെ<br>എഗ്രിമെന്റ് നം. 161/2022-23, Dt.31.08.2022<br>കൗൺസിൽ തീരുമാനം നം.7(1)/13.04.2022<br>ഫയൽ നം.ഇ4-3971/22 | | | | |
| **6** | **പ്രോജക്റ്റ് നം.30/23, വാർഡ് 40സഹകരണ റോഡ് ഐശ്വര്യ ലെയിൻ പുനർ നിർമ്മാണം കണ്ണാമുറി ലെയിനും ഞാനയ്ക്കൽ ലെയിനും മരിയാ നഗറും കട്ട റീ സെറ്റിംഗ് (SO.37/22)**<br>അടങ്കൽ-₹750000 (തനത് ഫണ്ട്)<br>ചെലവ്-₹685593 ( ചെക്ക് നം.426921/09.06.2022-₹661105, GST And Deductions-₹24488)<br>APAC-₹615759<br>കരാറുകാരൻ - ശ്രീ.നിക്സൺ വർഗ്ഗീസ്<br>എഗ്രിമെന്റ് നം. 100/2021-22, Dt.25.11.2021<br>കൗൺസിൽ തീരുമാനം നം.61(16)/16.10.2021<br>ഫയൽ നം.ഇ4-8517/21 | 16.10.2021/ 25.10.2021 | 07.11.2021 | 25.11.2021 | 6158 |
| | ആകെ | | | | 48544 |

കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് പിഴ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 31/16.01.2024, 42/17.01.2024) ക്ക് മറുപടിയായി പിഴ തുക അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ കരാർ ചമയ്ക്കാൻ വൈകിയതിന് കരാറുകാരിൽ നിന്നും പിഴ യായി ₹ **48544** ഈടാക്കി തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് പരിശോധയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്. ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

**1-55 മരാമത്ത് പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിച്ച് നൽകിയതിന് പിഴ ഈടാക്കിയില്ല**

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് ₹1000, കൂടിയത് ₹50000) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് ₹2000, കൂടിയത് ₹100000) പിഴയായി ഈടാക്കേണ്ടതാണ്.

എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ച് പിഴ ഈടാക്കിയിട്ടില്ല.

1) പ്രോജക്ട് നം. എസ്.0068/23, പുളിക്കില്ലം ശാന്തിഗ്രാം റോഡ് പുനരുദ്ധാരണം പുളിക്കില്ലം വെസ്റ്റ് ബൈ റോഡ് കാന നിർമ്മാണം വാർഡ് 31 (S.O.284/22) (ഫയൽ നം.ഇ4/16584/21-22)

| | | |
|---|---|---|
| അടങ്കൽ | ₹800000/- (MG-Road) | സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിച്ചതിൽ അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരനുമായി ആശയവിനിമയം നടത്തുകയോ, ദീർഘിപ്പിക്കുന്നതിന് ശുപാർശ ചെയ്യുകയോ ചെയ്തിട്ടില്ല. |
| ചെലവ് | ₹701559/- (Bill No.341/10.03.2023) | |
| PAC | ₹712705/- | |
| കരാറുകാരൻ | ശ്രീ.അഫ്കർ ടി അബ്ദുൾ റഹ്മാൻ | |
| എഗ്രിമെന്റ് നം: | 182/2021-22 /11.02.2022 | |
| Date Of Site Handing Over | 11.02.2022 | |

| | |
|---|---|
| അളവു പുസ്തകം നം. | 182/2021-22 |
| പൂർത്തീകരണ കാലാവധി | 10.08.2022 (6 മാസം) |
| പൂർത്തീകരിച്ച തിയതി | 30.12.2022 |
| ഈടാക്കിയ പിഴ | 0 |
| ഈടാക്കേണ്ടിയിരുന്നത് | ₹21381/- (3% Of PAC) |
| ആകെ ഈടാക്കേണ്ട തുക | ₹21381/- |

2) പ്രോജക്ട് നം. എസ്.0070/23, നഗരസഭ ശ്മശാനത്തിന്റെ അറ്റകുറ്റപ്പണിയും അനുബന്ധ സൌകര്യങ്ങളും- (S.O.286/22) (ഫയൽ നം.ഇ2/16503/21)

| | | |
|---|---|---|
| അടങ്കൽ | ₹1500000/-(MG-NR) | സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് ശുപാർശ ചെയ്യുകയോ, സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുകയോ ചെയ്തിട്ടില്ല. |
| ചെലവ് | ₹1492046/- (Bill No.124/11.11.2022) | |
| PAC | ₹1336009/- | |
| കരാറുകാരൻ | ശ്രീ.പ്രഭുകുമാർ.എൻ | |
| എഗ്രിമെന്റ് നം: | 157/2021-22 /10.01.2022 | |
| Date Of Site Handing Over | 10.01.2022 | |
| അളവു പുസ്തകം നം. | 157/2021-22 | |
| പൂർത്തീകരണ കാലാവധി | 09.07.2022 | |
| പൂർത്തീകരിച്ച തിയതി | 16.08.2022 | |
| ഈടാക്കിയ പിഴ | 0 | |
| ഈടാക്കേണ്ടിയിരുന്നത് | ₹13360/- (1% Of PAC) | |
| ആകെ ഈടാക്കേണ്ട തുക | ₹13360/- | |

3) പ്രോജക്ട് നം. എസ്.0028/23, കൊല്ലംകടിമുഗൾ പൌരസമിതി ക്രോസ് റോഡ് വാണാചിറ അമലാപുരം റോഡ് മെറ്റലിംഗ് ടാറിംഗ് വാർഡ് 5 (SO.59/21) (ഫയൽ നം.ഇ1/7416/19)

| | | |
|---|---|---|
| അടങ്കൽ | ₹1500000/-(തനത് ഫണ്ട്) | സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിച്ചതിൽ അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരനുമായി ആശയവിനിമയം നടത്തുകയോ, ദീർഘിപ്പിക്കുന്നതിന് ശുപാർശ ചെയ്യുകയോ ചെയ്തിട്ടില്ല. |
| ചെലവ് | ₹1458316/- (V0ucher No.22200241/10.06.2022) | |
| PAC | ₹1327061/- | |
| കരാറുകാരൻ | ശ്രീ.ഇ.കെ.മുഹമ്മദ് കുഞ്ഞ് | |
| എഗ്രിമെന്റ് നം: | 309/2020-21/ 05.10.2020 | |
| Date Of Site Handing Over | 05.10.2020 | |
| അളവു പുസ്തകം നം. | 309/2020-21 | |
| പൂർത്തീകരണ കാലാവധി | 04.04.2021 (6 മാസം) | |
| പൂർത്തീകരിച്ച തിയതി | 31.01.2022 | |
| ഈടാക്കിയ പിഴ | 0 | |
| ഈടാക്കേണ്ടിയിരുന്നത് | ₹39812/- (3% Of PAC) | |
| ആകെ ഈടാക്കേണ്ട തുക | ₹39812/- | |

4) 78/23, അംഗൻവാടി നം.72 പുനരുദ്ധാരണം- വാർഡ്-9 (S.O.311/22) (ഫയൽ നം.ഇ1/so311/22)

| | | |
|---|---|---|
| അടങ്കൽ | ₹600000/- (MG-Non Road) | സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ പൂർത്തീകരണ |
| ചെലവ് | ₹593680/- | |

| | | |
|---|---|---|
| | (Bill No.425/20.03.2023) | കാലാവധി ദീർഘിപ്പിക്കുന്നതിന് ശുപാർശ ചെയ്യുകയോ, സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുകയോ ചെയ്തിട്ടില്ല. |
| PAC | ₹534785/- | |
| കരാറുകാരൻ | ശ്രീ. സിദ്ധിക്ക്. കെ.ഐ | |
| എഗ്രിമെന്റ് നം: | 25/2022-23 /24.04.2022 | |
| Date Of Site Handing Over | 24.04.2022 | |
| അളവു പുസ്തകം നം. | 25A/2022-23 | |
| പൂർത്തീകരണ കാലാവധി | 23.10.2022 (6 മാസം) | |
| പൂർത്തീകരിച്ച തിയതി | 16.12.2022 | |
| ഈടാക്കിയ പിഴ | 0 | |
| ഈടാക്കേണ്ടിയിരുന്നത് | ₹16044/- (3% Of PAC) | |
| ആകെ ഈടാക്കേണ്ട തുക | ₹16044/- | |

5) 61/23, സെന്റ് ജോഹാൻസ് സ്കൂളിന് സമീപമുള്ള പൊതുകിണർ പുനർനിർമ്മിച്ച് ടാങ്ക് സ്ഥാപിച്ച് കുടിവെള്ളം ലഭ്യമാക്കൽ (S.O.147/22) (ഫയൽ നം.ഇ1/13356/22)

| | | |
|---|---|---|
| അടങ്കൽ | ₹1300000/-CFC | സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് ശുപാർശ ചെയ്യുകയോ, സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുകയോ ചെയ്തിട്ടില്ല. |
| ചെലവ് | ₹1062106/- (Bill No.571/30.03.2023- ₹370093, ₹692013(2021-22)) | |
| PAC | ₹1159832/- | |
| കരാറുകാരൻ | ശ്രീ.ജയകൃഷ്ണൻ.സി | |
| എഗ്രിമെന്റ് നം: | 151/2021-22/10.01.2022 | |
| Date Of Site Handing Over | 10.01.2022 | |
| അളവു പുസ്തകം നം. | 151A/2022-23 | |
| പൂർത്തീകരണ കാലാവധി | 09.07.2022 (6 മാസം) | |
| പൂർത്തീകരിച്ച തിയതി | 01.11.2022 | |
| ഈടാക്കിയ പിഴ | 0 | |
| ഈടാക്കേണ്ടിയിരുന്നത് | ₹34785 (3% Of PAC) | |
| ആകെ ഈടാക്കേണ്ട തുക | ₹34785 | |

മേൽ പറഞ്ഞ പദ്ധതികളുടെ പൂർത്തീകരണം വൈകിയതിന് കരാറുകാരിൽ നിന്നും 2012 ലെ കേരള PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.11/12.01.2024, നം.42/17.01.2024)ക്ക് മറുപടിയായി പിഴ തുക അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ പദ്ധതികളുടെ പൂർത്തീകരണം വൈകിയതിന് കരാറുകാരിൽ നിന്നും പിഴ തുക ₹1,25,382 (ക്രമ നം.1 മുതൽ 5 വരെ) ഈടാക്കി തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

**1-56 റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല**

പ്രൈസ് സോഫ്റ്റ്വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumen Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. കാലി ബാരൽ ഒന്നിന് 238 രൂപയും 18% GST ഉൾപ്പടെ ആകെ 281 രൂപ ഈടാക്കേണ്ടതായിരുന്നു. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയുടെ അവസാന ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല. വിശദവിവരം ഖണ്ഡിക 3-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-57 ഇ-ടെണ്ടർ ഫീസിനത്തിലെ തുക നഗരസഭയ്ക്ക് കൈമാറുന്നില്ല**

ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ

ആയി ഒടുക്കുന്നതിന് 28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം മുനിസിപ്പൽ എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 27-07-17 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-10-2017 ലെ സ.ഉ (സാധാ) നമ്പർ 3186/2017/ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവിൽ അനുമതി നല്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തൃക്കാക്കര മുനിസിപ്പൽ എഞ്ചിനീയറുടെ പേരിൽ SBI, കാക്കനാട് സിവിൽ സ്റ്റേഷൻ ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള 67299001120 എന്ന അക്കൗണ്ട് നമ്പരിലാണ് ഇ-ടെണ്ടർ ഫീസ് ക്രഡിറ്റ് ചെയ്യുന്നത്. 31.03.2023 വരെ പ്രസ്തുത ഇനത്തിലുള്ള ആകെ വരവ് ₹26,61,382/- ആണ്.

തനത് വരുമാനമായ ടെണ്ടർ ഫീസിനത്തിൽ ലഭ്യമായ തുക നഗരസഭ ഫണ്ടിലേക്ക് അടവാക്കേണ്ട തുക ₹26,61,382/- ട്രാൻസ്ഫർ ചെയ്യാതെ മുനിസിപ്പൽ എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിൽ നാളിതുവരെയും സൂക്ഷിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.48/18.01.2024)ക്ക് മറുപടി ലഭ്യമാക്കിയില്ല. തുക നഗരസഭയുടെ തനത്ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-58 മരാമത്ത് പ്രവൃത്തികളിൽ റോഡ് നിർമ്മാണത്തിന് ഇന്റർലോക്ക് കട്ടവിരിക്കുമ്പോൾ കട്ടയുടെ (Precast Concrete Paver Blocks) ഗുണമേന്മ ഉറപ്പ് വരുത്തേണ്ടതാണ്

ഇടുങ്ങിയതും ഡ്രൈനേജ് സൌകര്യം കുറഞ്ഞതും വെള്ളക്കെട്ട് ഉണ്ടാവാൻ സാധ്യതയുള്ളതുമായ റോഡുകളിൽ പൂർണ്ണമായോ മേൽ പ്രശ്നങ്ങൾ ഉള്ള ഭാഗങ്ങളിലോ ഉചിതമായ ഡിസൈൻ പ്രകാരം മാനദണ്ഡങ്ങൾ പാലിച്ച് ഇന്റർലോക്ക് റോഡുകൾ നിർമ്മിക്കാവുന്നതാണെന്ന് സർക്കുലർ നം. DB3/5251/2013/CE LSGD, Dated.04.07.2022 പറയുന്നുണ്ട്. കൂടാതെ സർക്കുലർ നം.31/2022/Fin, Dated.06.04.2022 പ്രകാരം നിർവഹണ എഞ്ചിനീയർ പൊതുമരാമത്ത് പ്രവൃത്തികളിൽ റോഡ് നിർമ്മാണത്തിന് ഇന്റർലോക്ക് കട്ടവിരിക്കുമ്പോൾ കട്ടയുടെ (Precast Concrete Paver Blocks) ഗുണമേന്മ ഉറപ്പ് വരുത്തണമെന്ന് പറയുന്നുണ്ട്. എന്നാൽ അത്തരം മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ഗുണമേന്മ ടെസ്റ്റ് നടത്തിയതിന്റെ വിവരം ലഭ്യമായില്ല.

2022-23 വർഷം 47 പുതിയ പ്രവൃത്തികൾ നടപ്പിലാക്കിയതിൽ 19 എണ്ണം ഇന്റർലോക്ക് കട്ട വിരിക്കൽ പ്രവൃത്തികളും ഉൾപ്പെടുന്ന പദ്ധതികളാണ്.

ഇന്റർലോക്ക് കട്ടവിരിക്കുമ്പോൾ കട്ടയുടെ (Precast Concrete Paver Blocks) ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി(56/19.01.2024)ക്ക് മറുപടി ലഭ്യമാക്കിയില്ല.
ഭാവിയിൽ ഇന്റർലോക്ക് കട്ടവിരിക്കുമ്പോൾ കട്ടയുടെ (Precast Concrete Paver Blocks) ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-59 മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

2022-23 സാമ്പത്തിക വർഷത്തിൽ അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്റ്റിന്റെ പേര് | New/Spill Over | അടങ്കൽ (₹) | ചെലവ് (₹) | ഫണ്ട് |
|---|---|---|---|---|---|---|
| 1 | 60/23 | ലക്ഷം വീട് കോളനി പൊതു കിണർ | Spill Over | 595960 | 426237 | CFC |
| 2 | 66/23 | ശിവരാമൻ കോളനി മൈക്രോ ലെവൽ കുടിവെള്ള പദ്ധതി | Spill Over | 284472 | 114240 | CFC |
| 3 | 44/23 | അമ്പലപ്പാറ ബൈലയിനുകൾ റീടാറിംഗ് വാർഡ് 21 | Spill Over | 437552 | 357324 | തനത് ഫണ്ട് |
| 4 | 29/23 | മടത്തിപ്പറമ്പ് റോഡ് കാന പുനരുദ്ധാരണം കട്ട വിരി അട്ടിപ്പെറ്റ് നഗർ റീടാറിംഗ് വാർഡ്-33 | Spill Over | 1500000 | 1470538 | തനത് ഫണ്ട് |
| 5 | 51/23 | ശാന്തി നഗർ റോഡിലും കോയിക്കാരംപാടം റോഡും കാന നിർമ്മാണവും കാന മെയിന്റനൻസും- വാർഡ്- 2 | Spill Over | 211339 | 89006 | MG-Road |
| 6 | 198/23 | തൃക്കാക്കര നഗരസഭ വാർഡ് 41 ദേശീയ കവല തോപ്പിൽ ബൈലെയിൻ ഇന്റർ ലോക്ക് ടൈൽ വിരിക്കൽ കാന നിർമ്മാണം | New | 460000 | 300801 | MG-Road |

| | | | | | | |
|---|---|---|---|---|---|---|
| 7 | 124/23 | തൃക്കാക്കര നഗരസഭ വാർഡ് 7 ബൈബിൾ കോളജ് റോഡ് ഉയർത്തി ടൈൽ വിരിക്കൽ | New | 750000 | 631354 | MG-Road |
| | | ആകെ | | | 3389500 | |

മേൽ പറഞ്ഞ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്കായി എൻക്വയറി (34/16.01.2024) മുഖേന ആവശ്യപ്പെട്ടതിൽ ആയത് ഹാജരാക്കിയില്ല. ആകയാൽ ബന്ധപ്പെട്ട രേഖകൾ/ഫയൽ ഹാജരാക്കുന്നതുവരെ ചെലവ് തുക ₹33,89,500 തടസ്സത്തിൽ വെയ്ക്കുന്നു.

**1-60 മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും GSTഉൾപ്പടെയുള്ള കാലിബാരലുകളുടെ തുക കുറവ് ചെയ്തത് GST വകുപ്പിലേക്ക് ഒടുക്കിയിട്ടില്ല**

മരാമത്ത് ബില്ലുകളിൽ കാലി ബാരൽ ഒന്നിന് 238 രൂപയും 18% GST ഉൾപ്പടെ ആകെ 281 രൂപ ഈടാക്കി തുക നഗരസഭ സെക്രട്ടറിക്ക് കൈമാറുന്നുണ്ട്. എന്നാൽ ആയതിലെ GST യായി ഈടാക്കുന്ന തുക GST വകുപ്പിലേക്ക് അടവാക്കിയതായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

2022-23 സാമ്പത്തിക വർഷം താഴെ പറയുന്ന പ്രേജക്ടുകളിലെ അവസാന ബില്ലിൽ നിന്നും ബാരൽ വില ഈടാക്കി നഗരസഭാ തനത് ഫണ്ടിലേക്ക് (Treasury A/C No.799013000001127) കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രവൃത്തിയുടെ പേര് | ഈടാക്കിയ കാലി ബാരലുകളുടെ വില (₹) | GST (₹) | GST ഉൾപ്പടെ ഈടാക്കിയ കാലി ബാരലുകളുടെ വില (₹) |
|---|---|---|---|---|---|
| 1 | 251/23 | തൃക്കാക്കര നഗരസഭ വാർഡ് 43 തുരത്തേപ്പറമ്പ് റോഡ് മെയിന്റനൻസ് | 952 | 172 | 1124 |
| 2 | 133/23 | തൃക്കാക്കര നഗരസഭ വാർഡ് 11 പാലാൽ റോഡ് റീടാറിംഗ് | 6426 | 1158 | 7584 |
| 3 | 28/23 | കൊല്ലംകുടിമുഗൾ പൗരസമിതി ക്രോസ് റോഡ് വാണാചിറ അമലാപുരം റോഡ് മെറ്റലിംഗ് ടാറിംഗ് വാർഡ് 5 | 8092 | 1458 | 9550 |
